# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05 ഏപ്രിൽ–2014 ലക്കം 4**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................ 05
പൊതുതിരഞ്ഞെടുപ്പിനായുള്ള
പ്രത്യേക പ്രാർത്ഥനാദിനം ........................................ 08
സർക്കുലർ ........................................................ 09
ഇൻഡ്യയിലെ സീറോമലബാർ പ്രവാസികൾക്കായി
അപ്പസ്തോലിക് വിസിറ്റർ വിജ്ഞാപനം .................. 13
എപ്പാർക്കി ഓഫ് സെന്റ് തോമസ് ദി അപ്പോസൽ,
മെൽബൺ പ്രഥമ മെത്രാൻ മാർ ബോസ്കോ
പുത്തൂർ വിജ്ഞാപനം ........................................ 16
കുടുംബങ്ങൾക്കുള്ള കത്ത് ................................ 18
ഒരല്പം ലജ്ജ ആരോഗ്യപ്രദം ................................ 20
മേയ്ദിന സന്ദേശം - 2014 ................................ 25
*DECREE* ........................................................ 33
രൂപതാകച്ചേരി വാർത്തകൾ ................................ 34
ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക് ...... 48
വൈദിക സമ്മേളനം റിപ്പോർട്ട് ................................ 49
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................ 51
ലഹരിവിമുക്ത വർഷാചരണം ................................ 52
മതബോധനരംഗം ................................................ 57
ബൈബിൾ അപ്പോസ്റ്റലേറ്റ് ................................ 60
ചെറുപുഷ്പമിഷൻലീഗ് ........................................ 61
കെ.സി.വൈ.എം. ................................................ 68
കുടുംബപ്രേഷിതത്വം ........................................ 76
സീയോൻ വാർത്തകൾ ........................................ 79
ജീസസ് യൂത്ത് ................................................ 81
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 83
സാമൂഹ്യ സേവനരംഗം (WSSS) ............................ 87
കേരള ലേബർ മൂവ്മെന്റ് .................................... 90
*Mary Matha arts & science college* ........................ 91
റേഡിയോ മാറ്റൊലി ............................................ 94
അറിയിപ്പുകൾ .................................................... 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ................................ 96
ബിഷപ്സ് പ്രോഗ്രാം ............................................ 97

# സർക്കുലർ

***Circular Letter No. 05/2014***
***Prot. No. 14747/2014***

യേശുവിൽ പ്രിയ മാതാപിതാക്കന്മാരെ, യുവജനങ്ങളെ,

വിവാഹജീവിതവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ കത്ത് എഴുതുന്നത്.

ഭാഗ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുവജനങ്ങളെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. വിവാഹ ജീവിതത്തിലേയ്ക്കും കുടുംബ ജീവിതത്തിലേയ്ക്കും യാത്ര തുടരാൻ ആണ് യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. സ്നേഹിക്കുവാനും ജീവനെ ശുശ്രൂഷിക്കുവാനുമുള്ള വിളിയുടെ സൗന്ദര്യവും മഹത്വവും കണ്ടെത്താൻ സഭ യുവജനങ്ങളെ സഹായിക്കുന്നു. ഇതുവഴി പ്രതീക്ഷ യുടെ പുതിയ ചക്രവാളങ്ങൾ അവരുടെ മുന്നിൽ അവതരിപ്പിക്കുന്നു (John Paull II, *Familliaris Consortio*. No 1)

എന്നാൽ നമ്മുടെ ഇടവകയിലെ യുവജനങ്ങൾ, പ്രത്യേകിച്ച് 30 വയസിനു മുകളിൽ പ്രായമുള്ള യുവാക്കൾ പലരും വിവാഹം കഴിക്കാൻ സാധിക്കാതെ നിൽക്കുന്നു എന്നത് സങ്കടകരമായ ഒരു കാര്യമാണ്. ഇപ്രകാരം വിവാഹം നടക്കാത്ത യുവജനങ്ങളുടെ കാര്യത്തിലുള്ള സഭയുടെ താല്പര്യവും ശ്രദ്ധയും വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ പ്രത്യേക സാഹചര്യത്തിൽ യുവജനങ്ങളെ സഹായിക്കാനുള്ള സഭയുടെ അജപാലനപരമായ ഇടപെടൽ ഒരു അടിയന്തിര ആവശ്യ മാണെന്ന് നമ്മൾ മനസിലാക്കണം. (John Paul II, *Familliaris Consortio.* No. 66)

വിവാഹം എന്ന ജീവിതാന്തസിലേക്ക് യുവജനങ്ങൾക്ക് പ്രവേ ശിക്കാൻ കഴിയാതെ വരുമ്പോൾ, സഭയുടെ ദൗത്യത്തിന്റെയും ശുശ്രൂ ഷയുടെയും 'മാർഗ്ഗം' ആയ മനുഷ്യനും (John Paul II, *Letter to Families* No. 1) മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാനമായ കുടുംബവും സമുദായവും സഭയും അന്യം നിന്നുപോകും എന്ന സത്യം നമ്മെ

കണ്ണു തുറപ്പിക്കുന്നതായിരിക്കണം. ഈ പ്രത്യേക സാഹചര്യത്തിൽ മാതാപിതാക്കന്മാരും യുവജനങ്ങളും സമുദായ സ്നേഹികളും ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കാൻ മുന്നോട്ട് വരണം.

സാധിക്കുമെങ്കിൽ ആൺകുട്ടികളെ 25 വയസിനുള്ളിലും പെൺകുട്ടികളെ 23 വയസിനുള്ളിലും വിവാഹത്തിന് പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും. "പണമില്ല", "മക്കളുടെ പഠനം കഴിയട്ടെ" "ജോലി ലഭിച്ച് ഒന്ന് സെറ്റിൽ ആകട്ടെ" തുടങ്ങിയ ചിന്താഗതികൾ വിവാഹം താമസിപ്പിക്കാനും ഒരുപക്ഷേ വിവാഹം നടക്കാതിരിക്കാനും കാരണമായിത്തീരുന്നു.

ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലെ മികവും ഉന്നതമായ ജോലിയും ആൺകുട്ടികൾക്ക് യോജിച്ച ആലോചനകൾ നടക്കാതിരിക്കാനുള്ള മറ്റൊരു കാരണമാണ്. പഠനത്തിനും ജോലിക്കുമായി സ്വദേശം വിട്ട് കേരളത്തിനകത്തോ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ വിദേശത്തോ പോകുന്നവർ പിന്നീട് സ്വദേശത്തേക്ക് തിരിച്ചു വരാനുള്ള താല്പര്യക്കുറവും, ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കുന്ന കാര്യങ്ങളിലെ കാതലായ മാറ്റം, ഉദാ. പണം, ജോലി, വിദേശവാസം, പഠനമികവ് എന്നിവയും പലരുടെയും വിവാഹം നടക്കാത്തതിന്റെ കാരണങ്ങളാണ്. വിവാഹത്തിലൂടെ പരസ്പരം ആത്മാർപ്പണം നടത്തുകയും പരസ്പരം സ്വീകരിക്കുകയും ചെയ്യുന്നതുവഴി തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്നും ജീവിതം ഞാനാഗ്രഹിക്കുന്നതുപോലെ ആഘോഷിക്കാൻ സാധിക്കുകയില്ല എന്നീ തെറ്റായ ചിന്തകളും വിവാഹം നേരത്തെ നടക്കുന്നതിന് തടസ്സമായി മാറുന്നു.

വിവാഹം താമസിച്ച് നടത്താൻ തീരുമാനിച്ചാൽ പലപ്പോഴും അങ്ങനെ ഉള്ളവരുടെ വിവാഹം നടക്കാൻ ബുദ്ധിമുട്ടായിരിക്കും. വളരെ വൈകി വിവാഹ ജീവിതത്തിൽ ഏർപ്പെടുന്നവരിൽ പലർക്കും മക്കളുണ്ടാകുന്നുമില്ല. മാത്രവുമല്ല അവരുടെ കുടുംബജീവിതത്തിൽ പലതരത്തിലുള്ള മാനസിക പ്രശ്നങ്ങൾ ഉടലെടുക്കാനുള്ള സാധ്യതയും കൂടുതലാണ്.

"നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല വിലയ്ക്കു വാങ്ങപ്പെട്ടവരാണ്" (1 കൊറി. 6:19–20) എന്ന വി. പൗലോസ് ശ്ലീഹായുടെ വചനം യുവജനങ്ങളെ ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ മാത്രം സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് കുടുംബം എന്ന ദൈവീക സംവിധാനത്തെ രൂപപ്പെടുത്തരുത്. ദൈവഹിതത്തിനനുസരിച്ച് നേരത്തെ വിവാഹം കഴിക്കുകയും അതുവഴി ആരോഗ്യവും ബുദ്ധിയും ഉള്ള കുഞ്ഞുങ്ങളെ ദൈവത്തിനും


നിങ്ങൾക്കും സഭയ്ക്കും നൽകാൻ കഴിയും. അങ്ങനെ നമ്മുടെ കുടുംബവും സഭയും ദൈവാനുഗ്രഹത്താൽ നിറയട്ടെ.

ജീവിത പങ്കാളിയെ കണ്ടെത്താൻ ആധുനിക ലോകം കണ്ടെത്തിയിരിക്കുന്ന മാർഗ്ഗമാണ് വെബ്സൈറ്റുകൾ. നമ്മുടെ രൂപതയും അത്തരമൊന്ന് ആരംഭിച്ചിട്ടുണ്ട്. www.godblessmatrimony.org എന്നാണ് നമ്മുടെ വെബ്സൈറ്റിന്റെ വിലാസം. സ്വന്തമായി ഇന്റർനെറ്റ് സൗകര്യവും ക്രെഡിറ്റ് കാർഡും ഉള്ളവർക്ക് സ്വയം ഈ സൈറ്റിൽ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അവ ഇല്ലാത്തവർക്ക് പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന രൂപതാ കുടുംബ പ്രേഷിതത്വത്തിന്റെ ഓഫീസിൽ അതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയവുമായി ബന്ധപ്പെടുത്തിയാണ് ഇത് സംവിധാനം ചെയ്തിരിക്കുന്നത്. താല്പര്യമുള്ള എല്ലാവരും ഈ സൗകര്യം പ്രയോജനപ്പെടുത്തണം.

അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന എല്ലാ യുവജനങ്ങളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 19 ന് ദുഃഖശനിയാഴ്ച വിളിച്ചുചേർത്തിരിക്കുന്നു. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ സഹായിക്കുന്നതിനും പരസ്പരം പരിചയപ്പെടാനും ഈ അവസരം യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്താം.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 മാർച്ച് 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഏപ്രിൽ മാസം 6–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## Kerala Catholic Bishop's Council (KCBC)

### വിഷയം: ഏപ്രിൽ 6, പൊതുതിരഞ്ഞെടുപ്പിനായുള്ള പ്രത്യേക പ്രാർത്ഥനാദിനം

കർത്താവിൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ മാതൃഭൂമിയായ ഭാരതം പാർലിമെന്റിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ പടിവാതുക്കലെത്തിയിരിക്കുകയാണല്ലോ. അടുത്ത അഞ്ചു വർഷത്തേക്ക് നമ്മുടെ രാജ്യത്തിന്റെ ഭാഗധേയം നയിക്കാനുള്ള നേതാക്കളെ ജനാധിപത്യസമ്പ്രദായമനുസരിച്ചു തിരഞ്ഞെടുക്കുന്ന പ്രക്രിയ ലോകത്തിലെ ഏറ്റവും വലിയ വോട്ടെടുപ്പവകാശവിനിയോഗമായി കണക്കാക്കപ്പെടുന്നു. സി.ബി.സി.ഐ. യുടെ പ്രസിഡന്റായിരുന്ന കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ് 2014 ഫെബ്രുവരിയിലെ അജപാലന ലേഖനത്തിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധക്ഷണിക്കാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കു പുറമേ 2014 ഏപ്രിൽ 6-ാം തീയതി (ഞായർ) തീവ്രമായ പ്രാർത്ഥനയുടെ ദിവസമായി ആചരിക്കണമെന്നു നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുതിരഞ്ഞെടുപ്പ് സമാധാനപൂർവ്വം നടക്കാനും ഏറ്റവും നല്ല വ്യക്തികളെ തിരഞ്ഞെടുക്കാൻ ഭാരതീയ പൗരന്മാർക്ക് ദൈവസഹായം ലഭിക്കാനും വേണ്ടി പ്രാർത്ഥിക്കണം. പൊതുജീവിതത്തിൽ ധാർമ്മികമൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും വേണ്ടി നിലകൊള്ളുന്നവരും മഹത്തായ നമ്മുടെ രാഷ്ട്രത്തിന്റെ ജനാധിപത്യപരവും മതനിരപേക്ഷപരവുമായ സ്വഭാവം ഉയർത്തിപ്പിടിക്കുന്നവരും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സമാധാനവും അഭിവൃദ്ധിയും ഉറപ്പാക്കാൻ വേണ്ടി നിസ്വാർത്ഥമായി അധ്വാനിക്കുന്നവരുമായ വ്യക്തികൾ തിരഞ്ഞെടുക്കപ്പെടാൻ വേണ്ടി പ്രാർത്ഥിക്കണം.

2014 ഏപ്രിൽ 6-ാം തീയതി വിശുദ്ധ കുർബാനയിലും സാധ്യമായ മറ്റു സകല സന്ദർഭങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ ഉൾപ്പെടുത്തണം. ഇടവകപള്ളികളിലും ദിവ്യബലി അർപ്പിക്കുന്ന മറ്റു പള്ളികളിലും സന്യസ്ത ദേവാലയങ്ങളിലും ഒരു മണിക്കൂർ ആരാധന നടത്തണം. അങ്ങനെ മുൻ സൂചിപ്പിച്ച നിയോഗങ്ങൾക്കായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ കഴിയട്ടെ. സർവ്വശക്തനായ ദൈവം നമ്മുടെ തീവ്രമായ പ്രാർത്ഥനകൾ ശ്രവിക്കുമെന്നും നമ്മുടെ രാഷ്ട്രത്തെ ശരിയായ പാതയിലൂടെ നയിക്കാൻ തക്ക നേതാക്കളെ തിരഞ്ഞെടുക്കാൻ എല്ലാവരുടെയും ഹൃദയങ്ങളെ പ്രചോദിപ്പിക്കുകയും മനസ്സുകളെ പ്രകാശിപ്പിക്കുകയും ചെയ്യുമെന്നും നമുക്കു വിശ്വസിക്കാം. നമ്മുടെ പ്രിയപ്പെട്ട ഭാരതത്തെ ദൈവം അനുഗ്രഹിക്കട്ടെ.

ആശംസകളോടെ, കർത്താവിൽ സ്നേഹപൂർവ്വം,

**+കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്, പ്രസിഡന്റ് സി.ബി.സി.ഐ.

# 2014 – ലെ പൊതു തിരഞ്ഞെടുപ്പിനൊരുക്കമായി
# കേരള കത്തോലിക്കാ മെത്രാൻ സമിതി
# (കെസിബിസി) പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീ സഹോദരന്മാരേ,

1. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതം ഒരിക്കൽ കൂടി പൊതുതിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പ് വരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും നന്മയും പാർലിമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിന്റെ പരമാധികാരവും ജനാധിപത്യവും ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും ആത്മീയതയിൽ അടിയുറച്ച സംസ്കാരവും സംരക്ഷിക്കാൻ കെൽപുള്ള ശക്തമായ ഭരണമാണ് കേന്ദ്രത്തിൽ വേണ്ടത്. ഇതിനെല്ലാം ആധാരമായ ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന പൂർണ ബോധ്യത്തോടു കൂടി തിരഞ്ഞെടുപ്പിന് നാം തയ്യാറാകണം.

2. ഭാരത കത്തോലിക്കാമെത്രാൻസമിതി തങ്ങളുടെ അജപാലനലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന കാര്യം ഞങ്ങളും വ്യക്തമാക്കുന്നു. വോട്ടവകാശം വിവേകത്തോടും ശ്രദ്ധയോടും കൂടി വിനിയോഗിക്കാൻ ഓരോ പൗരനോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണത്. വോട്ടു ചെയ്യുക എന്നത് പൗരത്വപരമായ ദൗത്യമാണ്. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഓരോ പൗരനും ഉറപ്പുവരുത്തണം. വോട്ടവകാശം പാഴാക്കാതെ അതീവശ്രദ്ധയോടെ വിനിയോഗിക്കണം. വോട്ടു ചെയ്യുന്നതുവഴി രാഷ്ട്രനിർമ്മിതിയിലുള്ള നമ്മുടെ പങ്കാളിത്തമാണ് നാം പ്രഖ്യാപിക്കുന്നത്. ജനങ്ങളുടെ ഈ കടമയെ

ക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു.

3. ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊത്ത് രാഷ്ട്ര ഗതിയെ നയിക്കാനും മാർഗഭ്രംശമുണ്ടായാൽ അതിനെ തിരുത്താനുമുള്ള ശക്തി ജനങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ശക്തവും ശ്രേഷ്ഠവും സമ്പന്നവും നീതിനിഷ്ഠവുമാക്കാൻ ആവശ്യമായ കരുത്തും അർപ്പണബോധവും സ്വഭാവ വൈശിഷ്ട്യവുമുള്ള സ്ഥാനാർത്ഥികളെ നാം തിരഞ്ഞെടുക്കണം. തീവ്രവാദം, ഭീകരപ്രവർത്തനങ്ങൾ, വർഗീയത തുടങ്ങിയവയെ ഫലപ്രദമായി നേരിടാനും ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കാനും മതേതര മൂല്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും നീതി ഉറപ്പാക്കാനും രാജ്യത്തെ സമഗ്രപുരോഗതിയിലേക്ക് നയിക്കാനും കഴിവുള്ള പാർട്ടികളെയും വ്യക്തികളെയും വിജയിപ്പിക്കണം. അഴിമതിയുടെ കറപുരളാത്തവരും മാനുഷിക-ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരും ആയിരിക്കണം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരവാദവും അക്രമരാഷ്ട്രീയവും മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കുന്നവരാകരുത് അവർ; ദേശീയ താത്പര്യങ്ങളും ജനങ്ങളുടെ ക്ഷേമവും അവഗണിച്ച് വ്യക്തിതാത്പര്യങ്ങൾക്കും പാർട്ടിതാത്പര്യങ്ങൾക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്നവരുമായിരിക്കരുത്. എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർ കടപ്പെട്ടിരിക്കുന്നു. നാം ജാഗ്രത പുലർത്തിയാലേ ഇത് സാധിക്കൂ. നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിനു കൊടുക്കേണ്ട വലിയ വില.

4. എല്ലാ മതങ്ങളെയും തുല്യമായി കാണുകയും ഭാഷ, മതന്യൂന പക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും മതേതരത്വം സംരക്ഷിക്കുകയും ചെയ്യുന്നവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക, പാർശ്വവത്കരിക്കപ്പെട്ടവർ, ദരിദ്രർ, സ്ത്രീകൾ മുതലായവരുടെ ക്ഷേമം ഉറപ്പുവരുത്തുക, ദളിത് ക്രൈസ്തവർക്ക് അതേ സാമൂഹിക വ്യവസ്ഥിതിയിൽ പെട്ടവർക്കൊപ്പം തുല്യ സംവരണം ഏർപ്പെടുത്തുക, ദുർബല വിഭാഗത്തിൽപ്പെടുന്ന എല്ലാ ജനങ്ങളെയും മുഖ്യധാരയിൽ എത്തിക്കുവാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളിൽ താത്പര്യമുള്ളവരായിരിക്കണം നമ്മുടെ ജനപ്രതിനിധികൾ. ഭാരതീയസംസ്കാരം ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക, മാനുഷികമൂല്യങ്ങൾക്കു ക്ഷയം സംഭവിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈശ്വരവിശ്വാസം, സത്യം, നീതി, സാഹോദര്യം, സമഭാവന,

സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരുമായിരിക്കണം നമ്മുടെ ഭരണകർത്താക്കൾ. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ജീവന്റെയും ഭദ്രതയും മൂല്യങ്ങളും സംരക്ഷിക്കുന്നതോടൊപ്പം ഗർഭഛിദ്രം, ദയാവധം തുടങ്ങിയ തിന്മകളെ ചെറുക്കുന്നവരുമായിരിക്കണം അവർ.

5. കേരളത്തിലെ തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ നമുക്ക് സാധിക്കണം. പരിസ്ഥിതിസംരക്ഷണം ജീവിതത്തിന്റെ ഭാഗമായി കണ്ടു പ്രവർത്തിക്കുന്നവരാണ് കത്തോലിക്കാവിശ്വാസികൾ. എന്നാൽ മനുഷ്യരെ അവഗണിച്ച് ഭൂമിയെയും സസ്യജന്തുജീവജാലങ്ങളെയും സംരക്ഷിക്കാൻ പരിശ്രമിക്കുന്ന സമീപനങ്ങൾ തിരുത്താൻ കൂടി നമുക്ക് സാധിക്കണം. കടലോരത്തും മലയോരത്തും ജീവിക്കുന്ന ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അടിയന്തര വിഷയമായി നാം പരിഗണിക്കണം.

6.ഭാരതത്തിലെ കത്തോലിക്കാമെത്രാൻ സമിതി നിർദ്ദേശിക്കുന്നതുപോലെ, ജനങ്ങളുടെ ഉത്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാർ പൊതുതിരഞ്ഞെടുപ്പിലൂടെ പാർലിമെന്റിൽ എത്തുമെന്ന് ഞങ്ങൾ ഹൃദയപൂർവം പ്രത്യാശിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ താഴെ കാണുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്: (1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുകയും മതാന്തരസംവാദത്തിന്റെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്തുകയും ചെയ്യുന്നവർ. (2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് യത്നിക്കുകയും ചെയ്യുന്നവർ. (3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും ദളിത് ക്രിസ്ത്യാനികൾക്ക് ഇതര ദളിതർക്കൊപ്പമുള്ള അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ. (4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്ന ഒരു സാമ്പത്തിക സംവിധാനത്തിനുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും അവരെ രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവർ. (5) കേരളത്തിന്റെ

തീരദേശങ്ങളിൽ ഭീതിയോടും ആശങ്കയോടും ജീവിക്കുന്ന ജനങ്ങളുടെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ, പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കുന്ന വ്യക്തികൾ. (6) പശ്ചിമ ഘട്ടത്തിൽ ആശങ്കയോടെ ജീവിക്കുന്ന സാധാരണക്കാരായ കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വ്യക്തികൾ. (7) കേരള ത്തിൽ വ്യാപകമാകുന്ന മദ്യപാനശീലം, മയക്കുമരുന്നിന്റെ ഉപയോഗം, സ്ത്രീകളോടും കുട്ടികളോടുമുള്ള വർധിച്ച അക്രമങ്ങൾ, വർധിച്ചുവരുന്ന ഭ്രൂണഹത്യകൾ, വർഗീയത എന്നിവയ്ക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികൾ.

7. പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരി ച്ചറിഞ്ഞ് അതിനുവേണ്ടി പ്രവർത്തിക്കുന്ന നല്ലൊരു ഗവൺമെന്റ് ഉണ്ടാകാൻ നമ്മൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ 10:10). മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടി നിലകൊള്ളുന്നവരാകണം ഭരണ കർത്താക്കൾ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യ യ്ക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നമ്മെ നയിക്കാനും സംരക്ഷിക്കാനും കന്യകമാതാവായ മറിയത്തോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## ഇൻഡ്യയിലെ സീറോമലബാർ പ്രവാസികൾക്കായി
## അപ്പസ്തോലിക് വിസിറ്റർ വിജ്ഞാപനം

Prot. No. 441/2014

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
**ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയിൽ 40 ലക്ഷത്തിലേറെ വിശ്വാസികളുണ്ട്. ഇതിൽ 7 ലക്ഷത്തോളംപേർ സഭയുടെ 31 രൂപതകൾക്ക് പുറത്ത് പ്രവാസികളായി കഴിയുന്നവരാണ്. ഇൻഡ്യയിൽ തന്നെ പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോമലബാർ കത്തോലിക്കരുണ്ട്. ഏറ്റവും കൂടുതലുള്ളത് ബാംഗ്ളൂർ, ചെന്നൈ, ലക്നൗ, ഗ്വാളിയർ, സൂറത്ത്, അഹമ്മദാബാദ്, ഗാന്ധിനഗർ, ഗോവ, സിൽവാസ, ദമൻ, നാഗ്പ്പൂർ, ഔറംഗബാദ്, സേലം എന്നിവിടങ്ങളിലാണ്.

പ്രവാസികളുടെ അജപാലനം ശരിയായി നിർവ്വഹിക്കുന്നതിന് സാർവ്വത്രിക സഭ ശ്രദ്ധാലുവാണ്. ഓരോ വ്യക്തിസഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടാനുള്ള ഏർപ്പാടുകളും സഭ ചെയ്യുന്നുണ്ട്. അപ്രകാരം സീറോമലബാർ സഭയിൽ നിന്നും പ്രവാസികളായി കഴിയുന്ന ഇൻഡ്യയിലെ വിശ്വാസി സമൂഹങ്ങൾക്ക് അജപാലന നേതൃത്വം കൊടുക്കുവാൻ 2014 ജനുവരി 11 -ാം തീയതി പരിശുദ്ധപിതാവ് ഫ്രാൻസിസ്

പാപ്പ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനെ നിയമിക്കുകയുണ്ടായി. സീറോമലബാർ പ്രവാസികൾ ഇപ്പോൾ അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ ലത്തീൻ സഭയിലെ പിതാക്കന്മാരുടെ അജപാലനാധികാരത്തിൻ കീഴിലാണ്. അപ്പസ്തോലിക് വിസിറ്ററുടെ നിയമനത്തിനു ശേഷവും അതതു ലത്തീൻ മെത്രാൻമാർക്കായിരിക്കും പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെമേലുള്ള അജപാലനാധികാരം. എന്നാൽ അപ്പസ്തോലിക് വിസിറ്ററായ മാർ റാഫേൽ തട്ടിൽ പിതാവിന് ലത്തീൻ പിതാക്കന്മാരുടെ സമ്മതത്തോടെ പ്രവാസികളായ സീറോമലബാർ വിശ്വാസികൾക്ക് ആവശ്യമായ മെത്രാനടുത്ത ശുശ്രൂഷകൾ ചെയ്യാവുന്നതാണ്. അപ്രകാരമുള്ള അജപാലന ശുശ്രൂഷകൾക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും അപ്പസ്തോലിക് വിസിറ്റർ പിതാവിന് പ്രവാസികളായ എല്ലാ സീറോമലബാർ കത്തോലിക്കരും നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ പ്രവാസി സമൂഹങ്ങളിലെല്ലാം ലത്തീൻ സഭയിലെ പിതാക്കന്മാരോടും നമ്മുടെ മെത്രാൻ സിനഡിനോടും ആവശ്യകമായ അവസരങ്ങളിൽ പരിശുദ്ധ സിംഹാസനത്തോടും ആലോചിച്ച് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അപ്പസ്തോലിക് വിസിറ്റർ പിതാവ് പരിശ്രമിക്കുന്നതാണ്. പ്രവാസി സമൂഹങ്ങളിലെ സീറോമലബാർ കുർബാനകളിൽ അഭിവന്ദ്യ പിതാവിന്റെ പേര് പറഞ്ഞ് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു. പിതാവിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കുവാൻ സഭാമക്കളേവരും തയ്യാറാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

സീറോമലബാർ സഭയിലെ പ്രവാസികളുടെ കാര്യങ്ങൾക്ക് ഇതുവരെയും മാർഗ്ഗദർശനങ്ങൾ നൽകുകയും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നേതൃത്വം നല്കുകയും ചെയ്തിരുന്നത് സഭാസിനഡിന്റെ സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമായുള്ള കമ്മീഷനായിരുന്നു. പ്രസ്തുത കമ്മീഷന്റെ ഇൻഡ്യയിലെ പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവർത്തനം ഇനി അപ്പസ്തോലിക് വിസിറ്ററുടെ ചുമതലയിലായിരിക്കും. ഇൻഡ്യക്ക് പുറത്തുള്ള സീറോമലബാർ പ്രവാസികൾക്കുവേണ്ടി ഈ കമ്മീഷൻ തുടർന്നും പ്രവർത്തിക്കുന്നതാണ്. ഇൻഡ്യയിലെ പ്രവാസികൾക്ക് വേണ്ടി ഈ കമ്മീഷൻ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും അതുവഴിയുണ്ടായ എല്ലാ വിജയങ്ങൾക്കും നന്ദി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ പുതിയ മേലദ്ധ്യക്ഷ ശുശ്രൂഷയെ നമുക്കു കർത്താവിന്റെ കൃപയ്ക്ക് സമർപ്പിക്കാം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയും വ്യക്തിത്വഗുണങ്ങളും കൈമുതലാക്കിക്കൊണ്ട് തന്റെ ശുശ്രൂഷ വിജയകരമായി നടത്തുന്നതിന് അദ്ദേഹത്തിന് സാധിക്കുമെന്നാണ് ഏവരുടെയും പ്രതീക്ഷ. ദൈവജനം മുഴുവൻ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## എപ്പാർക്കി ഓഫ് സെന്റ് തോമസ് ദി അപ്പോസൽ, മെൽബൺ
## പ്രഥമ മെത്രാൻ മാർ ബോസ്കോ പുത്തൂർ വിജ്ഞാപനം

Prot.No. 442/2014

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
**ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ആസ്ത്രേലിയായിലെ സീറോമലബാർ വിശ്വാസികൾക്കായി പരിശുദ്ധ സിംഹാസനം 2014 ജനുവരി 11 –ാം തീയതി ഒരു രൂപത സ്ഥാപിച്ചതായി അറിഞ്ഞിരിക്കുമല്ലോ. മെൽബൺ നഗരത്തിലാണ് പുതിയ രൂപതയുടെ ആസ്ഥാനം. നമ്മുടെ സഭയുടെ കൂരിയ മെത്രാനായിരുന്ന ബോസ്കോ പുത്തൂർ പിതാവിനെയാണ് പുതിയ രൂപതയുടെ മെത്രാനായി നിയമിച്ചിരിക്കുന്നത്. മാർച്ച് 25ന് അഭിവന്ദ്യ പിതാവ് പുതിയ ശുശ്രൂഷ ഏറ്റെടുക്കുകയാണ്.

45000 – ത്തോളം സീറോമലബാർ വിശ്വാസികളാണ് ആസ്ത്രേലിയായിലുള്ളത്. സിഡ്നി, മെൽബൺ, കാൻബറ, പെർത്ത്, അഡ്ലെയ്ഡ്, ബ്രിസ്ബെയ്ൻ, ഡാർവിൻ, പറമട്ട, വോളോംഗോങ്ങ്, എന്നിനഗരങ്ങളിലാണ് സീറോമലബാർ വിശ്വാസികൾ കൂടുതലായുള്ളത്. അവർ ഓരോ സ്ഥലത്തും കൂട്ടായ്മകളായി രൂപപ്പെട്ടിട്ടുണ്ട്. അവരുടെ ഇടയിൽ അഭിപ്രായ ഭിന്നതകൾ അധികമില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആസ്ത്രേലിയൻ ബിഷപ്പ് കോൺഫ്രൻസ്

പൗരസ്ത്യ സഭകൾക്ക് സാർവ്വത്രിക സഭയിലുള്ള സ്ഥാനം നന്നായി മനസ്സിലാക്കുന്നുണ്ട്. അതിനാൽ സീറോമലബാർ സഭയുടെ മെൽബൺ രൂപത സ്ഥാപിക്കാൻ എല്ലാവിധ ഒത്താശകളും ബിഷപ്പ് കോൺഫ്രൻസ് ചെയ്ത് തന്നിരുന്നു. ഉക്രേനിയൻ, കാൽഡിയൻ, മാരണേറ്റ്, മെല്ക്കൈറ്റ്, എന്നീ പൗരസ്ത്യ സഭകൾക്കും ആസ്ത്രേലിയായിൽ രൂപതകളുണ്ട്.

ആസ്ത്രേലിയായിലെ സീറോമലബാർ രൂപതയുടെ മെത്രാൻ എന്ന നിയമനത്തോടൊപ്പം ന്യൂസിലന്റിലെ സീറോമലബാർ വിശ്വാസികൾക്കായുള്ള അപ്പസ്തോലിക് വിസിറ്ററായുള്ള ഉത്തരവാദിത്വവും ബോസ്കോ പിതാവിന് ലഭിച്ചിട്ടുണ്ട്.

നാലുവർഷം സഭാകാര്യാലയത്തിൽ കൂരിയ മെത്രാനായും സിനഡ് സെക്രട്ടറിയായും സേവനം ചെയ്ത ശേഷമാണ് ബോസ്കോ പിതാവ് ആസ്ത്രേലിയായിലേയ്ക്ക് പോകുന്നത്. ഈ നിലകളിൽ സേവനം ചെയ്ത് നേടിയ പ്രാഗല്ഭ്യവും സൗഹൃദബന്ധങ്ങളും തനിക്ക് സ്വന്തമായ ആദ്ധ്യാത്മികതയും പുതിയ ശുശ്രൂഷയിൽ പിതാവിന് കൈമുതലായിരിക്കുമെന്നതിൽ സംശയമില്ല. പിതാവിന്റെ ശുശ്രൂഷയ്ക്കും മെൽബൺ രൂപതയ്ക്കും സഭാമക്കൾ സർവ്വവിധ പിന്തുണയും പ്രാർത്ഥനാസഹായവും നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പുതിയ രൂപതയ്ക്കും രൂപതാധ്യക്ഷനും എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
മേജർ ആർച്ച് ബിഷപ്പ്, സീറോ മലബാർ സഭ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

മെത്രാന്മാരുടെ സിനഡിന്റെ അടുത്തുവരുന്ന സമ്മേളനങ്ങൾക്കായി ഫ്രാൻസീസ് മാർപാപ്പ കുടുംബങ്ങളുടെ പ്രാർത്ഥനാസഹായം ചോദിക്കുന്നു.

# കുടുംബങ്ങൾക്കുള്ള കത്ത്

സമകാലീന വെല്ലുവിളികളെ അവർ സുവിശേഷത്തിന്റെ വെളിച്ചത്തോടും ശക്തിയോടുംകൂടി അഭിമുഖീകരിക്കുമ്പോൾ

*കുടുംബങ്ങളുടെ അജപാലനത്തെക്കുറിച്ച് ചർച്ചകളുടെയും വിചിന്തനത്തിന്റെയും ഒരു കാലഘട്ടം സഭ ആരംഭിക്കുമ്പോൾ അവരുടെ പ്രാർത്ഥനാസഹായം ചോദിച്ചുകൊണ്ട് പരിശുദ്ധപിതാവ് കുടുംബങ്ങൾക്കെഴുതിയ കത്തിന്റെ പരിഭാഷ ചുവടെ.*

പ്രിയ കുടുംബങ്ങളേ,

വരുന്ന ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ഒരു സമ്മേളനത്തെക്കുറിച്ചു സംസാരിക്കാൻ ഈ കത്തുവഴി നിങ്ങളുടെ ഭവനങ്ങളിലേക്കു വരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മെത്രാന്മാരുടെ സിനഡിന്റെ അസാധാരണ ജനറൽ അസംബ്ലി ആണത്. "സുവിശേഷവത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബത്തിനു മുന്നിലുള്ള അജപാലന വെല്ലുവിളികൾ" എന്ന പ്രമേയം ചർച്ചചെയ്യാൻ വിളിച്ചുകൂട്ടപ്പെടുന്നതാണത്. യഥാർത്ഥത്തിൽ, കുടുംബം അഭിമുഖീകരിക്കുന്ന പുതിയതും അടിയന്തിരവുമായ അജപാലനാവശ്യങ്ങൾ നേരിട്ടുകൊണ്ട് സുവിശേഷം പ്രഘോഷിക്കുവാൻ നമ്മുടെ കാലത്ത് സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ സുപ്രധാന സമ്മേളനത്തിൽ ദൈവജനമാകെയും - മെത്രാന്മാരും വൈദികരും സന്യാസിനീ സന്യാസിമാരും ലോകമെമ്പാടുമുള്ള പ്രാദേശികസഭകളിലെ അല്മായവിശ്വാസികളും - പങ്കുചേരും. ഇവരെല്ലാം പ്രായോഗിക നിർദ്ദേശങ്ങളിലൂടെയും നിർണായകമായ പ്രാർത്ഥനാ സഹായത്തോടെയും സമ്മേളനത്തിനുള്ള ഒരുക്കങ്ങളിൽ പങ്കെടുക്കുകയാണ്. പ്രിയ കുടുംബങ്ങളേ, ഈവിധമുള്ള നിങ്ങളുടെ പിൻതുണ പ്രത്യേകം ശ്രദ്ധേയവും എന്നത്തെക്കാളും ആവശ്യവുമാണ്. ഈ സിനഡ് സമ്മേളനം സവിശേഷമായി നിങ്ങൾക്കും അതുപോലെ സഭയിലും സമൂഹത്തിലും നിങ്ങൾക്കുള്ള വിളിക്കും ദൗത്യത്തിനും സമർപ്പിക്കപ്പെട്ടിരിക്കുന്നു; വിവാഹത്തിന്റെയും ദാമ്പത്യത്തിന്റെയും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെയും നേർക്കുള്ള വെല്ലുവിളികൾക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു; സഭയുടെ ജീവിതത്തിൽ കുടുംബത്തിനുള്ള

പങ്കിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, പരിശുദ്ധാത്മാവ് സിനഡ് പിതാക്കന്മാരെ പ്രകാശിപ്പിക്കുന്നതിനും തങ്ങളുടെ സുപ്രധാനജോലിയിൽ അവരെ നയിക്കുന്നതിനും അവിടുത്തോട് തീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ, ഈ അസാധാരണ സിനഡ് സമ്മേളനത്തിനു പിന്നാലെ ഒരുവർഷം കഴിഞ്ഞ് സാധാരണ സമ്മേളനവും ചേരും. കുടുംബമാണ് അതിന്റെയും പ്രമേയം. അതിന്റെ പശ്ചാത്തലത്തിൽ 2015 സെപ്റ്റംബറിൽ ഫിലാഡെൽഫിയയിൽ ലോകകുടുംബസമ്മേളനം നടക്കുന്നുണ്ട്. അതിനാൽ, ഈ പരിപാടികളിലൂടെ സഭ വിവേചനത്തിന്റെ ശരിയായ ഒരു യാത്ര നടത്താനും തങ്ങൾ ഇന്നു നേരിടുന്ന വെല്ലുവിളികളെ സുവിശേഷത്തിൽനിന്നു വരുന്ന പ്രകാശത്തോടും ശക്തിയോടുംകൂടി നേരിടാൻ കുടുംബങ്ങളെ സഹായിക്കുന്നതിന് ആവശ്യമായ അജപാലനമാർഗ്ഗങ്ങൾ കൈക്കൊള്ളാനും തക്കവിധം നമുക്കെല്ലാവർക്കും ഒന്നു ചേർന്നു പ്രാർത്ഥിക്കാം.

കർത്താവിനെ ദൈവാലയത്തിൽ കാഴ്ചവച്ചതിന്റെ തിരുനാളിലാണ് ഞാൻ നിങ്ങൾക്ക് ഈ കത്ത് എഴുതുന്നത്. മോശയുടെ നിയമമനുസരിച്ച് ഉണ്ണിയേശുവിനെ കർത്താവിന് സമർപ്പിക്കാൻ പരിശുദ്ധ മാതാവും വിശുദ്ധ യൗസേപ്പും അവിടുത്തെയുംകൊണ്ട് ദൈവാലയത്തിലെത്തിയെന്നും പ്രായംചെന്ന ഒരു പുരുഷനും സ്ത്രീയും - ശിമയോനും അന്നയും– പരിശുദ്ധാത്മാവിനാൽ പ്രേരിതരായി അവരെ കാണാൻ ചെല്ലുകയും യേശുവിനെ മിശിഹായായി അംഗീകരിക്കുകയും ചെയ്തതായി ലൂക്കാ സുവിശേഷകൻ നമ്മോടു പറയുന്നു (cf. ലൂക്കാ 2:22–38). ശിമയോൻ ഉണ്ണിയെ കൈകളിലെടുക്കുകയും ഒടുവിൽ താൻ രക്ഷ "കണ്ടു" എന്നു പറഞ്ഞ് ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. പ്രായാധിക്യമുണ്ടായിരുന്നിട്ടും അന്ന നവോന്മേഷത്തോടെ എല്ലാവരോടും ശിശുവിനെക്കുറിച്ചു പറഞ്ഞുതുടങ്ങി. മനോഹരമായ ഒരു ദൃശ്യമാണത്: യേശുവിനാൽ കൂട്ടിയോജിപ്പിക്കപ്പെട്ട രണ്ടു യുവ മാതാപിതാക്കളും പ്രായമേറിയ രണ്ടുപേരും. തലമുറകളെ ഒന്നിച്ചുകൂട്ടുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നവനാണ് അവിടുന്ന്! ആത്മരതിയുടെയും ഏകാന്തതയുടെയും വിഷാദത്തിന്റെയും ഏത് അവസരത്തെയും അതിജീവിക്കുന്ന സ്നേഹത്തിന്റെ നിലയ്ക്കാത്ത ഉറവയാണ് അവിടുന്ന്. കുടുംബമെന്ന നിലയ്ക്കുള്ള നിങ്ങളുടെ യാത്രയിൽ എത്രമേൽ മനോഹരനിമിഷങ്ങൾ നിങ്ങൾ പങ്കുവയ്ക്കുന്നു: ഭക്ഷണം, വിശ്രമം, വീട്ടുജോലി, വിനോദം, പ്രാർത്ഥന, യാത്ര, തീർത്ഥാടനം, പരസ്പരമുള്ള പിന്തുണയുടെ അവസരങ്ങൾ.... എന്നിരിക്കിലും,

സ്നേഹമില്ലെങ്കിൽ ആനന്ദമില്ല. ആധികാരികമായ സ്നേഹം യേശുവിൽനിന്നു നമ്മിലേക്കു വരുന്നു. നമ്മുടെ പാതയെ പ്രകാശിപ്പിക്കുന്ന തന്റെ വചനം അവിടുന്നു നമുക്കു തരുന്നു; നമ്മുടെ യാത്രയിൽ നമ്മെ നിലനിർത്തുന്ന ജീവന്റെ അപ്പം അവിടുന്നു നമുക്കു തരുന്നു.

പ്രിയ കുടുംബങ്ങളേ, മെത്രാന്മാരുടെ സിനഡിനായുള്ള നിങ്ങളുടെ പ്രാർത്ഥന സഭയെ സമ്പന്നമാക്കുന്ന വിലപ്പെട്ട ഒരു നിധിയായിരിക്കും. ഞാൻ നിങ്ങൾക്കു നന്ദിപറയുകയും സത്യത്തിലും സ്നേഹത്തിലും ഞാൻ ദൈവജനത്തെ ശുശ്രൂഷിക്കേണ്ടതിനായി എനിക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്ന് നിങ്ങളോടാവശ്യപ്പെടുകയും ചെയ്യുന്നു. പരിശുദ്ധ മാതാവിന്റെയും വിശുദ്ധ യൗസേപ്പിന്റെയും സംരക്ഷണം എപ്പോഴും നിങ്ങളെല്ലാവരെയും അനുഗമിക്കുകയും സ്നേഹത്തിലും പരസ്പരമുള്ള കരുതലിലും യോജിച്ചുനടക്കുവാൻ നിങ്ങളെ സഹായിക്കുകയും ചെയ്യട്ടെ.

**ഫ്രാൻസീസ് മാർപ്പാപ്പ**

*2014 ഫെബ്രുവരി 2 കർത്താവിന്റെ കാഴ്ചവയ്പു തിരുനാളിൽ*

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*
*(മലയാളം പതിപ്പ്, പുസ്തകം 7, ലക്കം 1, 07 മാർച്ച് 2014)*

• • • • • •

## ഒരല്പം ലജ്ജ ആരോഗ്യപ്രദം

*ഫെബ്രുവരി 19 ബുധനാഴ്ചത്തെ പൊതുദർശനവേളയിൽ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽ വച്ച് കൂദാശകളെക്കുറിച്ചുള്ള പ്രബോധനപരമ്പര മാർപാപ്പ തുടർന്നു; ഈ ആഴ്ചയിൽ അദ്ദേഹം ധ്യാനവിഷയമാക്കിയത് അനുരഞ്ജനത്തിന്റെ കൂദാശയായിരുന്നു. പരിശുദ്ധ പിതാവ് ഇറ്റാലിയൻ ഭാഷയിൽ നൽകിയ വിചിന്തനത്തിന്റെ പരിഭാഷ ചുവടെ:*

പ്രിയ സഹോദരീസഹോദരന്മാരേ,
സുപ്രഭാതം!

ക്രൈസ്തവ പ്രാരംഭ കൂദാശകൾ മുഖാന്തിരം – ജ്ഞാനസ്നാനം, കുമ്പസാരം, ദിവ്യകാരുണ്യം – മനുഷ്യൻ ക്രിസ്തുവിൽ നവജീവൻ പ്രാപിക്കുന്നു. മൺപാത്രങ്ങളിലാണ് (2 കോറി. 4:7) നാം ഇത് സംവഹിക്കുന്നത് എന്ന് ഇപ്പോൾ നമുക്കേവർക്കും അറിയാം. എന്നിട്ടും പ്രലോഭനങ്ങൾക്കും പീഡകൾക്കും മരണത്തിനും നാം ഇന്ന്

വശംവദരാണ്. പാപംനിമിത്തം പുതുജീവൻപോലും നമുക്ക് നഷ്ട മായേക്കാം. അതുകൊണ്ട്, സഭ തന്റെ രക്ഷാകരകർമ്മം അനുസ്യൂതം തുടരണമെന്ന് കർത്താവായ യേശു ആഗ്രഹിക്കുന്നു. "സൗഖ്യദായക മായ കൂദാശകൾ'' എന്ന ശീർഷകത്തിൽ ബന്ധിപ്പിക്കാവുന്ന അനുരഞ്ജനകൂദാശയും രോഗീലേപനവും മുഖേന വിശേഷാൽ തന്റെ തന്നെ അംഗങ്ങളിലെങ്കിലും ഇത് നിർവ്വഹിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. അനുരഞ്ജനത്തിന്റെ കൂദാശ സൗഖ്യദായകമായ കൂദാശയാണ്. ഞാൻ കുമ്പസാരിക്കാൻ പോകുമ്പോൾ, സൗഖ്യം കിട്ടുന്ന ഒരു മുറയാണത്. എന്റെ ദേഹിയെ സുഖപ്പെടുത്താൻ, എന്റെ ഹൃദയത്തെ സുഖപ്പെടുത്താൻ ചില തെറ്റായ പ്രവർത്തികളിൽ നിന്ന് എന്നെ സുഖപ്പെടുത്താനുള്ള ഒരു ക്രമമാണത്. ഒരേസമയം ദേഹീദേഹ ങ്ങളുടെ ഭിഷഗ്വരൻ എന്ന നിലയിൽ കർത്താവായ യേശു വെളിവാക്ക പ്പെട്ട സംഭവം; തളർവാതരോഗിയുടെ പാപങ്ങൾ ക്ഷമിച്ച് അവനെ സുഖ പ്പെടുത്തിയ സംഭവം; ഇവ രണ്ടും തമ്മിലുള്ള അഗാധമായ ബന്ധം ഏറ്റവും ഉജ്ജ്വലമായി പ്രത്യക്ഷീകരിക്കുന്ന ബൈബിൾ പ്രതീകമാണ് (cf. മർക്കോ. 2:1-12, മത്താ. 9:1-8, ലൂക്ക 5:17-26).

1. അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശ പെസഹ രഹസ്യത്തിൽ നിന്നും നേരിട്ട് ആവിർഭവിക്കുന്നു. ഫലത്തിൽ, ഉയിർപ്പു ഞായറാഴ്ച വൈകിട്ട് സെഹിയോൻ മാളികമുറിയിൽ കതകട ച്ചിരിക്കെ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടു; "നിങ്ങൾക്ക് സമാധാനം" എന്നു പറഞ്ഞുകൊണ്ട് അവരെ അഭിസംബോധന ചെയ്തു. അതിനു ശേഷം അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ. 20:21-23). ഈ കൂദാശയിൽ ഉൾച്ചേരുന്ന പരമമായ ചലനാത്മ കതയാണ് ഈ വാക്യം നമുക്ക് വെളിവാക്കിത്തരുന്നത്.

ഒന്നാമതായി നമുക്കുതന്നെ ചെയ്യാൻ കഴിയുന്ന ഒന്നല്ല പാപ പ്പൊറുതി എന്ന സത്യം. എനിക്ക് ഏറ്റുപറയാൻ സാധ്യമല്ല: ഞാൻതന്നെ എന്റെ പാപങ്ങൾ ക്ഷമിക്കുന്നു. പൊറുതി യാചിക്കുകയാണ്, അപര നിൽ നിന്നും അത് ചോദിക്കുകയാണ്. കുമ്പസാരത്തിൽ യേശുവിനോ ടാണ് നാം ക്ഷമ യാചിക്കുന്നത്. നമ്മുടെ സ്വന്തം പ്രയത്നങ്ങളുടെ ഫലമല്ല പാപപ്പൊറുതി; "പ്രത്യുത അതൊരു കൃപാവരമാണ്. കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ മുറിവേറ്റ ഹൃദയത്തിൽ നിന്ന് അനുസ്യൂതം നിർഗളിക്കുന്ന കരുണയുടെയും വരപ്രസാദത്തിന്റെയും

നീരുറവകൊണ്ട് നമ്മെ പൂരിതരാക്കുന്ന പരിശുദ്ധാത്മാവിന്റെ ദാന മാണത്." രണ്ടാമതായി, സത്യത്തിൽ നമുക്ക് സമാധാനം ഉണ്ടാകണ മെങ്കിൽ, കർത്താവായ യേശുവിൽ പിതാവിനോടും സഹോദരരോടും രമ്യപ്പെടുവാൻ നമ്മെത്തന്നെ വിട്ടുകൊടുത്തേ മതിയാകൂ. ഭാരംകൊണ്ട് തൂങ്ങിയ ഒരു ആത്മാവും ഒരല്പം ദുഃഖവും പേറി കുമ്പസാരിക്കാൻ പോയപ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ഇത് അനുഭവവേദ്യമാകുകയും ചെയ്തു; യേശുവിന്റെ പാപപ്പൊറുതി നമുക്ക് ലഭിക്കുമ്പോൾ സമാ ധാനം കരഗതമാകുന്നു. അത്യന്തം ഹൃദയഹാരിയായ സമാധാനം; യേശുവിന് മാത്രം, അവിടുത്തേക്ക് മാത്രം, നൽകാൻ കഴിയുന്ന സമാ ധാനം!

2. കാലങ്ങളിലൂടെ, ഈ കൂദാശയുടെ പരികർമ്മം പരസ്യരൂപ ത്തിൽ നിന്നും മാറിപ്പോയിരിക്കുന്നു–എന്തെന്നാൽ ആദ്യകാലങ്ങളിൽ അത് അനുഷ്ഠിച്ചിരുന്നത് പൊതുവായിട്ടായിരുന്നു–ഇന്നത് സ്വകാര്യ മായ ഒന്നായിത്തീർന്നു; രഹസ്യസ്വഭാവമുള്ള കുമ്പസാരമായി പരിണ മിച്ചു. എന്നുവരികിലും, അതിന്റെ മർമ്മപ്രധാനമായ പ്രകരണം രൂപ വൽക്കരിക്കുന്ന സഭാത്മക ഉൽപത്തിസ്ഥാനം അന്യാധീനപ്പെടുത്തി യിട്ടില്ല. പരമാർത്ഥത്തിൽ, പരിശുദ്ധാത്മാവ് ആവസിക്കുന്നയിടം ക്രൈസ്തവസമൂഹമാണ്! ദൈവസ്നേഹത്തിൽ ഹൃദയങ്ങളെ നവീ കരിക്കുകയും യേശുക്രിസ്തുവിൽ സഹോദരർ ആയവരെയെല്ലാം ഏകീ ഭവിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ഇടമാണത്. അതിനാൽ കർത്താവിനോട് മാപ്പ് ഇരക്കേണ്ടത് ഒരുവന്റെ സ്വന്തം മനസിലും ഹൃദ യത്തിലും മാത്രം ആയാൽപ്പോരാ. എന്നാൽ അതിനുപകരം വിനയ ത്തോടും വിശ്വസ്തതയോടുംകൂടി ഒരുവന്റെ പാപങ്ങൾ സഭയുടെ ഒരു വൈദികന്റെ സമക്ഷം ഏറ്റുപറയുകയാണ് വേണ്ടത്. ഈയൊരു കൂദാ ശയുടെ പരികർമ്മത്തിൽ വൈദികൻ പ്രതിനിധീകരിക്കുന്നത് ദൈവത്തെ മാത്രമല്ല; സമൂഹത്തെ ഒന്നടങ്കമാണ്. ആ സമൂഹമാകട്ടെ, തന്റെ അംഗങ്ങളിൽ ഓരോരുത്തരുടെയും ബലഹീനത സ്വയം കാണുന്നു; ആ ബലഹീനതയുടെ നേർക്ക് ജാഗ്രത പുലർത്തുന്നു. അത് ഒരുവന്റെ അനുതാപത്തിൽ ഉണർന്നു പ്രവർത്തിക്കുന്നു, അവനുമായി അനുരഞ്ജനപ്പെടുന്നു. അവന് ഉന്മേഷം പകർന്ന് അനുതാപത്തിന്റെയും മാനുഷിക ക്രൈസ്തവ വളർച്ചയുടെയും പാതയിൽ അവനെ അനു യാത്ര ചെയ്യുന്നു. ഒരാൾ പറയുമായിരിക്കും; ഞാൻ ഏറ്റുപറയുന്നത് ദൈവത്തോട് മാത്രമായിരിക്കും. അതെ, ദൈവത്തോട് നിങ്ങൾക്ക് പറ യാൻ കഴിയും "എന്നോട് ക്ഷമിക്കണമേ" എന്ന്. നിങ്ങളുടെ പാപങ്ങളും

അവിടുത്തോട് പറയാം. എങ്കിലും നാം പാപം ചെയ്തത് നമ്മുടെ സഹോദരർക്കും സഭയ്ക്കുമെതിരെയാണ്. അത് കാരണമായി, വൈദികൻ എന്ന വ്യക്തിയിൽ സഭയോടും സമൂഹത്തോടും മാപ്പ് ചോദിക്കേണ്ടതുണ്ട്. "പക്ഷേ പിതാവേ, എനിക്ക് ലജ്ജ തോന്നുന്നു..." ലജ്ജയും നല്ലതാണ്. ഒരല്പം ലജ്ജ അനുഭവപ്പെടുന്നത് ആരോഗ്യപ്രദമാണ്. എന്തുകൊണ്ടെന്നാൽ, ലജ്ജിതനാകുന്നത് ശ്രേയസ്കരമാണ്. ഞങ്ങളുടെ നാട്ടിൽ ഒരാൾക്ക് ഒട്ടും ലജ്ജ തോന്നുന്നില്ലെങ്കിൽ അയാളെ "നാണമില്ലാത്തവൻ", "നാണംക്കെട്ടവൻ" "sinverguenza'' എന്നു ഞങ്ങൾ വിളിക്കും. എന്നാൽ ലജ്ജയ്ക്ക് ചില വശങ്ങൾ കൂടിയുണ്ട്. എന്തെന്നാൽ അത് നമ്മെ കൂടുതൽ വിനയാന്വിതരാക്കുന്നു. ഈ ഏറ്റുപറച്ചിൽ വൈദികൻ ഏറ്റുവാങ്ങുന്നു. സ്നേഹത്തോടും അലിവോടും കൂടെ സ്വീകരിക്കുകയും ദൈവത്തിന്റെ നാമത്തിൽ ക്ഷമിക്കുകയും ചെയ്യുന്നു. മാനുഷികമായ കാഴ്ചപ്പാടിലും ഒരുവന്റെ ഭാരമിറക്കാൻവേണ്ടി ഒരു സഹോദരനുമായി സംസാരിക്കുന്നതും ഹൃദയത്തെ അത്രയധികം മഥിക്കുന്ന ചില കാര്യങ്ങൾ ഒരു വൈദികനോട് പറയുന്നതും നന്ന്. ദൈവതിരുമുമ്പാകെ, സഭയോട്, സഹോദരനോട് തന്റെ ഭാരം ഇറക്കുന്നുവെന്ന് അവന് അനുഭവപ്പെടുന്നു. കുമ്പസാരത്തെ ഭയപ്പെടരുത്! കുമ്പസാരിക്കാൻ വരിയിൽ സ്ഥാനം പിടിക്കുമ്പോൾ, ഒരുവന് ഇതെല്ലാം; ലജ്ജപോലും അനുഭവപ്പെടുന്നു. എന്നാൽ കുമ്പസാരിച്ചുകഴിയുമ്പോൾ അവശേഷിക്കുന്നതോ – സ്വാതന്ത്ര്യവും പ്രൗഢിയും സൗന്ദര്യവും പാപപ്പൊറുതിയും നിഷ്കളങ്കതയും സന്തുഷ്ടിയും. കുമ്പസാരത്തിന്റെ മനോഹാരിത ഇതാണ്! ഞാൻ നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, എന്നാൽ മറുപടി ഉറക്കെപ്പറയരുത്, എല്ലാവരും അവനവന്റെ ഹൃദയത്തിൽ പ്രത്യുത്തരിക്കുക: അവസാനമായി കുമ്പസാരിച്ചത് എപ്പോഴാണ്? ഓരോരുത്തരും അതേക്കുറിച്ച് ചിന്തിക്കുക... രണ്ട് ദിവസങ്ങൾ, രണ്ട് ആഴ്ചകൾ, രണ്ട് വർഷങ്ങൾ, ഇരുപത് സംവത്സരങ്ങൾ, നാല്പത് സംവത്സരങ്ങൾ? ഓരോരുത്തരായി കണക്കുകൂട്ടുക, എന്നിട്ട് ഓരോരുത്തരും പറയുക, ഒടുവിൽ കുമ്പസാരിക്കാൻ പോയത് എപ്പോൾ ആയിരുന്നു? ഒരുപാട് നാൾ കഴിഞ്ഞുവെങ്കിൽ ഇനി ഒരു ദിവസംപോലും നഷ്ടപ്പെടുത്തരുത്. പുറപ്പെടുക, വൈദികൻ സൗഖ്യദായകൻ ആയിരിക്കും. യേശു അവിടെയുണ്ട്. വൈദികനെക്കാൾ കൃപാനിധിയാണ് അവിടുന്ന്. യേശു നിങ്ങളെ സ്വീകരിക്കുന്നു. അത്യന്തം വാത്സല്യത്തോടെ അവിടുന്ന് നിങ്ങളെ സ്വീകരിക്കുന്നു. നിർഭയരായി കുമ്പസാരിക്കാൻ പോകുക!

3. പ്രിയ സ്നേഹിതരേ, അനുരഞ്ജനത്തിന്റെ കൂദാശ പരികർമ്മം ചെയ്യുക എന്നതിന്റെ അർത്ഥം ഒരു തീക്ഷ്ണമായ ആലിംഗനത്തിൽ അമരുക എന്നതാണ്: പിതാവിന്റെ അതിരറ്റ കരുണയുടെ ആശ്ലേഷമാണിത്. തനിക്ക് അവകാശപ്പെട്ട സ്വത്തും കൈക്കലാക്കി വീടുവിട്ടിറങ്ങിയ പുത്രന്റെ മനോഹരമായ ഉപമ; അത് നമുക്കനുസ്മരിക്കാം. പണമെല്ലാം ധൂർത്തടിച്ചുകഴിഞ്ഞ് കൈയ്യിൽ യാതൊന്നും ഇല്ലാതായപ്പോൾ അവൻ സ്വന്തം ഭവനത്തിലേക്ക് മടങ്ങാൻ തീരുമാനിച്ചു. ഒരു പുത്രനായിട്ടല്ല പ്രത്യുത, ഒരു ഭൃത്യൻ എന്ന നിലയിൽ. അവന്റെ ഹൃദയം നിറയെ കുറ്റബോധവും ലജ്ജയും ആയിരുന്നു. അവൻ സംസാരിച്ചുതുടങ്ങിയപ്പോൾ, മാപ്പിരന്നപ്പോൾ ഒരു അത്ഭുതം സംഭവിച്ചു. അവന്റെ പിതാവ് അവനെ സംസാരിക്കാൻ അനുവദിച്ചില്ല അവനെ ആശ്ലേഷിക്കുകയും ചുംബിക്കുകയുമായിരുന്നു. അദ്ദേഹം ഒരു ആഘോഷത്തിന് ഒരുങ്ങുകയായിരുന്നു. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു: കുമ്പസാരിക്കാൻ പോകുന്ന ഓരോ സന്ദർഭത്തിലും ദൈവം നമ്മെ വാരിപ്പുണരുന്നു. ദൈവം ആഹ്ലാദിക്കുന്നു! ഈ പാതയിൽക്കൂടി നമുക്ക് മുന്നേറാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*
*(മലയാളം പതിപ്പ്, പുസ്തകം 6, ലക്കം 2, 28 ഫെബ്രുവരി 2014)*

# മേയ്ദിന സന്ദേശം-2014

## (കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്)

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുന്നാളിന്റെയും എല്ലാവിധ നന്മകളും ആശംസിക്കുന്നു. അദ്ധ്വാനത്തിൽ പങ്കുചേരുകവഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയുംമേൽ വർഷിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

2. ദൈവത്തിന്റെ അദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നാണ് വിശുദ്ധഗ്രന്ഥം വിവരിക്കുന്നത്. അതുകൊണ്ടാണ് തിരുസ്സഭ, തൊഴിലിനെ ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലുള്ള മനുഷ്യന്റെ പങ്കുചേരലായി വിശദീകരിക്കുന്നത്. 'നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക' (ഉല്പത്തി 3:19) എന്ന ദൈവകല്പനയെ വിശുദ്ധ പൗലോസ് ശ്ലീഹ പുനരാവിഷ്കരിക്കുന്നതാണ് 'അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസ. 3:10) എന്ന വചനഭാഗം. തൊഴിലിനു അത്രയേറെ പ്രാധാന്യം ക്രൈസ്തവ ദർശനങ്ങളിലുണ്ട്.

3. കുടുംബവർഷമായി ആചരിക്കുകയും കുടുംബത്തെക്കുറിച്ചുള്ള സിനഡിനായി ആഗോളതിരുസ്സഭ ഒരുങ്ങുകയും ചെയ്യുന്ന ഈ വേളയിൽ തൊഴിലാളികളുടെ കുടുംബജീവിതത്തിന് തിരുസ്സഭ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലമായി തിരുസ്സഭയെ നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളും ജീവിതസാക്ഷ്യവും വലിയ സ്വാധീനമാണ് സമൂഹത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നത്. ദരിദ്രരും നിന്ദിതരും നിരാലംബരുമായ ജനവിഭാഗങ്ങളോടുള്ള അതിരറ്റ അനുകമ്പ, സമ്പത്തിലും ഭൗതികസുഖഭോഗങ്ങൾക്കുംപിന്നാലെ പരക്കംപായുന്ന ലോകത്തിനെതിരെ ഉയർത്തുന്ന വിമർശനങ്ങൾ, ലാളിത്യവും വിനയവും നിറഞ്ഞ

ജീവിതശൈലി എന്നിവ വഴി ലോകമനഃസാക്ഷിയുടെ മുന്നിൽ ചോദ്യ ങ്ങളുയർത്തുകയാണ് പാപ്പ.

4.ഈയിടെ മാർപാപ്പ പുറത്തിറക്കിയ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനം ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രാന്തവല്ക്കരിക്കപ്പെട്ടവരുടെ വികസനത്തിനും ശക്തീകരണത്തിനും വിമോചനത്തിനുമുള്ള പ്രവർത്തനങ്ങളെ സുവിശേഷവല്ക്കരണത്തിന്റെ അവിഭാജ്യഘടക മായി പാപ്പ വിശദീകരിക്കുന്നുണ്ട്. പ്രവാചകതീക്ഷണതയോടെയാണ് പാപ്പ സമകാലീക സമൂഹത്തെ വിലയിരുത്തുന്നത്. വികസന ത്തിൽനിന്നും തഴയപ്പെട്ടവരെ പാപ്പ വിവരിക്കുന്നതിങ്ങനെയാണ്: "ഇന്ന് എല്ലാ കാര്യങ്ങളും മത്സരത്തിന്റെയും പ്രബലരുടെ അതീജീവനത്തി ന്റെയും നിയമങ്ങൾക്ക് കീഴിലായിരിക്കുന്നു. അവിടെ ബലവാന്മാർ ദുർബലരെ തിന്നു കൊഴുക്കുന്നു. അതിന്റെ അനന്തരഫലമായി ജനസമൂ ഹങ്ങൾ ഒഴിവാക്കപ്പെട്ടവരായും പാർശ്വല്ക്കരിക്കപ്പെട്ടവരായും മാറുന്നു. അവർക്ക് ജോലിയില്ല, സാദ്ധ്യതകളില്ല, രക്ഷപ്പെടാൻ മാർഗ്ഗമില്ല. ഉപ യോഗിച്ചിട്ടു വലിച്ചെറിയേണ്ട ഉപഭോഗവസ്തുവായി മനുഷ്യൻ കരുത പ്പെടുന്നു. നാം ഒരു വലിച്ചെറിയൽ സംസ്ക്കാരം സൃഷ്ടിച്ചിരിക്കുന്നു. ഇത് കേവലം ചൂഷണത്തിന്റെയും ഞെരുങ്ങലിന്റെയും പ്രശ്നമല്ല. ......ഒഴിവാക്കപ്പെട്ടവർ സമൂഹത്തിന്റെ അടിത്തട്ടിലോ അതിരുകളിൽ പോലുമോ ഉള്ളവരാകുന്നില്ല. അവകാശങ്ങളില്ലാത്തവരിൽപ്പോലും ഉൾപ്പെടുന്നില്ല. അവർ സമൂഹത്തിന്റെ ഒരു ഭാഗമേ അല്ല. ഒഴിവാക്ക പ്പെട്ടവർ ചൂഷിതരല്ല, പിന്നയോ സമൂഹഭ്രഷ്ടരാണ്, തള്ളിക്കളയപ്പെ ട്ടവരാണ്" (ഖണ്ഡിക 53).

5.അതുപോലെതന്നെ സമകാലീക സമൂഹത്തെ ബാധിച്ചിരി ക്കുന്ന മനോഭാവമാറ്റത്തെയും അതിന്റെ കാരണങ്ങളേയും പ്രത്യാഘാ തങ്ങളേയും പാപ്പ വിവരിക്കുന്നുണ്ട്: "മറ്റുള്ളവരെ ഒഴിവാക്കുന്ന ജീവിത ശൈലി നിലനിറുത്താൻ അല്ലെങ്കിൽ സ്വാർത്ഥം നിറഞ്ഞ ആദർശത്തി നുവേണ്ടിയുള്ള ആവേശം നിലനിറുത്തുവാൻ നിസ്സംഗതയുടെ ഒരു ആഗോളവല്ക്കരണം വികസിച്ചു വന്നിരിക്കുന്നു. അതിനെപ്പറ്റി ബോധ വാന്മാരാകാതെ തന്നെ നമ്മൾ ദരിദ്രരുടെ വിലാപത്തിൽ സഹതാപം തോന്നാൻ കഴിയാത്തവരും, മറ്റുള്ളവരുടെ വേദനയിൽ കരയാനാകാ ത്തവരും, അവരെ സഹായിക്കുക ആവശ്യമാണെന്ന് തോന്നാത്തവരും ആയിത്തീർന്നിരിക്കുന്നു. അതെല്ലാം നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളല്ലെന്നും മറ്റുള്ളവരുടെയും ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യ

ങ്ങളാണെന്നും നാം ധരിച്ചിരിക്കുന്നു. സമൃദ്ധിയുടെ സംസ്ക്കാരം നമ്മെ മയക്കത്തിലാക്കിയിരിക്കുന്നു" (ഖണ്ഡിക 54).

6. "ഈ അവസ്ഥയുടെ ഒരു ഹേതു പണത്തോടുള്ള നമ്മുടെ ബന്ധമാണ്. കാരണം നമ്മുടെ മേലും സമൂഹത്തിന്റെ മേലും പണത്തിനുള്ള ആധിപത്യം നമ്മൾ ശാന്തരായി സ്വീകരിച്ചിരിക്കുന്നു" (ഖണ്ഡിക 55). "ന്യൂനപക്ഷത്തിന്റെ സമ്പാദ്യം അസൂയാർഹമാംവിധം വളരുമ്പോൾ സന്തുഷ്ടരായ ഇക്കൂട്ടരുടെ ഐശ്വര്യത്തിനും ബഹുഭൂരിപക്ഷത്തിന്റെ സമ്പാദ്യത്തിനുമിടയിലുള്ള വിടവ് ഉത്തരോത്തരം വികസിച്ചു വരികയാണ്" (ഖണ്ഡിക 56).

7. ദരിദ്രരുടെ വികസനം ബാഹ്യതലസ്പർശി മാത്രമാകാതെ സമഗ്രമായിരിക്കണമെന്ന് പാപ്പ പഠിപ്പിക്കുന്നു. തൊഴിലിനും കൂലിയ്ക്കും സമൂഹത്തിന്റെ വികസനത്തിനുള്ള സ്ഥാനം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പാപ്പ വിവരിക്കുന്നു. "എല്ലാ ജനങ്ങളുടെയും പോഷണം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചോ അവരെ മഹത്വപൂർണ്ണമായി താങ്ങിനിറുത്തുന്നതിനെസംബന്ധിച്ചോ മാത്രമല്ല, പിന്നെയോ അവരുടെ ഭൗതികക്ഷേമത്തെയും ഐശ്വര്യത്തെയും കുറിച്ചാണ് നാം സംസാരിക്കുന്നത്. ഇതിന്റെ അർത്ഥം അവർക്ക് വിദ്യാഭ്യാസവും ചികിത്സാസൗകര്യവും സർവോപരി തൊഴിലും ലഭിക്കണമെന്നതാണ്. എന്തെന്നാൽ സ്വതന്ത്രവും സർഗ്ഗാത്മകവും ഭാഗഭാഗിത്വമുള്ളതും പരസ്പരം പിന്താങ്ങുന്നതുമായ തൊഴിലിലൂടെയാണ് മനുഷ്യർ തങ്ങളുടെ മഹത്വം പ്രകാശിപ്പിക്കുന്നതും ഉയർത്തുന്നതും. നമ്മുടെ പൊതു ഉപയോഗത്തിനായ് നിശ്ചയിക്കപ്പെട്ടിട്ടുള്ള മറ്റു സകല വസ്തുക്കളും പര്യാപ്തമായ് നേടാൻ നീതിപൂർവ്വകമായ കൂലി അവർക്ക് കഴിവ് നൽകും" (ഖണ്ഡിക 192). "വിപണിയുടെ അദൃശ്യശക്തികളേയും അദൃശ്യകരത്തേയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തീകവളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്. വരുമാനത്തിന്റെ കൂടുതൽ നല്ലവിതരണം, തൊഴിലുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ക്ഷേമ മനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കുവേണ്ടിയുള്ളതുമായ സമഗ്രവളർച്ച എന്നിവയിലേയ്ക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും യാന്ത്രിക സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ്. ഉത്തരവാദിത്വബോധമില്ലാത്ത ജനപ്രീതിവാദം നിർദ്ദേശിക്കുന്നതിൽ നിന്ന് ഞാൻ വളരെ അകലെയാണ്. പക്ഷെ, പുതിയ വിഷയമായിരിക്കുന്ന പരിഹാരമാർഗ്ഗങ്ങളിലേയ്ക്ക് സാമ്പത്തീകതയ്ക്ക് ഇനി ഒട്ടും തിരിയാൻ സാധ്യമല്ല. തൊഴിൽശക്തി

കുറച്ചുകൊണ്ട് ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അങ്ങനെ പുറം തള്ളപ്പെട്ടവരുടെ നിര വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അത്തരത്തിലുള്ള പരിഹാരമാർഗ്ഗമാണ്" (ഖണ്ഡിക 204).

8.കേരളത്തിലെ ചെറുകിട കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. പരിസ്ഥിതി സംരക്ഷണത്തിനെന്ന വ്യാജേന മലയോരവാസികളുടെയും തീരദേശ വാസികളുടെയും നിലനില്പ് തന്നെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള നിയമനടപടികളുടെ ഭീതിയിലാണവർ. ഇവരിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. ചില സ്ഥാപിത താല്പര്യങ്ങളാണിതിന്റെ പിന്നിൽ. എല്ലാവരും ഒരുമിച്ച് ഇതിനെ ചെറുത്തുതോല്പിക്കാൻ തയ്യാറാവണം.

9.സേവനമേഖലയിൽ തൊഴിൽചെയ്യുന്ന ചില വിഭാഗം അസംഘടിത സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രബുദ്ധരായ കേരള സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കേരളത്തിൽ വളർന്നുവരുന്ന നഗരവല്കരണത്തിന്റെ ഭാഗമായി വൻകിട കച്ചവടസ്ഥാപനങ്ങളും മാളുകളും അനുദിനം വർദ്ധിച്ചുവരികയാണ്. സ്ത്രീത്തൊഴിലാളികളാണ് ഈ രംഗത്ത് ജോലിചെയ്യുന്നവരിൽ ഭൂരിപക്ഷവും. താരതമ്യേന ദരിദ്രകുടുംബങ്ങളിൽനിന്നും വരുന്നവരാണിവർ. കടുത്ത ചൂഷണവും വിവേചനവും ഈ രംഗത്ത് ഉണ്ടെന്നാണ് പല പഠനങ്ങളും വെളിവാക്കുന്നത്. ഷോപ്സ് ആൻഡ് കോമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പോലുള്ള നിയമങ്ങൾ വേണ്ട വിധത്തിൽ നടപ്പാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആക്റ്റിൽ പറയുന്ന വേതനസേവനവ്യവസ്ഥകൾ, വിശ്രമം, അവധി, ഓർവർടൈം വേതനം തുടങ്ങിയ സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് പഠനങ്ങൾ കാണിക്കുന്നത്.

10. മറ്റൊരു മേഖലയെക്കൂടി ചർച്ചയ്ക്ക് വിധേയമാക്കട്ടെ. അൺ ഏയ്ഡഡ് സ്കൂളുകളും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുമാണവ. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ സ്ത്രീജനങ്ങൾ തൊഴിൽചെയ്യുന്ന മേഖലയാണിത്. ഇവരുടെ സേവനവേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ടു ചില പരിമിതമായ നിയമങ്ങളും ചട്ടങ്ങളും മാത്രമേ ഉള്ളെങ്കിലും അതുപോലും നടപ്പിലാക്കാൻ പല മാനേജ്മെന്റുകളും തയ്യാറാകുന്നില്ല. പലർക്കുമെതിരെ മനുഷ്യത്വരഹിതമായ ശിക്ഷണനടപടികൾ സ്വീകരിക്കുക പതിവാണെന്ന ആക്ഷേപവും വ്യാപകമാണ്.

11. ഈ രണ്ടു മേഖലകളിലും നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകമുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ പരിഷ്കൃതസമൂഹത്തിനും, രാജ്യത്തെ നിയമങ്ങൾക്കും, സാമൂഹിക നീതിയ്ക്കും എതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കാണാതെ പോകുന്നത് നീതിയല്ല. മൂലധനത്തേക്കാൾ പ്രാധാന്യം തൊഴിലാളികൾക്ക് നല്കണമെന്നാണ് സഭയുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നത്. ഇക്കാര്യത്തിൽ വളരെ നിശിതമായ നിലപാടാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ അവകാശങ്ങളും അന്തസ്സും അഭിമാനവും സംരക്ഷിച്ചുകൊണ്ട് വർദ്ധിത ഗുണനിലവാരത്തോടെ വ്യാപാരസ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ തയ്യാറാവണമെന്ന് ഉടമകളോടും മാനേജ്മെന്റുകളോടും അഭ്യർത്ഥിക്കുന്നു.

12. നിയമങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതാണെന്ന കാര്യം വിസ്മരിക്കരുത്. നിയമങ്ങൾ രൂപപ്പെടുത്തിയാൽ മാത്രം പോര, തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള മേൽനോട്ട സംവിധാനങ്ങൾ എത്രയും വേഗം സർക്കാർ രൂപപ്പെടുത്തണം.

13. 'റേരും നൊവാരും' മുതൽതന്നെ തൊഴിലാളിസംഘാടനത്തിന്റെ ആവശ്യകത തിരുസ്സഭ ആഹ്വാനം ചെയ്യുന്നുണ്ട്. (സത്യത്തിൽ സ്നേഹം 25). പാർശ്വവല്ക്കരിക്കപ്പെട്ടിട്ടുള്ള അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിന് കേന്ദ്രട്രേഡ് യൂണിയനുകളും വേണ്ടപോലെ താല്പര്യമെടുക്കുന്നില്ലായെന്നുള്ളതാണ് സത്യം. വിശാലമായ തൊഴിലാളി താത്പര്യങ്ങൾക്ക് പകരം രാഷ്ട്രീയ കക്ഷികളുടെ പോഷകസംഘടനകളായി മാത്രം ഇവ ചുരുങ്ങുന്നുണ്ടോ എന്ന് പരിശോധിക്കണം.

14. അതുപോലെതന്നെ കേരളം അതീവ ഗൗരവത്തോടെ ശ്രദ്ധകൊടുക്കേണ്ട ഒരു മേഖലയാണ് അന്യസംസ്ഥാന തൊഴിലാളികളുടേത്. ഇരുപത്തിയഞ്ച് ലക്ഷത്തിൽപ്പരം അന്യസംസ്ഥാനതൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് സർക്കാരിന്റെ കണക്കുകൾ പറയുന്നത്. ഈ വിഭാഗം തൊഴിലാളികളുടെ ജീവിതാവസ്ഥ വളരെ ശോചനീയമാണ്. നിലവാരമില്ലാത്ത വാസസ്ഥലം, കുറഞ്ഞ കൂലി, അസുരക്ഷിതവും അനാരോഗ്യകരവുമായ തൊഴിൽ സ്ഥലം, ചൂഷണം എന്നിവ അന്യസംസ്ഥാനതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്. മലയാളികളുടെ വിവേചനപരമായ മനോഭാവവും പ്രശ്നംതന്നെയാണ്.

ഇക്കാര്യത്തിലും സംസ്ഥാനസർക്കാരിന്റെ ക്രിയാത്മകമായ ഇടപെട ലുകൾ അനിവാര്യമാണ്. മാനുഷികമായ പരിഗണന ഇവർക്ക് ലഭ്യമാ ക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

15. നമ്മുടെ രാഷ്ട്രം ഒരു പൊതുതെരഞ്ഞെടുപ്പിന്റെ പ്രക്രിയ യിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിജിയും മറ്റു സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നംകണ്ടതും ഭരണഘടന വിഭാവനം ചെയ്യുന്നതുമായ സാമൂഹികനീതിയുടെയും സാഹോദര്യത്തിന്റെയും തലങ്ങളിലേയ്ക്ക് രാഷ്ട്രത്തെ നയിക്കാൻ പ്രാപ്തിയുള്ള ഒരു സർക്കാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു തൊഴി ലാളികൾ മുൻകൈയെടുക്കണം. 2011 ലെ സ്ഥിതിവിവരകണക്കനുസ രിച്ച് 48.767 കോടി തൊഴിലാളികളാണ് ഇന്ത്യയിൽ ഉള്ളത്. ഇവരിൽ 93 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹിക സുരക്ഷ, നിയമ പരിരക്ഷ എന്നിവ ലഭിക്കാത്ത അസംഘടിത തൊഴിലാളികളാണ്. നമ്മുടെ രാഷ്ട്രപുരോഗതിക്ക് നേതൃത്വം നൽകുന്ന ഇവരുടെ വളർച്ചയ്ക്കുള്ള പദ്ധതികൾ പുതിയ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പി ലാക്കണം. അന്താരാഷ്ട്ര തൊഴിൽ സംഘടനയിൽ ഇന്ത്യ അംഗമാ ണെന്നിരിക്കെ ഐഎൽഒ യുടെ പല കൺവെൻഷനുകളും ഭാരത സർക്കാർ ഇന്നും പ്രാബല്യത്തിലാക്കിയിട്ടില്ല എന്നത് ഖേദകരമാണ്. ഗാർഹികതൊഴിലാളികൾക്ക് വേണ്ടിയുള്ള 189-ാം നമ്പർ കൺവെൻഷൻ ഉൾപ്പെടെ എല്ലാം എത്രയുംവേഗം പ്രാബല്യത്തിലാ ക്കുക എന്നതാണ് പുതിയ കേന്ദ്രസർക്കാരിന്റെ മുന്നിലുള്ള ചുമതല.

16. കെസിബിസി തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സന്നദ്ധസംഘടനയാണിത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുംവേണ്ടി പ്രവർത്തിക്കുന്ന കെഎൽഎം ന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മോട്ടോർ വാഹന തൊഴിലാളികൾ എന്നിവർക്കായി ആറു തൊഴിലാളി ഫോറ ങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യതൊഴിലാളികൾ, പീടികതൊഴി ലാളികൾ എന്നിവർക്കുവേണ്ടിയുള്ള രണ്ട് തൊഴിലാളി ഫോറങ്ങൾ ഈ വർഷം പ്രവർത്തനം തുടങ്ങുന്നതാണ്. കേന്ദ്രസംസ്ഥാന സർക്കാരു കളുടെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ തൊഴിലാളികളെ അംഗങ്ങളാക്കാൻ കെഎൽഎം മുൻകൈയെടുത്തു പ്രവർത്തിച്ചു

വരുന്നു. ധാരാളം തൊഴിലാളികളെ കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതിയിലും അപകട ഇൻഷൂറൻസ് പദ്ധതിയിലും അംഗങ്ങളാക്കി മാറ്റാനും ആനുകൂല്യങ്ങൾ നേടിക്കൊടുക്കാനും കെഎൽഎം ന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ തൊഴിലാളി ക്ഷേമപദ്ധതികളിലും തൊഴിലാളികളെ അംഗങ്ങളാക്കാൻ സാധിച്ചു.

17. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ (കെസിബിസി) നിർദ്ദേശാനുസരണം സഭാസ്ഥാപനങ്ങളിലെ ശുശ്രൂഷികൾക്കും ജീവനക്കാർക്കുമായി കെഎൽഎം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതിക്ക് അനുകൂലമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. എന്നാൽ ഈ സാമൂഹിക സുരക്ഷാപദ്ധതിയുടെ ഗുണഭോക്താക്കളാകാത്ത നിരവധി സ്ഥാപനങ്ങൾ ഇനിയും ഉണ്ടെന്നു മനസ്സിലാക്കുന്നു. 2014 വർഷത്തിൽ തന്നെ എല്ലാ സഭാജീവനക്കാരിലേയ്ക്കും 'കെഎൽഎം സുരക്ഷ' വ്യാപിപ്പിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. അതിനായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

18. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് ഐക്യരൂപം ഉണ്ടാകുന്നതിനുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (പിഎംപി) 2013 ഒക്ടോബർ 25 നു കെസിബിസി പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. ഈ നയരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഇതു മൂലം സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഗുണനിലവാരം മെച്ചപ്പെടുന്നതാണ്. പിഎംപി നടപ്പിലാക്കുന്നതിനായി വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപതകൾക്കും സന്യാസിസമൂഹങ്ങൾക്കും ലഭ്യമാക്കുന്നതിനായി കെസിബിസി ചുമതലപ്പെടുത്തിയിരിക്കുന്നത് കേരള ലേബർ മൂവ്മെന്റിനെയാണ്. കെഎൽഎം ന് വേണ്ട എല്ലാ പിന്തുണയും നൽകുവാൻ ബന്ധപ്പെട്ടവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

19. കത്തോലിക്കാ സഭയുടെ എല്ലാ സാമൂഹിക ശുശ്രൂഷകളെയും പോലെ കെഎൽഎം ന്റെ പ്രവർത്തനവും ജാതിമതങ്ങൾക്കതീതമായി എല്ലാ വിഭാഗം തൊഴിലാളികളേയും ലക്ഷ്യം വച്ചുകൊണ്ടുള്ളതാകുന്നു. കെഎൽഎം ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേയ്ക്കും വ്യാപിപ്പിക്കുകയും ശക്തമാക്കുകയും വേണം. അസംഘടിത തൊഴിലാളികളുടെ സേവനത്തിനായി എറണാകുളത്ത് കെഎൽഎം ന്റെ നേതൃത്വത്തിൽ വർക്കേഴ്സ്

ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽനിന്നും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ കെഎൽഎം ന്റെ ഒത്താശയോടെ അവർക്ക് ലഭ്യമാക്കാൻ പരിശ്രമിക്കണം.

20. കെഎൽഎം ന്റെ സംസ്ഥാനതലപ്രവർത്തനങ്ങൾക്കായി ഈ വർഷം ഒരു ഫണ്ട് ശേഖരണം നടത്തുന്നുണ്ട്. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

21. മേയ്ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

NB:- **ഈ സർക്കുലർ ഏപ്രിൽ മാസം 27-ാം തീയതി ഞായറാഴ്ചയോ അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റൊരു ഞായറാഴ്ചയോ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## GEORGE CARDINAL ALEN CHERRY

Major Archbishop of the Syro-Malabar Church

# DECREE

Prot. No. 2651/2014

Taking into consideration the request of Bishop Jose Porunnedom, the bishop of the eparchy of Mananthavady, to remove from Clerical State Fr. Joseph (Benny), Veliyath, a priest from the same eparchy, who left the priestly ministry after presenting a letter to this effect to him and who has not requested for dispensation from the obligation of celibacy and having obtained the consent of the Synod of Bishops of the Syro-Malabar Church held from 7-11 January 2014, in accordance with CCEO c.397, the undersigned George Cardinal Alencherry, Major Archbishop of the Syro-Malabar Church, hereby removes the above said Fr. Joseph (Benny), Veliyath from clerical state with effect from 3 February 2014 with all its canonical effects envisaged in common law and particular law of the Syro-Malabar Church. It is further declared that his juridical status in the Catholic Church from this date onwards will be that of a lay member of the Church without any right, responsibility or duties or privileges that are accorded to clerics in general and in particular those accorded to him as a member of the clergy of the eparchy of Mananthavady.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 3 February 2014.

**Fr. Antony Kollannur**
Major Archiepiscopal Chancellor

**George Cardinal Alencherry**
Major Archbishop of the
Syro-Malabar Church

# രൂപതാകച്ചേരി വാർത്തകൾ

## അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ മൂന്നാം ചരമവാർഷികം 2014 ഏപ്രിൽ 1–ാം തീയതിയാണ്. അന്നേദിവസം അഭിവന്ദ്യ പിതാവിനെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാന കളിലും പ്രത്യേകം അനുസ്മരിക്കാം.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

ഏപ്രിൽ 1–ാം തീയതി ചൊവ്വാഴ്ച അഭിവന്ദ്യ വള്ളോപ്പിള്ളി പിതാ വിന്റെ 7–ാം ചരമ വാർഷികമാണ്. അന്നേദിവസം വി. ബലിയിലും പ്രാർത്ഥനയിലും അഭിവന്ദ്യ പിതാവിനെ നമുക്ക് അനുസ്മരിക്കാം.

## മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 11–ാം ചരമദിനം

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 11–ാം ചരമവാർഷികം ഏപ്രിൽ 5–ാം തീയതി ശനിയാഴ്ച രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ കണിയാരം കത്തീഡ്രൽ പള്ളിയിൽ വച്ച് ആചരിക്കുന്നു. തിരുക്കർമ്മങ്ങളിലേയ്ക്ക് ഏവരുടെയും സാന്നിധ്യം ക്ഷണിക്കുന്നു.

## സ്നേഹസ്മരണ

മാനന്തവാടി രൂപതയിൽ സ്തുത്യർഹമായ സേവനത്തിനിടയിൽ ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ബഹു. അഗസ്റ്റിൻ കണ്ണാടിക്കര യച്ചന്റെ ചരമദിനം ഏപ്രിൽ 21 നും, ബഹു. ജോസഫ് വെട്ടിക്കുഴിച്ചാ ലിൽ അച്ചന്റെ ചരമദിനം ഏപ്രിൽ 29 നും ആണ്. പ്രസ്തുത ദിവസങ്ങ ളിൽ ഇവരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

## പൊതു പിരിവുകൾ

രൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചുതരാത്ത ഏതെങ്കിലും ഇടവകകൾ ഉണ്ടെങ്കിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്. ഇപ്രാവശ്യത്തെ വൈദികസമ്മേളനത്തിൽ തീരുമാനം എടുത്തതുപോലെ എല്ലാ ഇടവകകളിൽ നിന്നും നിയമാനുസൃതമായ 10% രൂപതാ വിഹിതം പൂർണ്ണമായും അടയ്ക്കാനും ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

## കച്ചേരി അവധി

ഏപ്രിൽ 16 മുതൽ 26 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## രൂപതാ ദിനം

നേരത്തെ ബുള്ളറ്റിൻ വഴി അറിയിച്ചിരുന്നതുപോലെ രൂപതാ ദിനം മെയ് 1 ന് വ്യാഴാഴ്ചയായിരിക്കും

മുൻ വർഷങ്ങളിലേതുപോലെ പ്രതിനിധി സമ്മേളനത്തിൽ താഴെ പറയുന്നവർ പങ്കെടുക്കേണ്ടതാണ്.

1. രൂപതയിലെ എല്ലാ വൈദികരും.
2. സന്യാസ സഭകളുടെ മേജർ സുപ്പീരിയേഴ്സും ഓരോ ഭവനത്തിന്റെയും സുപ്പീരിയറും.
3. നടത്തുകൈക്കാരന്മാർ.
4. ദേവാലയ ശുശ്രൂഷികൾ
5. ഇടവക സെക്രട്ടറിമാർ
6. സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ.
7. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ.
8. ഭക്തസംഘടനകളുടെയും മതബോധനത്തിന്റെയും രൂപതാ ഭാരവാഹികൾ.
9. LP, UP, HS, HSSS, കോളേജ് പ്രധാന അദ്ധ്യാപകർ.
10. ലഹരി വിമുക്ത വർഷാചരണ ഇടവക കൺവീനർമാർ.

ഈ കുടുംബ സമ്മേളനത്തിൽ ആദരിക്കപ്പെടേണ്ടവർ ഇക്കൊല്ലം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർ, സന്യസ്തർ, ഇക്കൊല്ലം 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരാണ്. ഇവരുടെ പേരുവിവരം ബന്ധപ്പെട്ടവർ ഏപ്രിൽ 15-ാം തീയതിക്കകം രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

ഇതിൽ നടത്തുകൈക്കാരന്മാർ, ഇടവക സെക്രട്ടറി, ദേവാലയ ശുശ്രൂഷി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, ലഹരിവിമുക്ത വർഷാച രണ ഇടവക കൺവീനർ, സ്കൂളുകളിലെയും കോളേജുകളിലെയും പ്രധാനാദ്ധ്യാപകർ എന്നിവരോട് അച്ചന്മാർ തന്നെ പറയുകയും അവരെ കൂട്ടിക്കൊണ്ടു വരികയോ പറഞ്ഞയയ്ക്കുകയോ ചെയ്യേണ്ടതാണ്. മറ്റു ള്ളവർക്ക് ഇവിടെ നിന്നും നേരിട്ട് എഴുതുന്നതാണ്.

**പ്രോഗ്രാം**

| | | |
|---|---|---|
| 9.00 am | - | രജിസ്ട്രേഷൻ, പതാക ഉയർത്തൽ<br>അഭിവന്ദ്യ പിതാവുമായുള്ള കൂടികാഴ്ച |
| 10.30 am | - | വി. കുർബാന |
| 12.00 am | - | പൊതുസമ്മേളനം |
| 1.30 pm | - | ഉച്ചഭക്ഷണം |

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടു ക്കുന്നതിനുമുള്ള **വാർഷിക പൊതുയോഗം ഏപ്രിൽ 6-ാം തീയതി** ഞായറാഴ്ച നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2013-14 വർഷത്തെ വാർഷികകണക്ക്, 2014-15 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവ തരിപ്പിച്ച് പാസാക്കുകയും 2014-15 വർഷത്തേയ്ക്കുള്ള കൈക്കാരന്മാ രുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡി റ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്ക പ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേ ണ്ടതാണ്.

ഓഡിറ്റിംഗിന് വേണ്ട രേഖകൾക്ക് പുറമെ **1) ആണ്ട് തെരട്ട് ബുക്ക്, 2) പൊതുയോഗ തീരുമാനത്തിന്റെ പകർപ്പ്, 3) ആണ്ട് തെരട്ടിന്റെ പകർപ്പ്, 4) ബഡ്ജറ്റിന്റെ കോപ്പി, 5) കൈക്കാരൻമാരുടെ പ്രതിജ്ഞാപത്രം, 6) 10 ശതമാനം രൂപതാവിഹിതം** എന്നിവ ഓഡി റ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീ കാരം വാങ്ങണം.

കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞി രിക്കുന്നതിന് പുറമെ *(കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും,*

*വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവന സന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 151, നമ്പർ42.)* സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 –ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

- ★ സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതു തരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.
- ★ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ★ ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ★ സീറോ മലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.
- ★ കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേകപ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം പൊതുയോഗ തീരുമാനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ★ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

★ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

★ മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**ഓഡിറ്റിംഗ്**

കഴിഞ്ഞവർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപതവഴി വിദേശസഹായം കിട്ടിയവരും അവയുടെ പ്രത്യേക കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇത്തവണ ഏപ്രിൽ 7 മുതൽ 12 വരെയും 22 മുതൽ 25 വരെയുമാണ് ഓഡിറ്റിംഗ്. ഈ വർഷം ഏപ്രിൽ 13 മുതൽ 20 വരെ വലിയ ആഴ്ച ആയതുകൊണ്ട് വലിയ ആഴ്ചയ്ക്ക് മുൻപും പിൻപുമായിട്ടാണ് ഓഡിറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്. **ഏപ്രിൽ 10 ന് ലോകസഭാ തെരഞ്ഞെടുപ്പായതിനാൽ കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരുന്നതിൽ നിന്നും വ്യത്യസ്തമായി അന്നേദിവസം ഓഡിറ്റിംഗ് ഉണ്ടായിരിക്കുന്നതല്ല. പകരം അന്നത്തേയ്ക്ക് നിശ്ചയിക്കപ്പെട്ട ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 24 ന് ആയിരിക്കും.** 6-ാം തീയതി പൊതുയോഗം കഴിഞ്ഞ് 7-ാം തീയതി മുതൽ തന്നെ ഓഡിറ്റിംഗിന് വരേണ്ടിവരുന്നത് ചെറിയ അസൗകര്യമുണ്ടാക്കിയേക്കുമെങ്കിലും മുൻകൂട്ടി കാര്യങ്ങൾ ക്രമപ്പെടുത്തി നിശ്ചിതദിവസങ്ങളിൽ തന്നെ വന്ന് സഹകരിക്കണേ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെസമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം ആവശ്യമായി വന്നാൽ മുൻകൂട്ടി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ ഓഡിറ്റിംഗ് ഏപ്രിൽ 11 വെള്ളിയാഴ്ചയാണ് നിശ്ചയിച്ചിട്ടുള്ളത്. തീരാതെ വന്നാൽ പതിവു പോലെ ശനിയാഴ്ച പൂർത്തിയാക്കുന്നതാണ്.

ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. ജനറാളച്ചന് സമർപ്പിക്കാനായി വാർഷികതെരട്ട് ബുക്ക്, വാർഷികപൊതുയോഗ മിനിട്സിന്റെ പകർപ്പ്, വാർഷികതെരട്ടിന്റെ കോപ്പി, 10% രൂപതാവിഹിതം അയച്ചതിന്റെ റസീപ്റ്റ്, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം എന്നിവ കൊണ്ടുവരേണ്ടതാണ്. ഓഡിറ്റേഴ്സിന്റെ ആവശ്യത്തിലേയ്ക്ക് നാൾവഴി, തെരട്ട്ബുക്ക്, വാർഷികതെരട്ടിന്റെ പകർപ്പ്, FC യുണ്ട് എങ്കിൽ അതിന്റെ വേറെയുള്ള കണക്കുകൾ, പാസ്സ്ബുക്കുകൾ, ചെക്ക്ബുക്കുകൾ, FD റസീപ്റ്റുകൾ, ബില്ലുകൾ, വൗച്ചറുകൾ, റസീപ്റ്റ് കുറ്റികൾ എന്നിവയും കൊണ്ടുവരേണ്ടതാണ്. (രൂപതാവിഹിതം കണക്കാക്കുന്നത് വാർഷികതെരട്ടുകടലാസിലെ വരവിന്റെ A വിഭാഗത്തിലെ ആകെ തുകയിൽ നിന്ന് കൃഷിച്ചിലവ് കുറവ് ചെയ്ത് ലഭിക്കുന്ന ആകെ തുകയുടെ 10% ആണ്.) കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ഫീസ് കൊടുക്കാത്തവർ അവയും ഇൻകം ടാക്സ് ഓഫീസിൽ റിട്ടേൺസ്, FCA സമർപ്പിക്കുവാനായിട്ടുള്ള ഫീസും ഓഡിറ്റിന് വരുന്ന അവസരത്തിൽ കൊണ്ടുവരേണ്ടതാണ്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **കല്ലോടി ഫൊറോന** | **ഏപ്രിൽ 7 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| വാളേരി (Dependent Filial Church) | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 8 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |

| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 8 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
|---|---|---|
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മാനന്തവാടി ഫൊറോന | ഏപ്രിൽ 9 ബുധൻ | ബിഷപ്സ് ഹൗസ് |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| മണിമൂളി ഫൊറോന | ഏപ്രിൽ 11 വെള്ളി | മണിമൂളി പാസ്റ്ററൽ സെന്റർ |
|---|---|---|
| മണിമൂളി (Including Manimooly, PC & Syncellus Office) | രാവിലെ 9 മുതൽ | " |
| ഭൂദാനം | രാവിലെ 9 മുതൽ | " |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | " |
| ഞാറപ്പാടം | രാവിലെ 9 മുതൽ | " |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത | രാവിലെ 9 മുതൽ | " |

| നിലമ്പൂർ ഫൊറോന | ഏപ്രിൽ 11 വെള്ളി | മണിമൂളി പാസ്റ്ററൽ സെന്റർ |
|---|---|---|
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുട്ടിയേൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂക്കോട്ടുംപാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റൂബി നഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റ്റി.കെ. കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വള്ളിക്കെട്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| തരിയോട് | രാവിലെ 9 മുതൽ | " |
| ചെന്നലോട് | രാവിലെ 9 മുതൽ | " |
| കാവുംമന്ദം | രാവിലെ 9 മുതൽ | " |
| കോട്ടത്തറ | രാവിലെ 9 മുതൽ | " |
| കുറുമ്പാല | രാവിലെ 9 മുതൽ | " |
| കുറുമണി | രാവിലെ 9 മുതൽ | " |
| മംഗളം | രാവിലെ 9 മുതൽ | " |
| പന്തിപ്പോയിൽ | രാവിലെ 9 മുതൽ | " |
| മഞ്ഞൂറ | രാവിലെ 9 മുതൽ | " |
| പുതുശ്ശേരിക്കടവ് | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| സു. ബത്തേരി ഫൊറോന | ഏപ്രിൽ 23 ബുധൻ | ബിഷപ്സ് ഹൗസ് |
|---|---|---|
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചീങ്ങവല്ലം | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |

| മുള്ളൻകൊല്ലി ഫൊറോന | ഏപ്രിൽ 24 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | രാവിലെ 9 മുതൽ | " |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | " |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | " |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | " |
| ശിശുമല | രാവിലെ 9 മുതൽ | " |

| പയ്യംപള്ളി ഫൊറോന | ഏപ്രിൽ 24 വ്യാഴം | ബിഷപ്സ് ഹൗസ് |
|---|---|---|
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ആറാട്ടുതറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടയൂർകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 25 വെള്ളി** | **അരുൾനിലയം** |
|---|---|---|
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |

• • • •

സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയും മിഷൻ രൂപതകളെയും സാമ്പത്തികമായി സഹായിക്കുക, സീറോ മലബാർ സഭാമക്കളുടെ മുഴുവൻ പൊതുവായ പങ്കാളിത്തവും പങ്കുവയ്ക്കലും വളർത്തുക, പ്രേഷിതാഭിമുഖ്യം എല്ലാവരിലും ഉളവാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ASSM (Association of Supporters of SM Mission) എന്ന പേരിൽ ഒരു മിഷൻ ഫണ്ട് ശേഖരണ പദ്ധതിക്ക് സിനഡ് രൂപം കൊടുത്തിരിക്കുന്ന കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. മിഷൻ ഫണ്ടിലേയ്ക്ക് നമ്മുടെ രൂപതയിൽ നിന്നും 1-10-2011 മുതൽ 31-1-2014 വരെ ലഭിച്ച സംഭാവനയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇക്കാര്യത്തിൽ ഇനിയും സഹകരിക്കാനുള്ള ഇടവകകളും സ്ഥാപനങ്ങളും കുടുംബങ്ങളും വ്യക്തികളും സഹകരിക്കുമല്ലോ.

## Contribution to ASSM (1-10-11-31-1-14)

| Sl.no | Parishes | Rs. |
|---|---|---|
| 1 | Diocese of Mananthavady | 50000 |
| 2 | St. Sebastian's, Thonichal | 12845 |
| 3 | St. Sebastian's Mangalassery | 1350 |
| 4 | St. Joseph's Church, Kelakam | 8500 |
| 5 | Good Shepherd Chulliana | 18000 |
| 6 | St. Sebastian Vilambukandam | 12000 |
| 7 | St. Elias Church, Mattilayam | 2100 |
| 8 | St. joseph's Njarappadam | 8000 |
| 9 | St. Mary's Church Thavinjal | 30000 |
| 10 | St. Jude Church, Makkiyad | 16865 |
| 11 | Well-wisher, Mananthavady. Bank Transfer | 14395 |
| 12 | St. Antony's Church, Kottathara, Kalpatta | 15000 |
| 13 | St. Sebastians Mangalassery | 500 |
| 14 | St. Moses Church Vythiri | 3800 |
| 15 | St. Peter &Paul Manathavady | 12000 |
| 16 | St. Thomas Church,Chundale | 5000 |
| 17 | St. Martin Depores Ambalavayal | 2000 |
| 18 | St. Sebastian Cheengavallam | 1100 |
| 19 | Christ the king Church, Karani | 5550 |
| 20 | St. Sebastian Panamchira | 5000 |
| 21 | St. Thomas Church Marakavu | 5600 |
| 22 | St. Joseph's church, Edivanna | 7950 |
| 23 | St. Jude Church Ruby Nagar | 14900 |
| 24 | Fathima Matha Forane Chungakkunnu | 20000 |
| 25 | St. Mary's Church, Pathiripadam | 56000 |
| 26 | St. Joseph's Church, Rippon | 12030 |
| 27 | St. George Church, Charity | 11000 |
| | **Total** | **394485** |

## ലഹരിവിമുക്ത വർഷാചരണം

### വി. കുർബാന, 1 മണിക്കൂർ ആരാധന, ജപമാല എന്നിവ നടത്തേണ്ട സ്ഥലങ്ങൾ

| APRIL | | | |
|---|---|---|---|
| **Date** | **Holy Mass** | **Adoration** | **Rosary** |
| 21 | Elapeedika | Vallikett | Panamchira |
| 22 | Karimani | Chungakkunnu | Vimalagiri |
| 23 | Kuttimoola | Adackathode | Manimooly |
| 24 | Mananthavady (Cathedral) | Ambayathode | Bhoodanam |
| 25 | Mananthavady (Town) | Kelakam | Marutha |
| 26 | Muthireri | Kottiyoor | Munderi |
| 27 | Parathottam | Nelliyodi | Narivalamunda |
| 28 | Peria | Ottaplave | Njarappadam |
| 29 | Poroor | Palchuram | Palankara |
| 30 | Prasanthagiri | Santhigiri | Palemad |
| **MAY** | | | |
| **Date** | **Holy Mass** | **Adoration** | **Rosary** |
| 1 | Puthiyidom | Velloonni | Pathirippadam |
| 2 | Thalapuzha | Kallody | Thalanji |
| 3 | Thavinjal | Karackamala | Adikolly |
| 4 | Valad | Deepthigiri | Amarakkuni |
| 5 | Valiyakolly | Dwaraka | Irulam |
| 6 | Yavanarkulam | Jude's Mount | Kabanigiri |
| 7 | Payyampally | Anjukunnu | Marakave |
| 8 | Appappara | Chulliana | Marakkadave |
| 9 | Arattuthara | Karimbil | Mullenkolly |
| 10 | Bavali | Kommayad | Padichira |
| 11 | Edayoorkunnu | Kunjhome | Pattanikoop |
| 12 | Kammana | Makkiyad | Pulpally |
| 13 | Kartikulam | Mangalassery | Seethamount |

| | | | |
|---|---|---|---|
| 14 | Martin Nagar | Mothakkara | Sisumala |
| 15 | Padamala | Niravilpuzha | Valanchery |
| 16 | Panavally | Ozhukkanmoola | Arinchermala |
| 17 | Thrissilery | Puthiyidomkunnu | Cherukattoor |
| 18 | Abalavayal | Puthussery | Chudakkara |
| 19 | Bathery | Thonichal | Kalluvayal |
| 20 | Chulliode | Vanjode | Kaniambetta |
| 21 | Chithragiri | Valeri | Kenichira |
| 22 | Cheengavallam | Charity | Panamaram |
| 23 | Kadalmad | Kunnambetta | Nadavayal |
| 24 | Kallumukku | Theneri | Neikkuppa |
| 25 | Vadakkanad | Edapetty | Kurumbalakotta |
| 26 | Meenangadi | Kalpetta | Paralikunnu |
| 27 | Moolankave | Kolavayal | Valavayal |
| 28 | Pazhoor | Cheengeri | Vilambukandam |
| 29 | Thomattuchal | Lakkidi | Chokkad |
| 30 | Karani | Nedumpala | Edivanna |
| 31 | Vakery | Olivumala | Moolepadam |
| **JUNE** | | | |
| **Date** | **Holy Mass** | **Adoration** | **Rosary** |
| 1 | Chennalode | Puzhamudi | Muttiyel |
| 2 | Kavummannam | Rippon | Nilambur |
| 3 | Kottathara | Chooralmala | Pookkottumpadam |
| 4 | Kurumani | Vazhavatta | Poolappadam |
| 5 | Kurumbala | Vythiri | Ruby Nagar |
| 6 | Mangalam | Alattil | T K Colony |
| 7 | Manjoora | Boy's Town | Thelpara |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

പ്രിയ ബഹു. അച്ചാ,

ആസ്ത്രേലിയയിലുള്ള സീറോ മലബാർ സഭാ വിശ്വാസികൾക്കു വേണ്ടി മെൽബണിൽ ഒരു സീറോ മലബാർ രൂപത സ്ഥാപിക്കപ്പെട്ടതും സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ ബിഷപ്പായിരുന്ന അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെ പ്രഥമ മെത്രാനായി നിയമിച്ചതും ഇതിനകം അറിഞ്ഞിരിക്കുമല്ലോ. മെൽബൺ രൂപതയിൽ ചേർന്ന് വൈദികനായി ദൈവജനത്തിന് ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ള SSLC യോ, +2 പരീക്ഷയോ, കഴിഞ്ഞ ആൺകുട്ടികളെ മാനന്തവാടി രൂപത മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചനുമായി ബന്ധപ്പെടുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

ഡൽഹി, ഹരിയാന, പഞ്ചാബ്, ഹിമാചൽ പ്രദേശ്, ജമ്മു-കാശ്മീർ സംസ്ഥാനങ്ങളിലെ സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി 2012 മെയ് 6 ന് സ്ഥാപിക്കപ്പെട്ടതാണ് ഫരീദാബാദ് രൂപത. ഈ രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ മാർ കുര്യാക്കോസ് ഭരണികുളങ്ങര പിതാവാണ്. ഈ രൂപതയിൽ ചേർന്ന് വൈദികനായി ദൈവജനത്തിന് ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ള SSLC യോ, +2 പരീക്ഷയോ, കഴിഞ്ഞ ആൺകുട്ടികളെ മാനന്തവാടി രൂപത മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചനുമായി ബന്ധപ്പെടുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

അച്ചന്റെ മൊബൈൽ നമ്പർ 9446892434.

ഇപ്രകാരം മെൽബൺ, ഫരീദാബാദ് എന്നീ രൂപതകളിൽ ചേരുവാൻ താൽപര്യമുള്ള കുട്ടികളുടെ ഇന്റർവ്യൂ മെയ് 2-ന് മാനന്തവാടി മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മൂന്ന് വർഷത്തെ പരിശീലനം മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയിലായിരിക്കും.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# വൈദിക സമ്മേളനം (Priests' Conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദിക രുടെയും ഒരു സമ്മേളനം 2014 മാർച്ച് 12 ന് രാവിലെ 10.30 ന് മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. 157 പേർ സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷം വഹിച്ച സമ്മേളനം ബഹു. സോണി വാഴകാട്ടച്ചൻ നയിച്ച പ്രാർത്ഥന യോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളി ക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ട മോൺ. ജോസഫ് കണിയാമറ്റത്തിലച്ചനെ അനുസ്മ രിക്കുകയും അച്ചനുവേണ്ടി എല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് രൂപതയിൽ പുതുതായി സേവനമാരംഭിച്ച വൈദി കരെ പരിചയപ്പെടുത്തുകയും പൂക്കൾ നൽകിക്കൊണ്ട് വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

അഡ്വ. ചാർളി പോൾ 'ലഹരി വിമുക്ത കുടുംബം അനുഗ്രഹീത സമൂഹം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. മദ്യം സമൂഹത്തിൽ, പ്രത്യേകിച്ച് കേരള സമൂഹത്തിൽ വരുത്തിവയ്ക്കുന്ന വിനകളെക്കുറിച്ചും ഈ വർഷം മാനന്തവാടി രൂപത ലഹരി വിമുക്ത വർഷമായി പ്രഖ്യാപിച്ചതിന്റെ പ്രസക്തിയെക്കുറിച്ചും, ലഹരിയിൽ നിന്നും സമൂഹത്തെ രക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഉൾക്കാഴ്ച നൽകു ന്നതായിരുന്നു ക്ലാസ്സ്.

തുടർന്ന് ബഹു. സണ്ണി മഠത്തിലച്ചൻ പടമല ഇടവകയിൽ താൻ ചെയ്ത ലഹരി വിമുക്ത പ്രവർത്തനങ്ങൾ വിവരിച്ചു. ലഹരി വിമുക്ത പ്രവർത്തനങ്ങൾ ദുഷ്ക്കരമാണെങ്കിലും കഠിനമായ പ്രവർത്തന ത്തിലൂടെ ഫലം കൊയ്യാൻ സാധിക്കുമെന്നും അച്ചൻ പറഞ്ഞു. അച്ചന്റെ പ്രവർത്തന ഫലമായി മദ്യപാനത്തിൽ നിന്നും സൗഖ്യം ലഭിച്ച അപ്പാ യിച്ചേട്ടനും സാറാമ്മ ചേച്ചിയും തങ്ങളുടെ അനുഭവം പങ്കുവെച്ചു.

വൈദിക ക്ഷേമനിധി (പി.പി.എഫ്) സെക്രട്ടറി ബഹു. വർഗ്ഗീസ് മുളകുടിയാങ്കലച്ചൻ കണക്കുകൾ അവതരിപ്പിക്കുകയും അംഗീകാരം

വാങ്ങുകയും ചെയ്തു. തുടർന്നു വന്ന ചർച്ചയിൽ ഇടവകകളിൽ നിന്ന് വൈദിക ക്ഷേമനിധിയിലേക്കുള്ള വിഹിതം, വൈദികരുടെ ഒരു മാസത്തെ അലവൻസിന് തുല്യമായ തുകയ്ക്ക് പുറമേ എ ഗ്രേഡ് 5000 രൂപ, ബി ഗ്രേഡ് 4000 രൂപ, സി ഗ്രേഡ് 3000 രൂപ, ഡി ഗ്രേഡ് 2000 രൂപ എന്നിങ്ങനെ പുതുക്കി നിശ്ചയിച്ചു. കൃത്യമായും വ്യക്തമായും കണക്കുകൾ ഹാജരാക്കാത്തവർക്കും ആശുപത്രിയിൽ ചികിത്സയിലായിരിക്കുമ്പോൾ അറിയിക്കാത്തവർക്കും ക്ഷേമനിധിയിൽ നിന്ന് പണം നൽകുകയില്ല എന്നും തീരുമാനിച്ചു.

37310173 രൂപ വരവും 76790173 രൂപ ചിലവും 39480000 രൂപ കടവും പ്രതീക്ഷിക്കുന്ന രൂപത ബഡ്ജറ്റ് രൂപതാ പ്രൊക്കുറേറ്റർ ബഹു. ബെന്നി മുതിരക്കാലായിലച്ചൻ അവതരിപ്പിച്ചു.

ഇടവകകളിൽ നിന്ന് രൂപതയിലേയ്ക്ക് നൽകേണ്ട 10% വിഹിതത്തിന്റെ കാര്യത്തിൽ അഭിവന്ദ്യ പിതാവ് അല്പം കൂടി നിർബന്ധബുദ്ധി കാണിക്കുക, 10% പിരിവ് വിഹിതം കിട്ടിയതും വിതരണം ചെയ്തതും വിശദാംശങ്ങളോടെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുക, വലിയ ചെലവിൽ നിർമ്മാണ പ്രവർത്തി ചെയ്യുന്ന ഇടവകകൾക്ക് മ്യൂച്ചൽ എയ്ഡ് ഫണ്ടിൽ നിന്ന് സംഭാവന ചെയ്യണമോ എന്ന് പുനഃപരിശോധിക്കുക, വിദേശത്ത് ജോലി ചെയ്യുന്ന വൈദികരിൽ നിന്നുള്ള ശമ്പള വിഹിതം വർദ്ധിപ്പിക്കുക എന്നീ ആശയങ്ങളും സമ്മേളനത്തിൽ ഉയർന്നു വന്നു. രൂപതാ ഗാനത്തോടെ 3 മണിക്ക് വൈദികസമ്മേളനം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

രാവിലെ 10.30 ന് ശ്രീ. പൈലി തുറക്കാട്ടിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷത വഹിച്ചു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിച്ചു. തുടർന്ന് 'സുവിശേഷത്തിന്റെ സന്തോഷ'മെന്ന അപ്പസ്തോലിക ലേഖനത്തെക്കുറിച്ചുള്ള ക്ലാസ്സ് റവ. ഫാ. ബെന്നി മുതിരക്കാലായിൽ നയിച്ചു. തുടർന്ന് ചർച്ചകൾക്കുള്ള വിഷയങ്ങൾ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അവതരിപ്പിച്ചു. ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ഡോ.സെബാസ്റ്റ്യൻ, തോമസ് വല്ലപ്രായിൽ, ബെന്നി ഇലഞ്ഞിക്കൽ, എൻ. യു. ജോർജ്ജ്, ജോൺസൺ തൊഴുത്തുങ്കൽ, സാലു കൽപ്പറ്റ, റവ.ഫാ. ജോർജ് മൈലാടൂർ, റവ.ഫാ. വിൻസെന്റ് താമരശ്ശേരി, റവ.ഫാ. തോമസ് ജോസഫ് തേരകം, റവ. ഫാ. തോമസ് മണക്കുന്നേൽ, ശ്രീമതി മേഴ്സി മാനിക്കൽ, ടിജി വർഗ്ഗീസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ രൂപതയുടെ 2014-15 വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ സമാപന സന്ദേശത്തോടെ യോഗം അവസാനിച്ചു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, സെഞ്ചില്ലൂസ് റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ, ചാൻസിലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർ നേതൃത്വം നൽകി.

**തീരുമാനങ്ങളും നിർദ്ദേശങ്ങളും**

- 2014-15 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു.
- ലഹരിവിമുക്ത പ്രവർത്തനങ്ങൾ സുശക്തമായി എല്ലാ ഇടവകകളിലും/ ഫൊറോനകളിലും നടപ്പാക്കുക.
- പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ നൽകുക.
- റേഡിയോ മാറ്റൊലിയിലൂടെ ലഹരിവിമുക്ത പ്രോഗ്രാമുകൾ അവതരിപ്പിക്കുക.
- ലഹരിവിമുക്ത വർഷത്തിൽ അടിയന്തിര സഹായങ്ങൾക്കായി ഹെൽപ്ലൈൻ ആരംഭിക്കുക.
- വരുംകാലങ്ങളിൽ രൂപത, ഫൊറോന, ഇടവക തലങ്ങളിലെ പ്രവർത്തനങ്ങൾ സുസജമാക്കുന്നതിനായി പാസ്റ്ററൽ പ്ലാനിംഗ്-തയ്യാറാക്കുക. ഇതിനായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# ലഹരിവിമുക്ത വർഷാചരണം

## 2014-2015

### ലഹരിവിമുക്ത വർഷാചരണം

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് മാനന്തവാടി രൂപതയിൽ പ്രഖ്യാപിച്ചിരിക്കുന്ന ലഹരിവിമുക്ത വർഷം വിജയകരമാക്കുവാൻ മാനന്തവാടി രൂപതയിലെ വൈദികരും സന്യസ്തരും സംഘടനകളും അത്മായ നേതൃത്വവും വളരെ ആവേശത്തോടെ മുന്നിട്ടിറങ്ങിയിരിക്കുകയാണ്. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകകളിൽ ലഹരിവിമുക്ത വർഷാചരണത്തിന് പ്രാർത്ഥനാപൂർവ്വമായ ആരംഭം കുറിച്ചു. ധാരാളം ഇടവകകൾ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ തുടങ്ങി.

### രൂപതാതല ഉദ്ഘാടനം

ലഹരിവിമുക്ത വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം മാർച്ച് 2-ന് മാനന്തവാടി രൂപതയുടെ കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് തിരിതെളിച്ചുകൊണ്ട് നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി വെരി.റവ.ഫാ. ജോർജ് മൈലാടൂർ ഉദ്ഘാടന ചടങ്ങുകൾക്ക് നേതൃത്വം നൽകി.

### ഇടവകാതല ഉദ്ഘാടനം

ലഹരിവിമുക്ത വർഷാചരണത്തിന്റെ ഇടവകാതല ഉദ്ഘാടനം രൂപതയിലെ ബഹുഭൂരിപക്ഷം ഇടവകകളിലും മാർച്ച് 2-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയോടനുബന്ധിച്ച് നടത്തപ്പെട്ടു. ബഹു. വികാരിയച്ചൻമാർ തിരി തെളിച്ചുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതയിൽ നിന്ന് നൽകിയ ബാനർ പ്രദർശിപ്പിക്കുകയും സ്റ്റിക്കർ, പ്രാർത്ഥനാ കാർഡ് എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഭവനങ്ങളിൽ ലഹരി വിമോചനത്തിനായുള്ള പ്രാർത്ഥനകൾ ആരംഭിച്ചു.

### പാസ്റ്ററൽ കൗൺസിൽ യോഗം

മാർച്ച് 8-ാം തീയതി രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ചേർന്നു. ലഹരിവിമുക്ത വർഷാചരണത്തെപ്പറ്റി ചർച്ച നടത്തി. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ

ത്തിൽ ലഹരിവിമുക്താചരണ കമ്മറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, കൺവീനർ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വ ത്തിൽ നടക്കുന്ന ലഹരിവിമുക്ത വർഷാചരണത്തിൽ പാസ്റ്ററൽ കൗൺസിൽ മെമ്പർമാരുടെ സജീവ നേതൃത്വം ഉണ്ടാകണമെന്ന് തീരുമാനിച്ചു.

### വൈദിക സമ്മേളനം

മാനന്തവാടി രൂപതാ ലഹരിവിമുക്ത വർഷാചരണത്തിന്റെ ഭാഗ മായി രൂപതയിലെ വൈദികരുടെ സമ്മേളനം മാർച്ച് 12-ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലഹരിവിമുക്ത വർഷാചരണത്തെപ്പറ്റി ചർച്ചകൾ നടന്നു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ ലഹരിവിമുക്ത വർഷാചരണത്തിന്റെ പ്രസക്തിയെപ്പറ്റി ക്ലാസ് നയിച്ചു. ഇടവകയിൽ സജീവമായി ലഹരിവിമുക്ത പ്രവർത്തനം നടത്തി ക്കൊണ്ടിരിക്കുന്ന പടമല ഇടവക വികാരി റവ.ഫാ. സണ്ണി മഠത്തിൽ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പടമല ഇടവകയിലെ ശ്രീ. അപ്പായി ചേട്ടനും സാറാമ്മ ചേച്ചിയും ജീവിതാനുഭവങ്ങൾ പങ്കുവെച്ചു.

### റിസോഴ്സ് ടീം പരിശീലനം

ലഹരിവിമുക്ത വർഷത്തിൽ വിവിധ സെമിനാറുകൾക്കും ചർച്ച കൾക്കും ക്ലാസുകൾക്കും നേതൃത്വം നൽകുവാനുള്ള റിസോഴ്സ് ടീമിന്റെ പരിശീലനം മാർച്ച് 12-ന് ബുധനാഴ്ച വൈകുന്നേരം 5 മണി മുതൽ 9.30 വരെ പാസ്റ്ററൽ സെന്ററിൽ നടന്നു. ലഹരി വിമുക്ത വർഷാ ചരണ കമ്മറ്റി രൂപതാ സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ സ്വാഗതം ആശംസിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ ക്ലാസ് നയിച്ചു. വിഷയവുമായി ബന്ധ പ്പെട്ട പൊതുചർച്ചയ്ക്കും സംശയങ്ങൾക്കും അഡ്വ. ചാർളി പോൾ , ഡോ. വി.ജെ. സെബാസ്റ്റ്യൻ എന്നിവർ മറുപടി നൽകി. തുടർന്ന് വർഷാ ചരണത്തെപ്പറ്റി വർക്കിംഗ് ചെയർമാൻ റവ.ഫാ. തോമസ് കുറ്റിക്കാട്ടു കുന്നേൽ, കൺവീനർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ വിശദീകരിച്ചു. റിസോഴ്സ് ടീം പരിശീലനത്തിൽ KCYM, CML, Zion CRC, മതബോധനം, CMA, KCBC മദ്യവിരുദ്ധസമിതി, കുടുംബപ്രേഷിതത്വം, വുമൺസ് കമ്മീഷൻ, WSSS,

പാസ്റ്ററൽ കൗൺസിൽ, വിവിധ സന്യാസ ഭവനങ്ങൾ എന്നിവയെ പ്രതി നിധീകരിച്ച് 128 പേർ പങ്കെടുത്തു. ശ്രീ. ജോസ് പള്ളത്ത് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ഫൊറോന കൗൺസിലുകൾ**

ഭൂരിപക്ഷം ഫൊറോനകളിലും ഫൊറോന കൗൺസിലുകൾ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാർ വിളിച്ച് കൂട്ടുകയും ലഹരി വിമുക്ത വർഷാചരണ കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ഫൊറോന ഡയറക്ടർ, കൺവീനർ, ആനിമേറ്റർ എന്നിവരെ തെരഞ്ഞെടുത്തു.

**ഇടവക പ്രവർത്തനങ്ങൾ**

**മരക്കടവ്**

ബഹു. ഫാ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ ലഹരിവിമുക്ത സന്ദേശം നൽകുകയും തിരി തെളിച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ലഹരിവിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലി ഇടവകസമൂഹം മുഴുവൻ പങ്കു ചേർന്നു.

**പയ്യമ്പള്ളി**

ലഹരി വിമുക്തവർഷം ബഹു. ജോസ് മുണ്ടയ്ക്കലച്ചൻ ഉദ്ഘാ ടനം ചെയ്തു. കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ പ്രചരണവാഹന ജാഥ, ടാബ്ലോ എന്നിവ നടത്തുകയും ഇടവകയുടെ 12 കേന്ദ്രങ്ങളിൽ ലഹരി വിമുക്ത സന്ദേശം നൽകുകയും ചെയ്തു.

**കുറുമ്പാലക്കോട്ട**

രൂപതാ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കലും ലഹരി വിമുക്ത വാർഡ് കൺവീനറുമാരും വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. മുതിർന്നവർക്കും കുട്ടികൾക്കും സെമി നാർ നടത്തി. AA ഗ്രൂപ്പ് ആരംഭിച്ചു. എല്ലാ വീടുകളിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ഒരു ലഘു പുസ്തകം വിതരണം ചെയ്തു. നടവയൽ മുക്തി ഡി അഡിക്ഷൻ സെന്ററിലെ ചാക്കോ സാറിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ നടത്തി. ലഹരിവിമുക്ത വർഷാചരണ വിജയത്തിനായി എല്ലാ വെള്ളിയാഴ്ചകളിലും ഓരോ വാർഡിലേയ്ക്കും കുരിശിന്റെ വഴി നടത്തുന്നു.

**ചുള്ളിയാന**

ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചൻ ഉദ്ഘാടനം നിർവ്വ ഹിച്ചു. ഇടവകാതല കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. വാർഡു പ്രാർത്ഥനകളിൽ സന്ദേശം നൽകി.

**തോമാട്ടുചാൽ**

ബഹു. ബിജു തുരുത്തേലച്ചൻ ഉദ്ഘാടനം ചെയ്തു. എല്ലാ ദിവസവും രാവിലെ 6.10 ന് ലഹരിവിമുക്ത വർഷാചരണത്തിനായി കുരിശിന്റെ വഴി.

**പടമല**

ഉദ്ഘാടനം കോർപ്പറേറ്റ് മാനേജർ റവ.ഫാ. ബിജു പൊൻപാറയിൽ നിർവ്വഹിച്ചു. മാർച്ച് 7-ന് ബഹു. ജെയിസൺ അച്ചന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന, എല്ലാവെള്ളിയും കുരിശിന്റെ വഴി, ശനിയാഴ്ച വൈകുന്നേരം A.A. കൂട്ടായ്മ 25 കുടുംബങ്ങൾ പങ്കെടുക്കുന്നു. വാർഡുകളിൽ കുരിശിന്റെ വഴി, 2 വ്യക്തികളെ ചികിത്സയ്ക്ക് പറഞ്ഞയച്ചു. സണ്ണി മഠത്തിലച്ചൻ നേതൃത്വം നൽകുന്നു.

**കൈയ്യൂന്നി**

റവ. ഫാ. ജോണി കല്ലുപുര ഉദ്ഘാടനം ചെയ്തു. വാർഡു പ്രാർത്ഥനകളിൽ കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം നൽകുന്നു.

**ചുങ്കക്കുന്ന്**

സി.എം.എൽ. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് പ്രതിജ്ഞ ചൊല്ലി കൊടുത്തു. റവ.ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകി. യുവജനങ്ങൾക്കായി എക്സൈസ് ഓഫീസർ ബാബു ബോധവത്ക്കരണ ക്ലാസ് നടത്തി. ലഹരിക്കെതിരെ 44 വാർഡിലും സ്കിറ്റ് നടത്തിവരുന്നു. യുവജനങ്ങൾ നേതൃത്വം നൽകുന്നു. ഇടദിവസം 3 കുർബാന, കുരിശിന്റെ വഴി.

**വഞ്ഞോട്**

റവ. ഫാ. മാത്യു കാട്ടറാത്ത് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വൈസ് പ്രസിഡന്റ് പി.ഐ. ജെയിംസ് സന്ദേശം നൽകി.

**മണിമൂളി**

വെരി. റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു. വാർഡ് യോഗങ്ങൾ, ഭവനസന്ദർശനം, കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം നൽകുന്നു. സർവ്വേ ആരംഭിച്ചു.

**കുറുമണി**

റവ.ഫാ. ടോമി പുത്തൻപുര ഉദ്ഘാടനം ചെയ്തു. ഓരോ ആഴ്ചയും ഇടവകയിലെ എല്ലാ വ്യക്തികളും ഓരോ വസ്തു ഉപേക്ഷിച്ച്

ത്യാഗമനുഷ്ഠിച്ച് ലഹരി വിമോചനത്തിനായി പ്രാർത്ഥിക്കുന്നു. 7 ആഴ്ച 7 വസ്തുക്കൾ പൊതുവിൽ തീരുമാനിച്ച് ഉപേക്ഷിക്കുന്നു. കെ.സി.വൈ.എം. നേതൃത്വത്തിൽ ദീപശിഖാ പ്രായണവും സ്റ്റിക്കർ പതിക്കലും കുടുംബതല ഉദ്ഘാടനവും കുടുംബനാഥൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.

**കോട്ടത്തറ**

ബഹു. തോമസ് ചേറ്റാനിയച്ചൻ ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിലച്ചന്റെ ധ്യാനത്തോടെ ലഹരി വിമുക്ത വർഷാചരണം ആരംഭിച്ചു. ലഹരി വിരുദ്ധ ബൈബിൾ വാക്യങ്ങൾ പ്രിന്റ് ചെയ്ത് എല്ലാ കുടുംബങ്ങളിലും എത്തിച്ചു. മാർച്ച് മാസത്തിൽ ലഹരി വിമുക്തരുടെ സംഗമം സംഘടിപ്പിക്കുന്നു.

**റിപ്പോർട്ടുകൾ**

ഇടവകയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ രൂപതാ ഓഫീസിലേക്ക് അയച്ചുതരിക.

**ജോൺസൺ തൊഴുത്തുങ്കൽ**
സെക്രട്ടറി, ലഹരിവിമുക്തവർഷം

# മതബോധനരംഗം

## മൂല്യ നിർണ്ണയ ക്യാമ്പ്

ഏപ്രിൽ 6-ാം തീയതി നടത്തിയ ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് ഏപ്രിൽ 11, 12 തീയതികളിൽ രൂപത മതബോധന ഓഫീസിൽ നടത്തുന്നു. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ക്ഷണിക്കപ്പെട്ട അധ്യാപകരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

HCC പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിച്ച എല്ലാ അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. യൂണിവേഴ്സിറ്റിയിൽ നിന്നും മൂല്യനിർണ്ണയ ക്യാമ്പിന് നിരീക്ഷകയായി വന്ന സി. ആൻസിറ്റ SABS ന് പ്രത്യേകം നന്ദി.

## ഹെഡ്മാസ്റ്റർമാരുടെ നിയമനം

പ്രധാനാധ്യാപകരുടെ കാലാവധി അഞ്ചു വർഷത്തേക്കാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ ഫലപ്രദമായി ക്രമീകരിക്കുവാൻ നിലവിലുള്ള HM ന്റെ തന്നെ സേവനം പ്രധാധ്യാപക സ്ഥാനത്ത് ആവശ്യമാണെന്ന് വികാരിയച്ചൻ ആവശ്യപ്പെട്ടാൽ വീണ്ടും അവരെ നിയമിക്കാവുന്നതാണ്. അല്ലാത്തപക്ഷം അഞ്ച് വർഷം പൂർത്തിയാക്കുന്നവർക്ക് ആ സ്ഥാനത്ത് നിന്ന് മാറാവുന്നതാണ്.

## SELOC രൂപതാതല ക്യാമ്പ് ഏപ്രിൽ 26, മെയ് 3, മെയ് 10

ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട X -ാം ക്ലാസ് SELOC വിദ്യാർത്ഥികളുടെ രൂപതാതല ക്യാമ്പ് ഏപ്രിൽ 26 നും VII -ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാക്യാമ്പ് മെയ് 3 നും XI -ാം ക്ലാസ് വിദ്യാർത്ഥികളുടെ രൂപതാതല ക്യാമ്പ് മെയ് 10 നും രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. അതിൽ നിന്നും SELOC രൂപത പ്രതിഭകളെ കണ്ടെത്തുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

## HDC പരീക്ഷാഫലം

ഫെബ്രുവരി മാസത്തിൽ നടത്തിയ 2012-2014 വർഷത്തെ HDC (Higher Diploma in Catechism) പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നു. കോഴ്സിൽ പങ്കെടുക്കുന്ന എല്ലാവരെയും അനുമോദിക്കുന്നു. വിജയികളായവരെ അഭിനന്ദിക്കുന്നു. കോഴ്സ് നടത്തുവാൻ സഹായിച്ച ബഹു. ബെന്നി മുതിരക്കാലായിൽ അച്ചനെയും ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവരെയും പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

ഉന്നതവിജയം നേടിയ സി. മരിയ ടോം SABS (ഒന്നാം റാങ്ക്), സി. മേഴ്സി മാനുവൽ SH (രണ്ടാംറാങ്ക്), സി. ഷെറിൻ ആൻസ് CMC (മൂന്നാംറാങ്ക്), സി. എൽസി ജോസ് SH എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു.

## Detailed Result of Higher Diploma in Catechesis (HDC) 2012 - 2014

4751,7175, 7176, 7177, 7178, 7179, 7180, 7181, 7182, 7183, 7184, 7185, 7186, 7187, 7188, 7190, 7193, 7194, 7195, 7196, 7197, 7198, 7201, 7202, 7206, 7207, 7211, 7213, 7214, 7215, 7216, 7217, 7218, 7219, 7220, 7222, 7223, 7224, 7228, 7229, 7232, 7233, 7234, 7235, 7236, 7237, 7239, 7240, 7244, 7245, 7246, 7248, 7250, 7251, 7252, 7254, 7255, 7256, 7262, 7263, 7270, 7273, 7275, 7278, 7279, 7281, 7283, 7284, 7285, 7286, 7287, 7288, 7289, 7290, 7292, 7293, 7295, 7301, 7303, 7305, 7307, 7308, 7309, 7310, 7312, 7313, 7314, 7315, 7317, 7323, 7324, 7325, 7327, 7328, 7332, 7335, 7340, 7341, 7342, 7343, 7344, 7347, 7349, 7350, 7351, 7352, 7354, 7355.

## HCC, Diploma, Scholarship പരീക്ഷാഫലം

HCC, Diploma, Scholarship പരീക്ഷകളുടെ റിസൽറ്റ്, വിശ്വാസോത്സവത്തിന്റെ റിപ്പോർട്ട് രൂപതയിൽ ലഭിച്ചതിനുശേഷം, ഏപ്രിൽ 15-ന് പ്രസിദ്ധീകരിക്കുന്നതാണ്. www.diocesemdy.org ഈ site ൽ Result 2014 ശ്രദ്ധിക്കുക. മെയ്മാസത്തെ ബുള്ളറ്റിനിൽ റിസൽറ്റ് ഉണ്ടായിരിക്കുന്നതാണ്.

## Revaluation

HCC, Diploma പരീക്ഷകളുടെ പേപ്പർ പുനർനിർണ്ണയത്തിന് ഏപ്രിൽ 25-ന് മുമ്പ് 50 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി രൂപതാ

കേന്ദ്രത്തിൽ നൽകണം. അതിനുശേഷം വരുന്ന ഒരു അപേക്ഷയും സ്വീകരിക്കുകയില്ല.

### ചുങ്കക്കുന്ന് മേഖലയുടെ പുതിയ മേഖല മതബോധന ഡയറക്ടർ

കഴിഞ്ഞ 9 മാസത്തോളം ചുങ്കക്കുന്ന് മേഖല മതബോധന ഡയറക്ടറായി സേവനം ചെയ്ത പെരിയ ബഹു. ജോസ് തേക്കനാടി അച്ചന് സ്നേഹപൂർവ്വം നന്ദി അറിയിക്കുകയും പുതിയ സേവന മേഖലയായ ചുണ്ടക്കര ഇടവകയിൽ സർവ്വവിധ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

പെരിയ ബഹു. തോമസ് മണക്കുന്നേൽ അച്ചനാണ് ചുങ്കക്കുന്ന് ഫൊറോനയിലെ പുതിയ മേഖല മതബോധന ഡയറക്ടർ. തോമസച്ചന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

## ബൈബിൾ കോഴ്സ്

ബഹു. ജോസ് പാംബ്ലാനിയച്ചൻ നേതൃത്വം നൽകുന്ന വൈദികർക്കായുള്ള ബൈബിൾ കോഴ്സിന്റെ ആദ്യത്തെ ക്ലാസ്സ് ഫെബ്രുവരി 27 –ന് നടന്നു. അടുത്ത ക്ലാസ്സ് ഏപ്രിൽ 22–ാം തീയതി 3.30 pm മുതൽ 8 pm വരെയാണ്. വാർഷിക ധ്യാനാവസരത്തിൽ പേരു തന്നവരാണ് ക്ലാസ്സിൽ പങ്കെടുക്കുന്നത്. അന്ന് പേരു തരാത്ത ആർക്കെങ്കിലും ബൈബിൾ ക്ലാസ്സിൽ സംബന്ധിക്കാൻ താൽപര്യമുണ്ടെങ്കിൽ വിവരം ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ വിളിച്ചറിയിച്ചാൽ ആവശ്യമായ ക്രമീകരണം ചെയ്യുന്നതാണ്. ഓഫീസ് ഫോൺ –04935– 241335, 8547266096 (Monday - Saturday 10 am- 5 pm).

## ലോഗോസ് ക്വിസ് 2014

ലോഗോസ് ക്വിസ് 2014 ന്റെ പഠനവിഷയങ്ങൾ ചുവടെ ചേർക്കുന്നു. കഴിഞ്ഞ വർഷത്തേതുപോലെ വേനൽ അവധിക്കാലം പ്രയോജനപ്പെടുത്തി പഠിച്ചൊരുങ്ങാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. ലോഗോസ് ക്വിസ് 2014 പാഠഭാഗം : ലേവ്യർ 15–27, ലൂക്ക 13–24, യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2014 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2014 ജൂലൈ 31

രൂപതാതല പരീക്ഷ 2014 സെപ്റ്റംബർ 28, 2.00 മണി മുതൽ 3.30 വരെ

സംസ്ഥാനതല പരീക്ഷാ 2014 നവംബർ 29,30.

A, B,C,D,E,F എന്നീ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A - വിഭാഗം: 1.1.2003 ശേഷം ജനിച്ചവർ.

B - വിഭാഗം: 1.1.1998 –നും 31.12.2002 –നും ഇടയ്ക്ക് ജനിച്ചവർ.

C – വിഭാഗം: 1.1.1983 –നും 31.12.1997 –നും ഇടയ്ക്ക് ജനിച്ചവർ.

D – വിഭാഗം: 1.1.1963 –നും 31.12.1982 –നും ഇടയ്ക്ക് ജനിച്ചവർ.

E – വിഭാഗം: 1.1.1950 –നും 31.12.1962 –നും ഇടയ്ക്ക് ജനിച്ചവർ.

F – വിഭാഗം: 31.12.1949 –നു മുമ്പ് ജനിച്ചവർ.

**ഫാ. മാത്യു പെരിയപ്പുറം** – ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**സംസ്ഥാന മാനേജിംഗ് കമ്മറ്റി**

സി.എം.എൽ. സംസ്ഥാന മാനേജിംഗ് കമ്മറ്റി കെ.സി.ബി.സി. ആസ്ഥാനം പി.ഒ.സി.യിൽ വെച്ച് ചേർന്നു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

മാർച്ച് 8-ാം തീയതി പി.ഒ.സി.യിൽ സി.എം.എൽ. ഇലക്ഷൻ മാനേജിംഗ് കമ്മറ്റിയിൽ നമ്മുടെ എക്സിക്യൂട്ടീവ് അംഗങ്ങളായ ബിനു മാങ്കൂട്ടം ജനറൽ സെക്രട്ടറിയായും ശാലു തൈപറമ്പിൽ, ജോ.സെക്രട്ടറിയായും, സി. ലിസ അലക്സ് എസ്.കെ.ഡി. ദേശീയ കമ്മറ്റി അംഗമായും, ബിനീഷ് തുമ്പിയാംകുഴി സ്റ്റേറ്റ് ഓഡിറ്ററായും തിരഞ്ഞെടുത്തു. ഇവർക്ക് രൂപതയുടെ പ്രാർത്ഥനാ മംഗളങ്ങൾ...

**രൂപത സീനിയർക്യാമ്പ് - ഒരുമ 2014**

സി.എം.എൽ. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഈ പ്രവർത്തനവർഷത്തെ രൂപതാക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് മാസം 7,8,9 തീയതികളിൽ നടത്തപ്പെടുന്നു. എല്ലാ ശാഖകളിൽ നിന്നുമുള്ള ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും ക്യാമ്പിൽ നിർബന്ധമായും പങ്കെടുപ്പിക്കണമെന്ന് താൽപര്യപ്പെടുന്നു. വരും നാളുകളിൽ ശാഖ ഭാരവാഹികൾ ആകുവാൻ സാധ്യതയുള്ളവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത് നല്ലതായിരിക്കും. ഒരു കുട്ടിക്ക് 600 രൂപ ചെലവുവരുന്നതാണ്. അതിൽ 300 രൂപ ശാഖയോ കുട്ടിയോ വഹിക്കേണ്ടതാണ്. വിശദവിവരങ്ങൾ ശാഖയെ അറിയിക്കുന്നതാണ്.

**ഒരുമ 2014 മേഖലാ ക്യാമ്പുകൾ**

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കി നടത്തപ്പെടുന്ന മേഖല ക്യാമ്പുകൾ അവധികാലത്ത് നടത്തപ്പെടുകയാണ്. 8,9,10,11,12 ക്ലാസുകളിലെ കുട്ടികളെയാണ് പങ്കെടുപ്പിക്കേണ്ടത്.

**മേഖലാ ക്യാമ്പുകളുടെ സ്ഥലവും തീയതിയും താഴെ പറയുന്നു**

ഏപ്രിൽ 7, 8 - കല്ലോടി - ദ്വാരക

ഏപ്രിൽ 7, 8 - മാനന്തവാടി - ബോയ്സ് ടൗൺ

| | | | |
|---|---|---|---|
| ഏപ്രിൽ | 7, 8 | – | ബത്തേരി – ചുള്ളിയോട് |
| ഏപ്രിൽ | 22,23 | – | പയ്യംമ്പള്ളി – പയ്യംമ്പള്ളി |
| ഏപ്രിൽ | 22,23 | – | നടവയൽ – നടവയൽ |
| ഏപ്രിൽ | 25,26 | – | കൽപ്പറ്റ |
| ഏപ്രിൽ | 25,26 | – | തരിയോട് – കുറ്റിയാംമൈൽ |
| ഏപ്രിൽ | 25,26 | – | പുൽപ്പള്ളി – മുള്ളൻകൊല്ലി |
| ഏപ്രിൽ | 28,29 | – | മണിമൂളി |

## സ്വാഗതം

മണിമൂളി മേഖലയുടെ ഡയറക്ടറായി ചാർജ്ജെടുത്തിരിക്കുന്ന ബഹു. സുനിൽ മഠത്തിലച്ചനെ സി.എം.എൽ. രൂപത കുടുംബത്തിലേയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

അംഗത്വലിസ്റ്റിന്റെ 3 കോപ്പിയും വാർഷിക റിപ്പോർട്ടിന്റെ ഒരു കോപ്പിയും രൂപതാ ഓഫീസിൽ എത്തിക്കുകയോ അല്ലെങ്കിൽ മേഖല ക്യാമ്പുകൾക്കു വരുമ്പോൾ മേഖല ജോ. ഡയറക്ടറെ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്.

## മിഷൻ പവർ ഗ്രൂപ്പ്–സംഗമം മെയ് 3 ന്

അടുത്ത പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട മതാധ്യാപകരുടെ സംഗമം മെയ് മാസം 3–ാം തീയതി 6.00 p.m. പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. സംഗമത്തിലേക്ക് പറഞ്ഞുവിടുമല്ലോ. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന മതാധ്യാപകരുടെ അഡ്രസും മൊബൈൽ നമ്പറും ഏപ്രിൽ 10 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## കുരിശിന്റെ വഴി

ഏപ്രിൽ 11–ാം തീയതി (40–ാം വെള്ളിയാഴ്ച) മിഷൻലീഗ്, മാനന്തവാടി രൂപതയുടെയും, പുൽപ്പള്ളി മേഖലയുടെയും, ശിശുമല ഇടവകയുടെ സംയുക്താഭിമുഖ്യത്തിൽ ശിശുമലയിൽ കുരിശിന്റെ വഴി നടത്തുന്നു. കുരിശിന്റെ വഴിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 11–ാം തീയതി 3 മണിക്ക് എത്തിച്ചേരുക. കുരിശിന്റെ വഴിയും തുടർന്ന് വി.കുർബാനയും ഉണ്ടായിരിക്കുന്നതാണ്. പുൽപ്പള്ളി മേഖലയിലെ എല്ലാ ശാഖകളിൽ നിന്നും സി.എം.എൽ. അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കുവാൻ ശ്രമിക്കുമല്ലോ.

## ശാഖാ ജോ.ഡയറക്ടർ സംഗമം

മാർച്ച് 21–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.00 മണിക്ക് ചേർന്ന ജോയിന്റ് ഡയറക്ടർ സംഗമം രൂപതാ മതബോധന

ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് ഉദ്ഘാടനം ചെയ്തു. റവ.ഫാ. സോണി വടയാപറമ്പിൽ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ജോയി മേപ്പാടം, രംജിത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, എന്നിവർ നേതൃത്വം നൽകി. സംഗമത്തിൽ റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ, ഷാജി ചന്ദനപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

സീതാമൗണ്ട്-250, കാരയ്ക്കാമല-1000, മുതിരേരി-500, ഇരുളം -250, യവനാർകുളം-500, വള്ളികെട്ട്-150, വാളവയൽ-300, പടമല-2000, കൽപ്ര-1250, കബനിഗിരി-300, അരുൾനിലയം-500, മൺവയൽ-250, വെള്ളൂന്നി-400, ചുള്ളിയാന-500, ആറാട്ടുതറ-150, കല്ലോടി-2500, വിളമ്പുകണ്ടം-2500, കല്ലുവയൽ-100, തോമാട്ടുചാൽ-200, പൂക്കോട്ടുംപാടം-500, ചോക്കാട്-1000.

**പലതുള്ളി തന്നശാഖകൾ**

ചുള്ളിയോട്-162, സീതാമൗണ്ട്-100, പട്ടാണികൂപ്പ്-200, വള്ളികെട്ട്-84, വടപുറം-100, പടമല-500, കൽപ്ര-220, കബനിഗിരി-250, പനവല്ലി-50, അരുൾനിലയം-250, വെള്ളൂന്നി-310, ചുള്ളിയാന-168, കല്ലോടി-500, ഞാറപ്പാടം-100, വാഴവറ്റ-300, വൈത്തിരി-100, ശിശുമല-100, പൂക്കോട്ടുംപാടം-160, ചോക്കാട്-200.

**കാണിക്ക**

സീതാമൗണ്ട്-100, പട്ടാണികൂപ്പ്-150, വള്ളികെട്ട്-150, പടമല-500, കൽപ്ര-600, കബനിഗിരി-100, പനവല്ലി-350, അരുൾനിലയം-250, മൺവയൽ-110, വെള്ളൂന്നി-1000, ചുള്ളിയാന-202, ചിത്രഗിരി-200, തലപ്പുഴ-150, ഞാറപ്പാടം-250, വാഴവറ്റ-1000, വൈത്തിരി-1120, ശിശുമല -100, അപ്പപ്പാറ-336, തോണിച്ചാൽ-150, തോമാട്ടുചാൽ-100, പൂക്കോട്ടുംപാടം-100, ചോക്കാട്-300.

**മേഖലാവാർത്തകൾ**

**മാനന്തവാടി** - ജില്ലാ ജയിൽ വാർഷികത്തോടനുബന്ധിച്ച് ജയിൽ സന്ദർശനം നടത്തി. ശാഖാസന്ദർശനം നടത്തി.

**തരിയോട്** - മേഖലാ എക്സിക്യൂട്ടീവ് മേഖലാ മാനേജിംഗ് കമ്മറ്റി കൂടി. സൗഹൃദ സന്ദർശനം നടത്തി.

**നടവയൽ** - തിരുബാലസഖ്യം കലാമത്സരം നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. നടവയൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**പയ്യമ്പള്ളി** - മേഖല എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തി.

**ശാഖാവാർത്തകൾ**

*തവിഞ്ഞാൽ :-* രോഗീസന്ദർശനം നടത്തി. അൾത്താരബാലസംഗമം, എയ്ഞ്ചൽമീറ്റ് എന്നിവ നടത്തി. സി. ക്രിസ്റ്റി എസ്.എ.ബി.എസ്. നേതൃത്വം നൽകി.

*അമരക്കുനി :-* കൊന്തകൾ നിർമ്മിച്ചു. തിരുബാലസംഖ്യദിനം ആചരിച്ചു.

*തോമാട്ടുചാൽ :-* ദൈവവിളി സെമിനാർ നടത്തി. റവ.ഫാ. ദിലീഷ് സെമിനാറിന് നേതൃത്വം നൽകി. സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി.

*ചുങ്കക്കുന്ന് :-* ആരാധന നടത്തി. തിരുബാലസഖ്യ ദിനം ആചരിച്ചു.

*ആടിക്കൊല്ലി :-* +2 വിദ്യാർത്ഥികൾക്കായി ആരാധന നടത്തി. മക്കിയാട് ധ്യാനകേന്ദ്രത്തിലെ ബ്ര. ജോണി നേതൃത്വം നൽകി.

*പുൽപ്പള്ളി :-* പള്ളിപരിസരം വൃത്തിയാക്കി. പരീക്ഷയ്ക്ക് ഒരുക്കമായുള്ള പ്രാർത്ഥന നടത്തി. റവ.ഫാ. ജോൺ പുതുക്കുളം നേതൃത്വം നൽകി.

*ഇരുളം :-* പച്ചക്കറിതോട്ടം വൃത്തിയാക്കി. തിരുബാലസഖ്യദിനം ആചരിച്ചു.

*പട്ടാണികൂപ്പ് :-* ക്വിസ് പ്രോഗ്രാം നടത്തി. രോഗീസന്ദർശനം നടത്തുകയും, നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു.

*ചാരിറ്റി :-* തിരുബാല സഖ്യത്തിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തി. പരീക്ഷ വിജയത്തിനായി ജപമാല സൈന്യം ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*ഒലിവുമല :-* തിരുബാല സഖ്യദിനാശംസകൾ നേർന്ന് കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകി. പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

*പുഴമുടി :-* പ്രായമായവരെയും, രോഗികളായവരെയും തിരുനാൾ ദിനത്തിൽ പള്ളിയിൽ കൊണ്ടുവന്നു. റവ.ഫാ. ബിജു കൊയിക്കാട്ടിലിന്റെ നേതൃത്വത്തിൽ പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

*വൈത്തിരി :-* ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു. സി.എം.എൽ. ഓർഗനൈസർ ശ്രീ. ജോർജ് പുത്തൻപുരയ്ക്കലിന്റെ നിര്യാണത്തിൽ ശാഖാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി.

*വാഴവറ്റ :-* തിരുബാലസഖ്യ ദിനം ആചരിച്ചു. പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

*കൽപ്പറ്റ :-* ദൈവവിളിദിനം ആചരിച്ചു. തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് കുഞ്ഞുങ്ങളുടെ പ്രേഷിതറാലി നടത്തി. വചനപ്പെട്ടി തയ്യാറാക്കി.

*പുതിയിടം :-* നിർധന കുടുംബത്തിന് രൂപങ്ങളും, ജപമാലയും നൽകി. ബെന്നി പീക്കുന്നേലച്ചന്റെ നേതൃത്വത്തിൽ പരീക്ഷയ്ക്ക് ഒരുക്കമായ ആരാധന നടത്തി.

*പോരൂർ :-* ജാഗരണം നടത്തി. തിരുബാലസഖ്യദിനം വിവിധ കലാ പരിപാടികളോടെ ആഘോഷിച്ചു.
*പ്രശാന്തഗിരി :-* പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. അൾത്താര ബാലിക ബാലന്മാരുടെ സംഗമം നടത്തി.
*പനഞ്ചിറ :-* അക്രൈസ്തവ കുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് ഡ്രസ്സും കുടയും നൽകി. തിരുബാലസഖ്യദിനം ആചരിച്ചു.
*മച്ചിക്കൊല്ലി :-* പള്ളിപരിസരം വൃത്തിയാക്കി. പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.
*കൽപ്ര :-* ക്രിസ്റ്റീൻ ധ്യാനം നടത്തി. ജപമാല സൈന്യം ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*ധർമ്മഗിരി :-* പള്ളിയും പരിസരവും വൃത്തിയാക്കി. അഖിലേന്ത്യ വടം വലി മത്സരത്തോടനുബന്ധിച്ച് സി.എം.എൽ. അംഗങ്ങൾ മതാധ്യാപക രുടെ സഹകരണത്തോടെ മെസ് നടത്തി.
*കുന്നലാടി :-* ഭവനസന്ദർശനം നടത്തി. പള്ളിയിലെ കുർബാന പുസ്ത കങ്ങൾ പൊതിഞ്ഞു. ആരാധന നടത്തി.
*ചിത്രഗിരി :-* സെമിത്തേരി സന്ദർശനം നടത്തി. ജപമാല സൈന്യം അംഗങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു.
*മൂലങ്കാവ് :-* തിരുബാലസഖ്യദിനം സമുചിതമായി ആലോചിച്ചു.
*പഴൂർ :-* പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി.
*വാകേരി :-* പരീക്ഷയ്ക്ക് ഒരുക്കമായി പ്രാർത്ഥന നടത്തി.
*ചുള്ളിയോട് :-* സി.എം.എൽ. അംഗങ്ങൾ വീടുകളിൽ നിന്നും പൊതി ചോറ് എത്തിക്കുകയും അത് അമ്പലവയൽ ഗവ.ഹോസ്പിറ്റലിൽ രോഗി കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ലഹരിവിരുദ്ധ സന്ദേശ റാലി നടത്തി. വചന ആൽബം മത്സരം നടത്തി.
*ജൂഡ്സ് മൗണ്ട് :-* തിരുബാലസഖ്യത്തിലെ കുട്ടികൾ സിമിത്തേരി സന്ദർശനം നടത്തി.
*മംഗലശേരി :-* തിരുബാലസഖ്യദിനം ആചരിച്ചു. ജപമാലസൈന്യം ജപ മാല ചൊല്ലി പ്രാർത്ഥിച്ചു.
*പുതുശേരിക്കടവ് :-* രോഗീസന്ദർശനം നടത്തി. പൂന്തോട്ടം വൃത്തിയാക്കി.
*കല്ലോടി :-* എയ്ഞ്ചൽമീറ്റ് നടത്തി. തിരുബാലസഖ്യദിനത്തോടനു ബന്ധിച്ച് റവ.ഫാ. ജോഷി പെരിയപുറം വി.ബലി അർപ്പിച്ച് കുഞ്ഞു ങ്ങൾക്കുവേണ്ടി അനുഗ്രഹപ്രാർത്ഥന നടത്തി.
*പന്തിപോയിൽ :-* തിരുബാലസഖ്യദിനം ആചരിച്ചു. കുട്ടികൾ കാഴ്ച സമർപ്പണം നടത്തി.

*കുറുമണി :-* ദേവാലയ നിർമ്മാണത്തിൽ സഹായിച്ച എല്ലാ ഉപകാരികൾക്കും വേണ്ടി പരിഹാര ജപമാല മുട്ടിലിഴഞ്ഞ് പള്ളിക്കുചുറ്റും നടത്തി.

*കുറുമ്പാല :-* ലിറ്റർജി പരിശീലനവും, ദേവാലയത്തിലെ പെരുമാറ്റങ്ങളെ സംബന്ധിച്ച് ബോധവത്കരണവും കുട്ടികൾക്ക് നൽകി. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ക്ലാസടിസ്ഥാനത്തിൽ കൊളാഷ് മത്സരം നടത്തി.

*മംഗളം :-* ദിവ്യകാരുണ്യ ആരാധന നടത്തി. രോഗീസന്ദർശനം നടത്തി.

*പയ്യമ്പള്ളി :-* പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

*അപ്പപ്പാറ :-* ധ്യാനത്തിന് സംബന്ധിക്കാൻ ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. രോഗീസന്ദർശനം നടത്തി.

*തൃശിലേരി :-* സിമിത്തേരി സന്ദർശനം നടത്തി. വേദപാഠ പരീക്ഷയിൽ കൂടുതൽ മാർക്ക് നേടിയ കുട്ടികൾക്കും 100% ഹാജരുള്ള കുട്ടികൾക്കും സമ്മാനം നൽകി.

*കമ്മന :-* ആത്മ 2014 കുട്ടികൾക്ക് ആരാധന കൈവയ്പ് പ്രാർത്ഥന എന്നിവ നടത്തി. തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ വിവിധതരം കലാപരിപാടിയും, മാതാവിന്റെ വിവിധ ചിത്രങ്ങളടങ്ങിയ ആൽബം 'ഉഷതാരം' പ്രകാശനം ചെയ്തു.

*ആറാട്ടുതറ :-* രോഗിസന്ദർശനം നടത്തി.

*കാട്ടിക്കുളം :-* ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. തിരുബാലസഖ്യ ദിനം ആഘോഷിച്ചു.

*വിളമ്പുകണ്ടം :-* തിരുബാലസഖ്യദിനം ആചരിച്ചു. രോഗീസന്ദർശനം നടത്തി.

*നടവയൽ :-* തിരുബാലസഖ്യം കലാമത്സരത്തിൽ നടവയൽ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അൾത്താരസംഘത്തിലെ കുട്ടികൾ സി. ടെസ്‌ലിറ്റിന്റെ എടക്കാടുള്ള മരിയസദൻ സന്ദർശിച്ച് സോപ്പ്, സോപ്പുപൊടി എന്നിവ നൽകി.

*മുട്ടിയേൽ :-* രോഗീസന്ദർശനം നടത്തുകയും സഹായമായി 1000 രൂപ നൽകുകയും ചെയ്തു.

*ഇടിവണ്ണ :-* പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്കായി സെബാസ്റ്റ്യൻ പാറയിലച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും ആരാധനയും നടത്തി.

*വടപുറം :-* രോഗീസന്ദർശനം നടത്തി. പള്ളിപരിസരം വൃത്തിയാക്കി.

*നെല്ലിയോടി :-* വാർഷികം നടത്തി. X$^{th}$ +2 പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥികൾക്ക് റവ.ഫാ. പീറ്റർ ചെറുകരമുട്ടം എൻഡോവ്മെന്റ് വിതരണം ചെയ്തു.

*പൂളപ്പാടം :-* 'കൈത്തിരി' കയ്യെഴുത്തുമാസിക പ്രകാശനം ചെയ്തു.

*നിലമ്പൂർ :-* ദേവാലയവും, പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനവാരം നടത്തി.
*തെനേരി :-* ഉപവാസദിനം അനുഷ്ഠിച്ചു. ദൈവവിളിക്കായി ആരാധന നടത്തി. വചനപ്പെട്ടി നിർമ്മാണമത്സരം നടത്തി.
*തോണിച്ചാൽ :-* അരിശേഖരിച്ച് പാവപ്പെട്ട ഒരു കുടുംബത്തെ സഹായിച്ചു.
*അരിഞ്ചേർമല :-* 4 മക്കളിൽ കൂടുതലുള്ള ഇളംതലമുറകളെ അനുമോദിക്കുകയും സമ്മാനം നൽകുകയും ചെയ്തു. പൂന്തോട്ടം വൃത്തിയാക്കി.
*ശശിമല :-* എല്ലാ ദിവസവും പള്ളിയിൽ വരുന്ന കുട്ടികളെ ജോളി കളപ്പുരയച്ചന്റെ നേതൃത്വത്തിൽ പള്ളിക്കുന്ന് പള്ളിയിൽ തീർത്ഥാടനത്തിന് കൊണ്ടുപോയി. കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിച്ചു.
*സീതാമൗണ്ട് :-* പെയിൻ & പാലിയേറ്റിവിന് 500 രൂപ സംഭാവന നൽകി. തോണിച്ചാൽ എമ്മാവൂസ്‌വില്ല കാരയ്ക്കാമല എന്നീ ഓർഫനേജുകൾ സന്ദർശിച്ച് അവർക്ക് സോപ്പും മറ്റ് അവശ്യസാധനങ്ങളും നൽകി.
*കുറ്റിമൂല :-* രോഗീസന്ദർശനം നടത്തി. അച്ചടക്കത്തെ കുറിച്ചുള്ള കുറിപ്പുകൾ വാർത്താബോർഡിൽ എഴുതിയിട്ടു.
*ബത്തേരി :-* തിരുബാലസഖ്യദിനം ആചരിച്ചു. ചിത്രരചന മത്സരം നടത്തി ഭവന നിർമ്മാണത്തിനായി 2500 രൂപയും, ഇടവക സഹായ നിധിയിലേക്ക് 2500 രൂപയും നൽകി.
*തരിയോട് :-* ദൈവവിളിയെക്കുറിച്ച് ക്ലാസുകൾ നൽകി. പള്ളിയും പരിസരയും വൃത്തിയാക്കി. വാർഷികം നടത്തി.
*കാവുംമന്ദം :-* ജനറൽനോളജ്, സംഘടനകൾ, ബൈബിൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തി. മദ്യത്തിനെതിരെയുള്ള ചിത്രങ്ങൾ, വാർത്തകൾ, നോട്ടീസ് ബോർഡിൽ പതിപ്പിച്ചു.
*മൊതക്കര :-* പള്ളിപരിസരം വൃത്തിയാക്കി, പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

## സ്നേഹപൂർവ്വം

ശാഖകളിലും മേഖലകളിലും പ്രവർത്തനങ്ങൾ അങ്ങയുടെ നേതൃത്വത്തിൽ നന്നായി നടക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം. 2013-14 പ്രവർത്തനവർഷത്തെ അവസാന നാളുകളിലാണ് നമ്മൾ. നമുക്കൊരുമിച്ച് ഒന്നായി പ്രവർത്തിക്കാം. ഏപ്രിൽ മാസത്തിൽ നടക്കുന്ന മേഖലാക്യാമ്പുകളിലും മെയ് മാസത്തിൽ നടക്കുന്ന രൂപതാ ക്യാമ്പുകളിലും മറ്റു പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തവും, പ്രാർത്ഥനയും, സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്.

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

**നേതൃസംഗമം**

മാനന്തവാടി രൂപത കെ.സി.വൈ.എം. നേതൃസംഗമം ഫെബ്രുവരി 27-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുകയുണ്ടായി. 9.30 ന് പതാക ഉയർത്തലോടെ ആരംഭിച്ച പരിപാടിയിൽ വചനപ്രതിഷ്ഠ, ജപമാല ഇവ നടത്തുകയുണ്ടായി. തുടർന്ന് നടത്തിയ പൊതുസമ്മേളനത്തിൽ വച്ച് മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം നിലവിളക്ക് തെളിച്ച് സംഗമം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപത ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി. ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ശ്രീ. സിബിൻ പാലമൂട്ടിൽ ഏവർക്കും സ്വാഗതമാശംസിച്ചു. രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷപദം അലങ്കരിച്ചു. കെ.സി. വൈ.എം. സംസ്ഥാന ഡയറക്ടർ റവ.ഫാ. മാത്യു തിരുമാലിൽ ഒ.ഐ. സി. അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപതാ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി നന്ദിയർപ്പിച്ചു. സമ്മേളനത്തിനുശേഷം കെ.സി.വൈ.എമ്മിന്റെ പ്രസക്തിയെക്കുറിച്ച് മുൻ കെ. സി.വൈ.എം. പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സെടുക്കുകയുണ്ടായി. സംസ്ഥാന ഡയറക്ടർ റവ.ഫാ. മാത്യു തിരുമാലിൽ സംസ്ഥാന പഠനവിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. 'വഴി 2014' പരിചയപ്പെടുത്തി. 160 ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു.

**അന്താരാഷ്ട്ര വനിതാദിനം**

**പെൺമ-വനിതാദിന സന്ദേശയാത്ര**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത ബോധവത്കരണ സന്ദേശങ്ങളും ആംശസകളുമടങ്ങിയ പ്ലക്കാർഡുകൾ ടൗണുകളിൽ സ്ഥാപിച്ചു. സമൂഹത്തിൽ

സ്ത്രീകളോടു പുലർത്തിയിരുന്ന ആദരവും ഇന്ന് സ്ത്രീകൾ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചും സമൂഹമനസാക്ഷിയിലുണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്ന ലഘുലേകൾ ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കെ.സി.വൈ.എം. രൂപതാ, മേഖല, യൂണിറ്റ് ഭാരവാഹികൾ വിതരണം ചെയ്തു.

## ആദരാഞ്ജലികൾ

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനും ചിത്രഗിരി യൂണിറ്റ് മുൻ പ്രസിഡണ്ടുമായിരുന്ന ശ്രീ. ജിന്റോ കുര്യൻ മലേക്കുടിയിലിന്റെ ആകസ്മിക മരണത്തിൽ കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## സംസ്ഥാന റിസോഴ്സ് ടീം പരിശീലനം

മാർച്ച് 8,9 തീയതികളിലായി എറണാകുളം റിന്യൂവൽ സെന്ററിൽ വച്ചു നടന്ന സംസ്ഥാന റിസോഴ്സ് ടീം പരിശീലനത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ, സംസ്ഥാന സെനറ്റംഗം ശ്രീ. ബിനോയി പാനികുളം എന്നിവർ പങ്കെടുത്തു.

## മദ്യവിരുദ്ധവർഷ രൂപത ടീം പരിശീലനം

രൂപത ലഹരിവിമുക്തവർഷം ഇടവകകളിൽ വിവിധ ഗ്രൂപ്പുകൾക്ക് ബോധവത്കരണ പരിപാടി നടത്തുവാൻ സെൻട്രൽ റിസോഴ്സ് ടീം രൂപീകരിക്കുന്നതിന് ദ്വാരകയിൽ വച്ചു നടത്തിയ പരിശീലന പരിപാടിയിൽ കെ.സി.വൈ.എം. ഭാരവാഹികൾ പങ്കെടുത്തു.

## വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതിയുവാക്കന്മാരുടെ സംഗമം

വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കന്മാരുടെ സംഗമം ദു:ഖ ശനിയാഴ്ച 19-4-2014 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 9.30 മുതൽ 4.30 വരെ നടത്തുന്നു. അനുയോജ്യരായ ജീവിത പങ്കാളിയെ കണ്ടെത്താൻ യുവജനങ്ങളെ സഹായിക്കുക, ആത്മീയമായി അതിനായി ഒരുക്കുക, കുമ്പസാരിക്കാനുള്ള സൗകര്യം ഒരുക്കുക, വിവാഹപ്രായമായിട്ടും ജീവിതപങ്കാളിയെ കണ്ടെത്താൻ സാധിക്കാത്തവരെ സഹായിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് സംഗമത്തിനു പിന്നിൽ. ഇതിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അതാത് ഇടവകകളിലെ ബഹു. വികാരിയച്ചന്മാരുടെ അടുത്ത് പേര് രജിസ്റ്റർ ചെയ്യുക. സംഗമത്തിൽ പങ്കെടുക്കുന്നതിന്റെ ഫീസ് 200 രൂപയായിരിക്കും.

## യൂണിറ്റ് വാർത്തകൾ

### പുൽപ്പള്ളി യൂണിറ്റ്

ഫണ്ട് ശേഖരണാർത്ഥം ഗ്രൂപ്പുകളായി തിരിഞ്ഞ് യുവജനങ്ങൾ വീടുകൾ കയറി ആക്രിസാധനങ്ങൾ ശേഖരിച്ചു. യൂണിറ്റ് മാർഗ്ഗരേഖ തയ്യാറാക്കി. തിരുനാളിനൊരുക്കമായി എല്ലാ ശനിയാഴ്ചയും ഗ്രോട്ടോയ്ക്കു മുമ്പിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. തിരുനാളിനൊരുക്കമായിട്ടുള്ള പള്ളിയലങ്കാരങ്ങളിൽ സഹായിച്ചു. തിരുനാളിനു മുമ്പും ശേഷവും പള്ളിയും പരിസരവും വൃത്തിയാക്കി. ബഹു. ജോൺ പുതുക്കുളത്തിലച്ചന്റേയും ബഹു. ഏലംകുന്നേലച്ചന്റേയും നേതൃത്വത്തിൽ 10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി നടത്തിയ പരീക്ഷാഒരുക്ക പ്രാർത്ഥനയിൽ പങ്കെടുത്ത് കുട്ടികൾ പ്രാർത്ഥിച്ചു.

### ഒലിവുമല യൂണിറ്റ്

ലഹരിക്കെതിരെ കൊളാഷ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. മേഖല നടത്തിയ നേതൃത്വ പരിശീലന ക്ലാസിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ യൂണിറ്റിൽ നിന്നും 6 അംഗങ്ങൾ പങ്കെടുത്തു. ഞായറാഴ്ചകളിൽ വി.കുർബാനയിലെ വായനകൾ, ഗാനങ്ങൾ, അൾത്താര ശുശ്രൂഷ തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി വരുന്നു. 2014 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതിയ നേതൃനിരയ്ക്ക് ആശംസകൾ!

### പഴൂർ യൂണിറ്റ്

ഇടവക തിരുനാളിനോടനുബന്ധിച്ച് അലങ്കാരപ്പണികൾക്ക് നേതൃത്വം നൽകി. പ്രദക്ഷിണത്തിനാവശ്യമായ രഥം നിർമ്മിക്കുകയും മറ്റ് ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ കരിമരുന്ന് കലാപ്രകടനം നടത്തി. സ്റ്റാൾ നിർമ്മിച്ച് ഭക്തസാധനങ്ങളുടെ വിൽപന നടത്തി. ഫണ്ട് ശേഖരണാർത്ഥം ഐസ്ക്രീം, ശീതളപാനീയം എന്നിവ വിതരണം ചെയ്തു. തിരുനാളിനുശേഷം യുവജനങ്ങൾ ചേർന്ന് പള്ളിയും പരിസരവും വൃത്തിയാക്കി.

### മുണ്ടേരി യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിനോയ് കാശാംകുറ്റിയുടെയും ആനിമേറ്റർ സി. ബെറ്റ്സിയുടെയും നേതൃത്വത്തിൽ 2014 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. യൂണിറ്റ് പ്രസിഡണ്ട് അമൽ ജോഷിക്കും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ചുങ്കക്കുന്ന് യൂണിറ്റ്**

യുവജനകൂട്ടായ്മ സംഘടിപ്പിച്ചു. വാർഡുതലത്തിൽ ഭവനസന്ദർശനം നടത്തുകയും തിരുനാൾ നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തു. ഇടവകതിരുനാളിനൊരുക്കമായി പരിസരം ശുചിയാക്കുകയും അലങ്കാരങ്ങൾ നടത്തുകയും ചെയ്തു. തിരുനാൾ പ്രദക്ഷിണത്തിൽ 125 യുവതീയുവാക്കന്മാർ മുത്തുക്കുട എടുക്കുകയും നേർച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു. തിരുനാളിനുശേഷം പള്ളിയും പരിസരവും വൃത്തിയാക്കി.

**വെള്ളൂന്നി യൂണിറ്റ്**

ഇടവകതിരുനാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കുകയും അലങ്കാരങ്ങൾ നടത്തുകയും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം ഭക്തസാധനങ്ങളുടെ സ്റ്റാളിടുകയും ഐസ്ക്രീം വിൽപന നടത്തുകയും ചെയ്തു.

**ആടിക്കൊല്ലി യൂണിറ്റ്**

യുവജനങ്ങൾക്കായി നടത്തിയ ഏകദിന സെമിനാറിൽ 55 പേർ പങ്കെടുത്തു. ശ്രീ. സജിൻ ജോസ് ചാലിൽ സെമിനാറിന് നേതൃത്വം നൽകി. അന്നേദിവസം തന്നെ ആനന്ദ് മുതിരക്കാലായുടെ നേതൃത്വത്തിലുള്ള യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ! 'ലഹരിയ്ക്കെതിരെ' എന്ന ബോധവത്കരണ പദ്ധതിയുടെ ഉദ്ഘാടനം റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നിർവ്വഹിച്ചു. വി.കുർബാനയിൽ യുവജനങ്ങൾ കാഴ്ചസമർപ്പണം നടത്തി.

**കൽപറ്റ യൂണിറ്റ്**

കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾ തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പശ്ചിമഘട്ട സംരക്ഷണസമിതി നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. 2014 പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുകയുണ്ടായി. പുതിയ ഭാരവാഹികൾക്ക് ആശംസകൾ! ഇടവകതിരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണത്തിലും സ്നേഹവിരുന്നിലും സഹായിക്കുകയും വാർഷിക പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. വി. കുർബാന മദ്ധ്യേ കാഴ്ചവെയ്പ് നടത്തി. യുവജനങ്ങൾ ടീ–സ്റ്റാൾ നടത്തി. രോഗീസന്ദർശനം നടത്തി. ഗ്രോട്ടോ നിർമ്മാണത്തിന്റെ വിജയത്തിനായി വൈകുന്നേരങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചും നിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിച്ചും വരുന്നു.

### അരിഞ്ചേർമല യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേലിന്റെയും ആനിമേറ്റർ സി. പവിത്രയുടെയും നേതൃത്വത്തിൽ 2014 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ. മിഥുൻ വയലിൽ പ്രസിഡണ്ട് ആയുള്ള യൂണിറ്റ് ഭാരവാഹികൾക്ക് ആശംസകൾ!

### പയ്യമ്പള്ളി യൂണിറ്റ്

റവ.ഫാ. ലിബിൻ പാലയ്ക്കാത്തടത്തിന് യാത്രയയപ്പും റവ.ഫാ. സാന്റോ അമ്പലത്തറയ്ക്ക് സ്വീകരണവും നൽകി. ഇടവകയിൽ നടന്ന പുത്തൻകുർബാനയോടനുബന്ധിച്ചുള്ള പള്ളിയലങ്കാരത്തിലും ഭക്ഷണക്കമ്മിറ്റിയിലും സഹായിച്ചു. 'യുവഗാഥ 2014' എന്ന പേരിൽ പള്ളിമുറ്റത്ത് ഒരു പവലിയൻ നിർമ്മിച്ച് കെ.സി.വൈ.എം. പയ്യമ്പള്ളി യൂണിറ്റിന് ലഭിച്ച നേട്ടങ്ങൾ ഇതിൽ പ്രദർശിപ്പിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഫണ്ട് ശേഖരിക്കുന്നതിന്റെ ഭാഗമായി ആക്രിശേഖരിച്ച് വിൽപന നടത്തുകയും പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ഐസ്ക്രീം കച്ചവടം നടത്തുകയും ചെയ്തു. ഇടവകാതിരുനാൾ ദിനത്തിൽ യുവജനങ്ങൾ അവതരിപ്പിച്ച ബൈബിൾ ദൃശ്യാവതരണം വളരെ ശ്രദ്ധേയമായിരുന്നു. ഇടവകാ തിരുനാളിനോടൊനുബന്ധിച്ച് പള്ളിയും അങ്കണവും മനോഹരമായി അലങ്കരിച്ചു. യൂണിറ്റ് ഡയറക്ടർ സാന്റോ അച്ചന്റെ സാന്നിധ്യത്തിൽ ശ്രീ. നിധിൻ തന്നിട്ടമാക്കിൽ പ്രസിഡന്റായുള്ള എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തു. പുതിയ നേതൃനിരയ്ക്ക് പ്രവർത്തന പന്ഥാവിൽ വിജയാശംസകൾ!

### പടമല യൂണിറ്റ്

ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിലിന്റെയും ആനിമേറ്റർ സി. അർച്ചനയുടെയും സാന്നിധ്യത്തിൽ യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ് ശ്രീ. ജോമോൻ കളമ്പനാംതടത്തിലിനും മറ്റു ഭാരവാഹികൾക്കും വിജയാശംസകൾ! തിരുനാൾ ദിവസങ്ങളിൽ യുവജനങ്ങൾ എല്ലാക്കാര്യങ്ങളിലും സഹകരിച്ചു. ആ ദിവസങ്ങളിൽ സ്റ്റാൾ നടത്തുകയുണ്ടായി.

### ആറാട്ടുതറ യൂണിറ്റ്

ബഹു. ചാക്കോ വാഴക്കാല അച്ചന്റെയും ആനിമേറ്റർ സി. കൃപയുടെയും നേതൃത്വത്തിൽ ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. ഷെറിൻ ചാക്കോ പ്രസിഡണ്ടായുള്ള യൂണിറ്റ് നേതൃത്വത്തിന് വിജയാശംസകൾ!

**ചെന്നലോട് യൂണിറ്റ്**

റവ.ഫാ. സെബാസ്റ്റ്യൻ പാലക്കീലിന്റെയും ആനിമേറ്റർ സി.മേരി പ്രിയയുടെയും നേതൃത്വത്തിൽ ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. ശ്രീ. തോമസ് വാളായിൽ പ്രസിഡണ്ടായുള്ള യൂണിറ്റ് ഭാരവാഹികൾക്ക് വിജയാശംസകൾ! ഇടവകത്തിരുനാളിനോടനുബന്ധിച്ചുള്ള രൂപക്കൂടിന്റെ അലങ്കാരം സ്വന്തം ചെലവിൽ നടത്തുകയുണ്ടായി. രഥം അലങ്കരിക്കൽ, ഊട്ടുനേർച്ച, അമ്പതിന പ്രോഗ്രാമുകൾ എന്നിവയിൽ യുവജനങ്ങൾ ആത്മാർത്ഥമായി സഹകരിക്കുകയുണ്ടായി. ലഹരിവിരുദ്ധം, സ്ത്രീസുരക്ഷ, ബാലനീതി എന്നീ വിഷയങ്ങളെ ആസ്പദമാക്കി തെരുവുനാടകവും, 'അകലെയല്ല പ്രത്യാശയുടെ തീരം' എന്ന ടെലിഫിലിം പ്രദർശനവും തിരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുകയുണ്ടായി. കെ.സി.വൈ.എം. സ്റ്റാളും ഐസ്ക്രീം വിൽപനയും നടത്തി. എല്ലാ മാസവും കാന്റീൻ പ്രയർ മീറ്റിംഗ് നടത്തിവരുന്നു.

**കുറുമ്പാല യൂണിറ്റ്**

ബഹു. ജെയ്സൺ കുഴികണ്ടത്തിൽ അച്ചന്റെയും ആനിമേറ്റർ സി. ആൻസി ജോസിന്റെയും നേതൃത്വത്തിൽ ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. ബിന്റോജ് മാഞ്ചേരിയിൽ പ്രസിഡണ്ടായുള്ള യൂണിറ്റ് നേതൃത്വത്തിന് വിജയാശംസകൾ!

**കമ്മന യൂണിറ്റ്**

ബഹു. ബിജു മാവറ അച്ചന്റെയും ആനിമേറ്റർ സി. ഷെൽജുവിന്റെയും നേതൃത്വത്തിൽ ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. അരുൺ തുറയ്ക്കൽ പ്രസിഡണ്ടായുള്ള യൂണിറ്റ് നേതൃത്വത്തിന് വിജയാശംസകൾ!

**കാട്ടിക്കുളം യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോർജ് കിഴക്കുംപുറത്തിന്റെയും ആനിമേറ്റർ സി. കൊച്ചുറാണിയുടെയും നേതൃത്വത്തിൽ ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. ശ്രീ. സിജോ ജോൺസൺ ഇല്ലിക്കൽ പ്രസിഡന്റായുള്ള യൂണിറ്റ് ഭാരവാഹികൾക്ക് വിജയാശംസകൾ!

**പനവല്ലി യൂണിറ്റ്**

യൂണിറ്റ് ഡയറക്ടർ റവ.ഫാ. സജി നെടുംകല്ലേലിന്റെയും ആനിമേറ്റർ സി. സിൽവിയുടെയും നേതൃത്വത്തിൽ 2014 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ. സുജിത്ത് ചവരനാൽ പ്രസിഡന്റ് ആയുള്ള യൂണിറ്റ് ഭാരവാഹികൾക്ക് ആശംസകൾ!

## കുന്നലാടി യൂണിറ്റ്

കുന്നലാടി യൂണിറ്റ് ശ്രീ. മാത്യൂസ് പൂവ്വത്തുകുന്നേൽ പ്രസിഡണ്ടായുള്ള ഭാരവാഹികളെ യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് പൊൻതൊട്ടിയുടെയും ആനിമേറ്റർ സി. നോബിളിന്റെയും സാന്നിദ്ധ്യത്തിൽ തെരഞ്ഞെടുത്തു. പുതിയ യൂണിറ്റ് നേതൃത്വത്തിന് ആശംസകൾ.

## നെടുമ്പാല യൂണിറ്റ്

ഇടവകാതിരുനാളിനോടനുബന്ധിച്ച് സംഘടനാദിനത്തിൽ കാഴ്ചവെയ്പ്, വി.കുർബാനയിലെ വായനകൾ, ഗാനങ്ങൾ, അൾത്താര ശുശ്രൂഷ തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. വാർഷികത്തിന് സംഘടനാംഗങ്ങൾ കലാപരിപാടി അവതരിപ്പിച്ചു. ഫണ്ട് ശേഖരണാർത്ഥം ഐസ്ക്രീം വിൽപന, റിംഗ് ഏറ് എന്നിവ നടത്തി. മേഖലാനേതൃത്വക്യാമ്പിൽ ശാഖയിൽ നിന്ന് 9 പേർ പങ്കെടുത്തു. വിവാഹത്തിലൂടെ കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച മുൻ പ്രസിഡണ്ട് ജോർജ് കളങ്ങോത്തിനും വധുവിനും ആശംസകളറിയിച്ചു. രൂപത നേതൃസംഗമത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

## അമരക്കുനി യൂണിറ്റ്

ഇടവകാസമൂഹത്തിന്റെ സ്വപ്നമായ ദേവാലയ നിർമ്മാണത്തിന് ഫണ്ടു സ്വരൂപിക്കുന്നതിന്റെ ഭാഗമായി മറ്റു ഇടവകകളിലെ തിരുനാളുകൾക്ക് ഹൽവ, ഐസ്ക്രീ എന്നിവ വിൽപന നടത്തി. ഇടവകാതിരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരം യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുകയും യുവജനദിനത്തിൽ കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു.

## എടയൂർകുന്ന് യൂണിറ്റ്

ഡയറക്ടർ റവ.ഫാ. ബിജു പത്താഴത്തിങ്കലിന്റെയും ആനിമേറ്റർ സി. സവിതയുടെയും നേതൃത്വത്തിൽ 2014 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ. ജോഷി എട്ടുണശ്ശേരി പ്രസിഡണ്ട് ആയുള്ള യൂണിറ്റ് ഭാരവാഹികൾക്ക് ആശംസകൾ!

## കുറുമണി യൂണിറ്റ്

ബഹു. ടോമി പുത്തൻപുരയ്ക്കൽ അച്ചന്റെയും സി. മരിയയുടെയും സാന്നിധ്യത്തിൽ 2014 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു. ശ്രീ. ജോഷി മമ്പള്ളി പ്രസിഡണ്ടായുള്ള യൂണിറ്റ് ഭാരവാഹികൾക്ക് വിജയാശംസകൾ!

## മേഖലാവാർത്തകൾ

### കൽപ്പറ്റ മേഖല

മേഖലയുടെ നേതൃത്വത്തിൽ ഡി പോൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച നേതൃത്വപരിശീലന ക്യാമ്പിൽ കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സജിൻ ചാലിൽ നേതൃത്വപാടവ ത്തെക്കുറിച്ചും നല്ല കെ.സി.വൈ.എം. പ്രവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ചും ക്ലാസ്സുകളെടുക്കുകയുണ്ടായി. പൊതുസമ്മേളന ത്തിൽ മേഖലാസെക്രട്ടി ശ്രീ. ആബേൽ അന്നടിക്കൽ സ്വാഗതവും മേഖലാ പ്രസിഡണ്ട് ശ്രീ. ഷാജി അഴകനാൽ അധ്യക്ഷപദം അലങ്കരി ക്കുകയും ചെയ്തു. സമ്മേളനത്തിന്റെ ഉദ്ഘാടനം കൽപ്പറ്റ ഫൊറോന അസി.വികാരി റവ.ഫാ. മനോജ് കവലക്കാടൻ നിർവ്വഹിച്ചു. കെ.സി. വൈ.എം. രൂപതാഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. മേഖലാഡയറക്ടർ റവ.ഫാ. ജിൽസൺ കോക്കണ്ടത്തിൽ, ശ്രീ. സജിൻ ജോസ് ചാലിൽ തുടങ്ങിയവർ ആശം സകളർപ്പിച്ചു. മേഖല വൈസ് പ്രസിഡണ്ട് കുമാരി ഡെൽന യോഗ ത്തിന് നന്ദിയർപ്പിച്ചു.

**സിബിൻ പാലമൂട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ മാർച്ച് 2 മുതൽ 5 വരെ നടന്ന കോഴ്സിൽ 89 പേരും മണിമൂളി പാസ്റ്ററൽ സെന്ററിൽ മാർച്ച് 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 55 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദീകർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

## അടുത്ത മാസത്തിലെ കോഴ്സുകൾ

| | | |
|---|---|---|
| ഏപ്രിൽ 12-15 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഏപ്രിൽ 25 - 28 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 11 - 14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 30 മുതൽ ജൂൺ 2 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## കത്തോലിക്കാ മാതൃസംഘടന

11.03.2014 -ന് രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. സി. അനിലിറ്റ് എസ്.എച്ച് ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണുക്കുളം റിപ്പോർട്ട് അവതരിപ്പിച്ചു.

ലഹരിവിമുക്ത വർഷം പ്രമാണിച്ച് മാതൃസംഘടനയ്ക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. വിവിധ മേഖലകളിൽ ജോലിചെയ്യുന്ന അമ്മമാരുടെ കഴിവുകൾ സഭയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനായി ഇടവകകളിലെ ഉദ്യോഗസ്ഥരായ അമ്മമാരെ കണ്ടെത്തി അവരുടെ ഒരു സംഗമം രൂപതാ തലത്തിൽ നടത്തുവാൻ തീരുമാനിച്ചു.

## സീറോമലബാർ വനിതാഫോറം

9.3.2014 -ന് ആലുവായിൽ വച്ച് സീറോമലബാർ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പ്രൊഫഷനൽ മീറ്റ് നടന്നു. ഈ മീറ്റിൽ

മാനന്തവാടി രൂപതയിൽ നിന്നും മോളി കരിമ്പനാക്കുഴി, ഷൈനി എളപ്പുപാറ, മാർഗ്ഗരറ്റ്തോമസ് ആര്യപ്പിള്ളി, ഷീന മുണ്ടാടൻ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ എന്നിവർ പങ്കെടുത്തു. ദൈവം നൽകിയ കഴിവുകൾ സഭയ്ക്കും സമുദായത്തിനും വേണ്ടി ഉപയോഗപ്പെടുത്തുവാൻ ഈ മീറ്റ് പ്രചോദനം നൽകി.

**നടവയൽ മേഖല**

8.2.2014 –ന് കേണിച്ചിറയിൽ നടവയൽ മേഖലാ ജനറൽബോഡി ചേർന്നു. മേഖലയിലെ ഏറ്റവും നല്ല ശാഖയ്ക്ക് ഒരു ഷീൽഡ് ഏർപ്പെടുത്തുവാനും, മേഖലയിലെ അമ്മമാരുടെ വീടുകളിൽ പച്ചക്കറികൃഷി നടത്തി പ്രോത്സാഹന സമ്മാനം നൽകുവാനും തീരുമാനിച്ചു. മാർച്ച് 15–ാം തീയതി കേണിച്ചിറയിൽ മേഖലയിലെ മാതൃസംഘാംഗങ്ങൾക്കായി ഒരു അർദ്ധദിനസെമിനാർ നടത്തുവാൻ തീരുമാനിച്ചു.

**ബത്തേരി മേഖല**

22–2–2014– ന് അമ്പലവയൽ സെന്റ് മാർട്ടിൻ ഇടവകയിൽ വച്ച് നടന്ന മേഖലാ വിധവാ സംഗമം 'സഹയാത്രിക' രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു പെരിയപ്പുറം ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ. ഫാ. ജോണി കാഞ്ഞിരംപറമ്പിൽ MSFS സ്വാഗതം ആശംസിച്ചു. റവ. ഫാ. കുര്യൻ വാഴയിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ആശിഷ് ആശംസയർപ്പിച്ചു. സി.ലിസ SKD, ശ്രീമതി ജിഷ പറയിടം, ചിന്നമ്മ റാത്തപ്പിള്ളി എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. 100 അമ്മമാർ പങ്കെടുത്ത സംഗമത്തിന് മേഖല ആനിമേറ്റർ സി. മെറീന FCC , പ്രസിഡണ്ട് ശ്രീമതി ഗ്രേസി, സെക്രട്ടറി ശ്രീമതി ലിസി എന്നിവർ നേതൃത്വം നൽകി. മേഖലാ ട്രഷറർ ശ്രീമതി ഫിലോമിന നന്ദിയർപ്പിച്ചു.

**ഒലിവുമല**

ഫെബ്രുവരി 1–ാം തീയതി എക്സിക്യൂട്ടീവും 2–ാം തീയതി ശാഖാ മീറ്റിംഗും ചേർന്നു. 4,6 തീയതികളിലായി ഫണ്ടുശേഖരണാർത്ഥം കാപ്പിക്കുരു പെറുക്കി. 20–ാം തീയതി സി. ആനി ജോസഫ് എസ്.എച്ചിനു വേണ്ടി വി. ബലിയും ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. 27–ാം തീയതി മേഖലയിൽ നടന്ന വിധവാസംഗമത്തിൽ ശാഖയിൽ നിന്നും 6 പേർ പങ്കെടുത്തു പ്രാർത്ഥിച്ചു.

**പടമല**

ലോഗോസ് ബൈബിൾ ക്വിസിൽ വിജയികളായവർക്ക് ക്യാഷ് അവാർഡ് നൽകി. ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയിൽ വരാൻ സാധിക്കാത്ത വൃദ്ധമാതാപിതാക്കന്മാരെ സന്ദർശിച്ചു. മദ്യപാനി

കൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചു. ഇടവകയിൽ നടന്ന കൺവെൻഷന്റെ വിജയത്തിനായി അമ്മമാർ നോമ്പെടുത്ത് പ്രാർത്ഥിച്ചു.

**പോരൂർ**

21-2-2014 -ന് ജനറൽ ബോഡിയും, സെമിനാറും നടത്തി. സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യമിട്ട് 'ഉണർവ്' രൂപത ആനിമേറ്റർ റവ. സി. ടെസീന SABS നയിച്ചു. തുടർന്ന് പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളായി നിഷ അറയ്ക്കൽ, ഷീബ തേക്കിലക്കാട്ടിൽ, മിനി തോട്ടുചാലിൽ, ഷാന്റി ആക്കപ്പടിയ്ക്കൽ എന്നിവരെ തെരെഞ്ഞെടുത്തു.

**നരിവാലമുണ്ട**

രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങളും വനിതാ കമ്മിറ്റി അംഗങ്ങളും ചേർന്ന് മൂത്തേടം നിർമ്മല ഭവൻ സന്ദർശിക്കുകയും 2000/ രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ നൽകുകയും ചെയ്തു. ഇടവകയിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ള അമ്മമാർക്ക് സെമിനാർ നടത്തി. അൻപതോളം അമ്മമാർ പങ്കെടുത്തു.അമ്മമാർ നേരിടുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ എന്ന വിഷയത്തെക്കുറിച്ച് സി. ലിസ് മാത്യു എസ്. എച്ച്. ക്ലാസ്സെടുത്തു.

**പുതിയിടംകുന്ന്**

1.2.2014-ന് ആനിമേറ്ററുടെ നേതൃത്വത്തിൽ ബഥേൽ യൂണിറ്റംഗങ്ങൾ ഉച്ചഭക്ഷണം തയ്യാറാക്കി രോഗികൾക്ക് നൽകി. ഇതിനായി ഇടവകയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും പിടിയരി ശേഖരിച്ചു. യൂണിറ്റടിസ്ഥാനത്തിൽ പച്ചക്കറികളും സാമ്പത്തിക സഹായവും ലഭിക്കുന്നു. ബഹു. ഡയറക്ടറച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും നേതൃത്വത്തിൽ മാതൃസംഘടനാപ്രവർത്തനങ്ങളുടെ ഭാഗമായി 18.2.2014 -ന് ഇടവകയിലെ അമ്മമാർക്കുവേണ്ടി ഒരു തീർത്ഥയാത്ര സംഘടിപ്പിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ കുടുംബ പ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"ജ്ഞാനികൾ ആകാശ വിതാനത്തിന്റെ പ്രഭപോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവൻ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും (ദാനി 12:3).

മാർച്ചിലെ ആദ്യശനിയുടെ തലേദിവസം സോണൽ മീറ്റിംഗിനായി സീയോൻ ശുശ്രൂഷകർ ഒരുമിച്ചു ചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹുമാനപ്പെട്ട സോണിയച്ചൻ വി. ബലിയർപ്പിച്ച് നോമ്പുകാല ചിന്തകൾ പങ്കുവച്ചു. മറ്റുള്ളവരുടെ വ്യാധികൾ സ്വന്തമാക്കുന്നവരായി നാം മാറണമെന്ന് അച്ചൻ പറഞ്ഞു. യേശുക്രിസ്തു അന്ധന്റെയും രോഗികളുടെയും വ്യാധി ഏറ്റെടുത്ത് സൗഖ്യം നൽകി. ആദൗത്യം നാം ഏറ്റെടുക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ അധ്യക്ഷതയിൽ ടീം മീറ്റിംഗ് നടത്തി. നോമ്പുകാലത്തിൽ തപസിന്റെയും, പ്രായശ്ചിത്തത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അച്ചൻ സംസാരിച്ചു. ഉപേക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അച്ചൻ പറഞ്ഞു. ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം മീറ്റിംഗ് അവസാനിപ്പിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ**

"അങ്ങയുടെ കല്പനകളാണ് എന്നേക്കും എന്റെ ഓഹരി. അവ എന്റെ ഹൃദയത്തിന്റെ ആനന്ദമാണ്". ഹർത്താൽ ദിനമായിരുന്നു എങ്കിലും സീയോനിലേക്ക് അനേകം ദൈവമക്കൾ കടന്നുവന്നു. കുരിശിന്റെ വഴി, ജപമാല എന്നിവയോടെ ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വചനം പങ്കുവച്ചു. നോമ്പുകാലത്ത് ലോകം, ശരീരം, പിശാച് എന്നിവയെ എങ്ങനെ നിയന്ത്രിക്കണമെന്ന് അച്ചൻ ക്ലാസെടുത്തു. ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിച്ചിട്ട് യേശുവിനോടുകൂടെ ആയിരിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. തുടർന്ന് ദിവ്യബലി, അഭിഷേക ആരാധന എന്നിവ നടത്തി. 2.30 ന് ശുശ്രൂഷകൾ അവസാനിപ്പിച്ചു.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

8-3-14 ന് 10 മണിക്ക് ജപമാലയോടെ ദമ്പതീകൂട്ടായ്മ ആരംഭിച്ചു. ആരാധന, വി.ബലി എന്നിവ നടത്തി. ശ്രീ. ജെയിംസ് അമ്പലത്തറ,

ശ്രീ.ജോഷി എന്നിവർ ചേർന്ന് ആരാധന നയിച്ചു. ബഹു. സോണിയച്ചൻ വി.ബലിയർപ്പിച്ച് സന്ദേശം നൽകി. 3 ന് ശുശ്രൂഷകൾ അവസാനിച്ചു.

**പൊതുകൗൺസിലിംഗ് ദിനം**

രണ്ടാംശനിയാഴ്ച സീയോൻ കൗൺസിലേഴ്സ് പ്രാർത്ഥിച്ചൊരുങ്ങി കൗൺസിലിംഗ് നടത്തി. അനേകം ദൈവമക്കൾ കടന്നുവന്ന് അനുഗ്രഹം പ്രാപിച്ചു.

**ഇവാഞ്ചലൈസേഷൻ**

സീയോനിലെ ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ 7-3-14 ന് വിവിധ സ്ഥലങ്ങളിൽ ഇവാഞ്ചലൈസേഷൻ നടത്തി. പനമരം, മാനന്തവാടി എന്നീ സ്ഥലങ്ങളിലാണ് ശുശ്രൂഷ നടത്തിയത്.

**തൂവാനീസ കൂട്ടായ്മ**

സീയോനിലെ തൂവാനീസ കൂട്ടായ്മ 10-3-14 ന് നടത്തി. രാവിലെ 10 മണിക്ക് ആരാധന 11 മണിക്ക് കുരിശിന്റെ വഴി എന്നിവ നടത്തി. 12-ന് ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് അച്ചൻ ക്ലാസെടുത്തു. ബൈബിളിലെ സ്ത്രീകഥാപാത്രങ്ങളെ പരിചയപ്പെടുത്തി. എങ്ങനെ അനുഗ്രഹമുള്ളവരായിത്തീരാം എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ശ്രീമതി എൽസി കുളത്തിങ്കൽ, സി. ക്രിസ്റ്റി എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

**സിസ്റ്റേഴ്സ് കൂട്ടായ്മ**

സീയോനിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സ് എല്ലാവരും 13-3-14 ന് ഉച്ചകഴിഞ്ഞ് ഒരുമിച്ച് ചേർന്ന് പ്രാർത്ഥിച്ചു.

**ആന്തരികസൗഖ്യ ധ്യാനം**

"കർത്താവിന്റെ വചനം സത്യമാണ്. അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്" (സങ്കീ. 33:4). മാർച്ച് മാസം ആന്തരികസൗഖ്യ ധ്യാനത്തിൽ ധാരാളം ദൈവമക്കൾ പങ്കെടുത്ത് അനുഗ്രഹം സ്വന്തമാക്കി.

**സീയോൻ ഏപ്രിൽ മാസത്തിൽ**

| | |
|---|---|
| ഏപ്രിൽ 4 ആദ്യവെള്ളി | - സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| ഏപ്രിൽ 5 ആദ്യശനി | - ഏകദിന കൺവെൻഷൻ |
| ഏപ്രിൽ 12 രണ്ടാംശനി | - യുവജനകൂട്ടായ്മ, ദമ്പതീ കൂട്ടായ്മ, പൊതുകൗൺസിലിംഗ് ദിനം |
| ഏപ്രിൽ 6-10 | - ആന്തരികസൗഖ്യ ധ്യാനം (ദമ്പതികൾക്ക് മാത്രം) |

**ധ്യാന ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 04936-240922, 9495307089**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**

ഡയറക്ടർ സീയോൻ സി.ആർ.സി.

# ജീസസ് യൂത്ത്

**ജാഗരണ പ്രാർത്ഥന**

"നിന്റെ ദൈവമായ കർത്താവ്
വിജയം നൽകുന്ന യോദ്ധാവ്
നിന്റെ മദ്ധ്യേ ഉണ്ട് (സെഫാ. 3:18)

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ഒരുമിച്ച്കൂടി 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി. രണ്ടാം ശനിയാഴ്ച ഏക ദിനധ്യാനത്തിനായി ഒരുങ്ങി. വി. കുർബാന ആരാധന, കുരുശിന്റെ വഴി എന്നിവ നടത്തി.

**യുവജന ഏകദിന ധ്യാനം**

രണ്ടാം ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി 9.30 ന് ശുശ്രൂഷകൾ ആരംഭിച്ചു. 10 മുതൽ 11 മണിവരെ Praise & worship നടത്തി. തുടർന്ന് യേശുക്രിസ്തുവിനെ സ്വന്തമായി സ്വീകരിച്ചു കഴിയുമ്പോൾ ക്രിസ്തുവനുഭവത്തിനുമുമ്പും ക്രിസ്തു അനുഭവത്തിനു ശേഷവും എന്നിങ്ങനെ രണ്ടായി നമ്മുടെ ജീവിതം വേർതിരിയുന്നു എന്നും ക്രിസ്തുവിനെ സ്വന്തമായി സ്വീകരിച്ചപ്പോൾ ജീവിതത്തിൽ വന്ന മാറ്റങ്ങളും നേട്ടങ്ങളും ജീസസ് യൂത്തിലെ സെക്രട്ടറി ലിയാ മോൾ ക്ലാസ്സിലൂടെ പങ്കുവെച്ചു. MCBS സഭയിലെ ബഹു. റ്റിജോ അച്ചൻ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ജീസസ് യൂത്ത് ലീഡേഴ്സിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്തു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**പാരീഷ് മിനിസ്ട്രി**

16-3-2014 ന് കമ്മന ഇടവകയിൽ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് യൂത്തിലെ ലീഡേഴ്സ് അരുൺ, സിജോ, വിനീഷ്, വിനു എന്നിവരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും കുമ്പസാരവും നടത്തി.

**പരീക്ഷ ഒരുക്ക ധ്യാനം**

27-2-2014 ന് ദ്വാരക ഇടവകയിൽ വെച്ച് പരീക്ഷ ഒരുക്കധ്യാനം നടത്തി. 10 മുതൽ 11 മണിവരെ അൽഫോൻസ Praise & worship

നടത്തി. നോർബർട്ടൈൻ സഭയിലെ അംഗമായ റവ. ഫാ. സുബീഷ് കളപ്പുരയ്ക്കൽ കുട്ടികൾക്ക് ക്ലാസ്സെടുത്തു. പരീക്ഷയെ ഭയംകൂടാതെ എങ്ങനെ നേരിടാമെന്നും വിജയം വരിക്കാനുള്ള മാർഗ്ഗങ്ങളും വി. ഗ്രന്ഥ ത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കി. തുടർന്ന് ലിയാമോൾ അനുഭവ സാക്ഷ്യം പറയുകയും ജീസസ് യൂത്തിലെ ഡയറക്ടർ റവ. ഫാ. ലാൽ പൈനുങ്കൽ ദിവ്യബലി അർപ്പിക്കുകയും ആരാധന നടത്തുകയും ചെയ്തു. 300 കുട്ടികൾ ഈ ധ്യാനത്തിൽ പങ്കെടുത്തു. 4 pm ന് ശുശ്രൂ ഷകൾ അവസാനിച്ചു.

## Campus Core Team Training

മാർച്ച് 14, 15, 16 തീയതികളിൽ മലബാർ സബ് റീജിയന്റെ കീഴിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് Campus Core Team Training നടന്നു. ഇതിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ക്യാമ്പസുകളിൽ പഠിക്കുന്ന കുട്ടികൾ പങ്കെടുത്തു. ഈ Training ന് Central Team നേതൃത്വം നൽകി. ഈ പ്രോഗ്രാമിന്റെ കോർഡിനേറ്ററായ ആൽബിൻ മഞ്ഞളിക്കും ഇതിന്റെ സംഘാടകർക്കും പങ്കെടുത്തവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
ജീസസ് യൂത്ത് ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

യേശുക്രിസ്തുവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരന്മാരേ,

"ഞാനാണ് ആദിയും അന്തവും ജീവിക്കുന്നവനും, ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു".

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പ്രതീകമായ നോമ്പുകാലത്തിലൂടെ കടന്ന് നമ്മുടെ രക്ഷകനായ യേശുനാഥൻ പഠിപ്പിച്ച വിനയത്തിന്റെയും സാഹോദര്യസ്നേഹത്തിന്റെയും മാതൃകയായ പെസഹാ ആചരണത്തിന്റെയും, പീഡാസഹനങ്ങളിലൂടെ ശത്രുക്കളെപ്പോലും സ്നേഹിക്കാൻ മാതൃക കാണിച്ചുതന്ന ദിവ്യരക്ഷകന്റെ ഉയിർപ്പ് തിരുനാളിന്റെ മഹിമ പകർന്ന് നമ്മെ പുത്തൻ അനുഭവങ്ങളിലേക്ക് നയിക്കുന്ന ഈസ്റ്റർ ആഘോഷങ്ങളുടെയും ആശംസകൾ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും നേരുന്നു.

നോമ്പിന്റെ അവശേഷിക്കുന്ന ദിവസങ്ങളിൽ നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ വാക്കുകൾ "ക്രിസ്തു പാവങ്ങളുമായി ഒന്നായിരിക്കുന്നതിനാൽ ദൈവത്തിന്റെ പ്രതിനിധികളായ അവരെ സമീപിക്കാൻ പ്രാർത്ഥനയെ ആശ്രയിക്കുക" മനസ്സിൽ സമാഹരിച്ച് നമ്മുടെ ദത്തുകുടുംബങ്ങളെയും രോഗികളും അവശരുമായ വൃദ്ധജനങ്ങളെയും സന്ദർശിക്കുകയും സാധിക്കുന്ന വിധത്തിൽ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 1. സിസി വാർഷികവും ഓസ്സാനാംഭവൻ പുതിയ ബ്ലോക്ക് വെഞ്ചരിപ്പ് കർമ്മവും

സിസി വാർഷികവും ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് വെഞ്ചരിപ്പും ഉദ്ഘാടനവും 2014 ഏപ്രിൽ 28-ാം തീയതി നടത്തുന്ന വിവരം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്. മാനന്തവാടി രൂപതാദ്ധ്യ

ക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ രാവിലെ 9.30 ന് ദിവ്യബലിയോടുകൂടി ആരംഭിക്കുന്ന വാർഷികാഘോഷത്തിൽ അഭിവന്ദ്യ പിതാവിനെ കൂടാതെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നാഷണൽ പ്രസിഡണ്ട്, K.R.C.C. പ്രസിഡണ്ട് മറ്റ് സാമൂഹ്യ രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുന്നു എന്നത് ഈ വാർഷികാഘോഷത്തിന്റെ പ്രത്യേകതയാണ്.

**അറിയിപ്പുകൾ**

a) 28-4-2014 ന് നടക്കുന്ന സിസി വാർഷികവും ഓസ്സാനാംഭവൻ പുതിയ ബ്ലോക്ക് വെഞ്ചരിപ്പ് കർമ്മവും യോഗത്തിൽ ഓരോ ഏസിയിൽ നിന്നും എത്ര വ്യക്തികൾ പങ്കെടുക്കുമെന്ന് ഏസി പ്രസിഡണ്ടുമാർ ഏപ്രിൽ 15-ാം തീയതിക്കു മുമ്പായി സിസി യിൽ അറിയിക്കേണ്ടതാണ്.

b) 28-4-2014 ന് ഓസ്സാനാംഭവനിൽ വെച്ച് നടക്കുന്ന സിസി വാർഷികാഘോഷത്തിന്റെ സുഗമമായ നടത്തിപ്പിന് ഓരോ കോൺഫറൻസിൽ നിന്നും 150 രൂപ വിഹിതമായി നൽകേണ്ടതാണ്. പ്രസ്തുത തുക 2014 ഏപ്രിൽ 20 ന് മുമ്പായി സിസി ട്രഷററെ ഏൽപ്പിക്കണമെന്ന് ഏസി പ്രസിഡണ്ടുമാരെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്.

c) ഓസ്സാനാംഭവൻ പുതിയ ബ്ലോക്ക് നിർമ്മാണ ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ഒരു ഞായറാഴ്ച പിരിവ് എത്തിച്ചിട്ടില്ലാത്ത കോൺഫറൻസുകൾ അത് എത്രയും പെട്ടെന്ന് എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

ഓസ്സാനാംഭവൻ വിപുലീകരണത്തിന് ഒരു ഞായറാഴ്ച പിരിവ് എത്തിച്ചു തന്ന ഏതാനും പള്ളികൾ കൂടി താഴെ ചേർക്കുന്നു.

a) സെന്റ് മേരീസ് ഫൊറോന ചർച്ച്, മുള്ളൻകൊല്ലി - 40000/-
b) സെന്റ് ജോസഫ് കത്തീഡ്രൽ, മാനന്തവാടി - 11500/-
c) സെന്റ് സെബാസ്റ്റ്യൻ ചർച്ച്, പനംചിറ - 1200/-
d) ഫാത്തിമ മാതാ ചർച്ച്, കുന്നലാടി - 2000/-
e) സെന്റ് മേരീസ് ചർച്ച്, കടൽമാട് - 1000/-
f) സെന്റ് ഫ്രാൻസീസ് ഓഫ് അസ്സീസി ചർച്ച്, ചുള്ളിയോട് - 10000/-
g) സെന്റ് ജോസഫ് ചർച്ച്, റിപ്പൺ - 5700/-
h) സെന്റ് ജൂഡ് ചർച്ച്, കുറുമ്പാലക്കോട്ട - 2000/-

സിസി വാർഷികത്തിന് എല്ലാ കോൺഫറൻസ് അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണം. ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണ ഫണ്ട് ശേഖരണത്തിന് സംഭാവന നൽകി സഹായിച്ചവരെ

ക്ഷണിക്കുകയും വരുന്നവരുടെ എണ്ണം ഓസ്സാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ, സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ എന്നിവരിൽ ആരെങ്കിലും ഒരാളെ 2014 ഏപ്രിൽ 20 ന് മുമ്പായി അറിയിക്കണം.

**3. പുതിയ കോൺഫറൻസ്**

മാനന്തവാടി സെൻട്രൽ കൗൺസിൽ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ നേതൃത്വം നൽകിക്കൊണ്ട് ബത്തേരി മലങ്കര രൂപതയുടെ കീഴിൽ കൽപ്പറ്റയിലും ലക്കിടിയിലും പുതിയ കോൺഫറൻസുകൾ രൂപീകരിച്ചു.

**4. റിന്യൂവൽ സ്കോളർഷിപ്പ്**

റിന്യൂവൽ സ്കോളർഷിപ്പിന്റെ തുക അനുവദിച്ച് വന്നിട്ടുണ്ട്. ഏസി പ്രസിഡണ്ടുമാരെ ഏൽപ്പിച്ചിരിക്കുന്നു.

a) സെൽജോ തോമസ്, സെന്റ് ജോസഫ് കോൺഫറൻസ് കുറുമ്പാല.

b) അഞ്ജു ജോസഫ്, സെന്റ് മേരീസ് കോൺഫറൻസ് മണിമൂളി.

c) വിസ്മയ സണ്ണി, സെന്റ് ഫ്രാൻസീസ് അസ്സീസി കോൺഫറൻസ് മഞ്ഞൂറ.

d) പ്രിൻസി പീറ്റർ, സെന്റ് മേരീസ് കോൺഫറൻസ് മരക്കടവ്.

e) ജോക്കിൻസ് ജോൺസൺ, സെന്റ് മേരീസ് കോൺഫറൻസ് പുഴമുടി.

f) ജിൻസി ജോൺ സെന്റ് അൽഫോൻസ കോൺഫറൻസ് ദീപ്തിഗിരി.

g) ആതിര ഷാജി, സെന്റ് ജോസഫ് കോൺഫറൻസ് ബാലേശുഗിരി.

h) ഷാജി വർക്കി, സെന്റ് മരിയഗൊരേത്തി കോൺഫറൻസ് കല്ലോടി.

i) സാന്ദ്ര സേവ്യർ, സെന്റ് ഫ്രാൻസീസ് അസ്സീസി കോൺഫറൻസ് മഞ്ഞൂറ.

പ്രസ്തുത തുക മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് എത്രയും പെട്ടെന്ന് കൈമാറി നിശ്ചിത ഫോമിലുള്ള കംപ്ലീഷൻ റിപ്പോർട്ട് എത്രയും പെട്ടെന്ന് സിസിയിൽ എത്തിക്കേണ്ടതാണ്.

**5. ട്വിന്നിംഗ് ഗ്രാന്റ്**

ഇംഗ്ലണ്ട് ട്വിന്നിംഗ് തുക അനുവദിച്ചത് ഏസി പ്രസിഡണ്ട്മാരെ ഏൽപ്പിച്ചു. വിദേശ ട്വിന്നിംഗ് ലഭിക്കുന്ന എല്ലാ കോൺഫറൻസുകളും തങ്ങളുടെ വിദേശ കോൺഫറൻസുകൾക്ക് കത്തുകൾ എഴുതണമെന്നും അതിന്റെ ഒരു കോപ്പി സിസിയിൽ എത്തിക്കണമെന്നും വീണ്ടും ഓർമ്മിപ്പിക്കുകയാണ്.

**വിഹിതങ്ങൾ**

2012-2013 വർഷത്തിലെ സിസി വിഹിതങ്ങൾ അതുപോലെ ഓസ്സാനാം ബുള്ളറ്റിൻ വരിസംഖ്യ, രൂപതാബുള്ളറ്റിൻ വരിസംഖ്യ, റീച്ചൗട്ട് വരിസംഖ്യ മുതലായവ തന്നിട്ടില്ലാത്ത ഏസികൾ എത്രയും പെട്ടെന്ന് അടച്ച് കുടിശ്ശിക തീർക്കേണ്ടതാണ്.

2013-14 ലെ മേൽപറഞ്ഞ തുകകൾ അടയ്ക്കാൻ സമയമായി. കോൺഫറൻസുകളിൽ നിന്നും ശേഖരിച്ച് എത്രയും പെട്ടെന്ന് സിസി യിൽ എത്തിക്കേണ്ടതാണ്.

**7. ഓസ്സാനാംഭവൻ സന്ദർശനം**

**നടവയൽ ഏസി**

| | | |
|---|---|---|
| 16-4-2014 | സെന്റ് മേരീസ് | വാളവയൽ |
| 18-4-2014 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 20-4-2014 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 22-4-2014 | സെന്റ് മേരീസ് | കേണിച്ചിറ |
| 24-4-2014 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 26-4-2014 | ഇൻഫന്റ് ജീസസ് | നടവയൽ |
| 28-4-2014 | സെന്റ് മേരീസ് | നടവയൽ |
| 30-4-2014 | സെന്റ് മേരീസ് | കല്ലുവയൽ |

**ഓസ്സാനാംഭവൻ സന്ദർശനം**

| | | |
|---|---|---|
| 2-5-2014 | സെന്റ് ജൂഡ് കോൺഫറൻസ് | പനമരം |
| 4-5-2014 | സെന്റ് അൽഫോൻസ | കല്ലുവയൽ |

**പാടിച്ചിറ ഏസി**

| | | |
|---|---|---|
| 6-5-2014 | ഇൻഫന്റ് ജീസസ് | കബനിഗിരി |
| 8-5-2014 | മേരി മാതാ | ശശിമല |
| 10-5-2014 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 12-5-2014 | മേരി മാതാ | കബനിഗിരി |
| 14-5-2014 | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 16-5-2014 | ഇൻഫന്റ് ജീസസ് | ശശിമല |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടും ബാംഗങ്ങൾക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട് പ്രാർത്ഥന യോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിലുള്ള 3000 കർഷകർക്ക് അടുത്ത 5 വർഷത്തേക്കുള്ള എം റിക്കോർഡ് വിതരണം ചെയ്തു. ഫെയർട്രേഡ് സംഘടനയായ WOFFA – യിലുള്ള കർഷകരിൽ നിന്നും, കാപ്പി – 5000 Kg, ഇഞ്ചി – 6300 Kg, കുരുമുളക് – 1700 Kg, പച്ചമുളക് – 6500 Kg മഞ്ഞൾ – 250 Kg എന്നിവ സംഭരിക്കുവാൻ കഴിഞ്ഞു.

ഫെയർട്രേഡ് സർട്ടിഫിക്കേഷന്റെ ഭാഗമായി 8538 കർഷകരെയും ഉൾപ്പെടുത്തിക്കൊണ്ട് Flo cert ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീ കരണങ്ങൾ നടന്നു വരുന്നു.

ഗൂഡല്ലൂർ PALM 2 സംഘടനയിൽ നിന്നുള്ള പ്രവർത്തകർ WSSS സന്ദർശിച്ചു. 3 ദിവസങ്ങളിലായി ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി കളെക്കുറിച്ചും, ഉല്പന്നങ്ങളുടെ സംഭരണം, പ്രോസസ്സിംഗ്, കയറ്റുമതി എന്നിവയെക്കുറിച്ചും ക്ലാസുകൾ നൽകി. WSSS ജനറൽ കോ–ഓഡി നേറ്റർ ജോസ് P.A, ICS കോ–ഓഡിനേറ്റർ സുജ ജോയി എന്നിവർ നേതൃത്വം വഹിച്ചു.

## ബയോഫാക് ട്രേഡ് ഫെയർ

കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണനം സാദ്ധ്യമാക്കു ന്നതിനായി WSSS ഡയറക്ടർ ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, വൊഫ കോ–ഓഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ ജർമ്മനി യിൽ വെച്ച് 2014 ഫെബ്രുവരി 12 മുതൽ 15 വരെ നടന്ന ബയോഫാങ്ക് ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്തു.

വൊഫയുടെ നേതൃത്വത്തിൽ കർഷക സംഘടനകളിൽ നിന്നും വാരണാസി കംബോസ്റ്റ് നിർമ്മിക്കുന്നതിന് അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിച്ചു. പ്രസ്തുത പദ്ധതിക്ക് 20000/– രൂപ സബ്സിഡി നൽകുന്നതാണ്.

## നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതി പഠനയാത്ര

നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മധുര Sustainable Development Society യിലേക്ക് നടത്തിയ 3 ദിവസത്തെ പഠനയാത്രയിൽ നെല്ലേരി, പൊർളോം, അയനിവയൽ, മട്ടിലയം എന്നീ നീർത്തട വികസന സമിതികളിൽ നിന്നായി 13 അംഗങ്ങൾ പങ്കെടുത്തു.

## വിലയിരുത്തൽ യോഗം

നബാർഡ് നീർത്തട വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് സുൽത്താൻ ബത്തേരിയിൽ മിറർ സെന്റർ ഫോർ സോഷ്യൽ ചെയ്ഞ്ചിൽ നടത്തിയ വിലയിരുത്തൽ യോഗത്തിൽ WSSS ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി. എ. പങ്കെടുത്തു.

## നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

നബാർഡ് സമഗ്ര ആദിവാസി വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് തൊടുപുഴയിൽ വച്ച് സംഘടിപ്പിച്ച വിലയിരുത്തൽ യോഗത്തിൽ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി കോ - ഓർഡിനേറ്റർ റിജോ എന്നിവർ പങ്കെടുത്തു.

## സേവ് എ ഫാമിലി പ്രോഗ്രാം

2014 ഫെബ്രുവരി മാസത്തിൽ SAFP യ്ക്ക് നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ സാധിച്ചു. SAFP യുടെ മൂന്ന് റീജിയണിലെയും റീജിയണൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. 20-02-14 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി റീജിയണിന്റെയും 21-02-14 ന് ചെന്നലോട് പള്ളിയിൽ വച്ച് കല്പറ്റ റീജിയണിന്റെയും 22-02-14 ന് പട്ടാണിക്കൂപ്പ് പള്ളിയിൽ വച്ച് പുൽപ്പള്ളി റീജിയണിന്റെയും റീജിയണൽ മീറ്റിംഗുകൾ നടത്തി. മൂന്നു മീറ്റിംഗിലും ദൈനംദിന ജീവിതത്തിൽ ആയുർവ്വേദ മരുന്നുകളുടെ ഉപയോഗത്തെക്കുറിച്ച് സി. ഇന്നസെന്റ് MSMI ക്ലാസ്സ് എടുത്തു. നിത്യേന രോഗത്തിലൂടെ കടന്നു പോകുന്ന മനുഷ്യന് വളരെ തുച്ഛമായ തുകയ്ക്ക് പ്രകൃതിയിൽ നിന്നും ലഭിക്കുന്ന മരുന്നുകൾ ഉപയോഗിച്ച് എങ്ങനെ രോഗവിമുക്തി നേടാം എന്ന് ക്ലാസിലൂടെ ഓരോ കുടുംബത്തിനും മനസിലാക്കി കൊടുത്തു.

ആനിമേറ്റേഴ്സ് മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് വീടുകൾ സന്ദർശിക്കുകയും വരുമാന വർദ്ധക പരിപാടി വിലയിരുത്തുകയും ചെയ്തു. 20 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടി തുടങ്ങുന്നതിന് ആവശ്യമായ തുക വിതരണം ചെയ്തു.

28-02-14 മുതൽ 30-02-14 വരെ ഐശ്വര്യഗ്രാമിൽ വെച്ച് നടത്തിയ കോ-ഓർഡിനേറ്റേഴ്സിന്റെ ട്രയിനിംഗിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് SAFP മാനന്തവാടി രൂപത കോ-ഓർഡിനേറ്റർ അമൃത ജോയി പങ്കെടുത്തു.

## സോഷ്യൽ വെൽഫയർ സൊസൈറ്റി

കേന്ദ്ര ധന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം പിന്നോക്ക ജില്ലകളിൽ നബാർഡിന്റെ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെട്ട വനിതാ സ്വാശ്രയ സംഘടനയുടെ നേതൃത്വ നിരയ്ക്ക് വേണ്ടി ഏകദിന പരിശീലന പരിപാടി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ഫെബ്രുവരി 6, 7 തീയതികളിൽ നടത്തി. NABARD വയനാട് DDM സജികുമാർ എൻ.എസ്. പരിശീലനത്തിന് നേതൃത്വം നൽകി. 156 വനിതാ ഭാരവാഹികൾ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

## ബയോ-ഗ്യാസ് വികസന പദ്ധതി

ബത്തേരി, പഴൂർ, കാരയ്ക്കാമല, കൊമ്മയാട്, പുതിയിടംകുന്ന്, മൊതക്കര, വാളാട്, കൊട്ടാരക്കുന്ന്, പനമരം, പെരിക്കല്ലൂർ, കമ്മന തുടങ്ങിയ സ്ഥലങ്ങളിൽ 7 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി വരുന്നു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

കേന്ദ്ര കേര വികസന ബോർഡിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചങ്ങാതിക്കൂട്ടം പരിശീലനം 2 ഘട്ടങ്ങളായി പൂർത്തിയാക്കി. 44 അംഗങ്ങൾക്ക് ഈ മാസം പരിശീലനം നൽകുവാൻ കഴിഞ്ഞു. മാറിയ സാഹചര്യത്തിൽ ഏറെ തൊഴിൽ സാധ്യതകൾ കൽപ്പിക്കുന്ന ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ. 04935 240314).

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

മാനന്തവാടി രൂപതയുടെ കീഴിൽ വളരെ സജീവമായി അസംഘടിത തൊഴിലാളികൾക്കായി നിലകൊള്ളുന്ന കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. തൊഴിൽ മേഖലകളിൽ അസംഘടിത തൊഴിലാളികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അനുഭാവപൂർവ്വമായ സമീപനം കൈകൊള്ളുകയും ഇവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തെ ലക്ഷ്യം വച്ച് കർമ്മപദ്ധതികൾ വിഭാവനം ചെയ്യുകയുമാണ് കേരള ലേബർ മൂവ്മെന്റ് മാനന്തവാടി ഘടകം.

**ക്ഷേമനിധികൾ**

കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ വിവിധ ക്ഷേമനിധി പദ്ധതികളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾ അതാത് ക്ഷേമനിധി പുതുക്കേണ്ട സമയത്ത് പുതുക്കാൻ ശ്രദ്ധിക്കുമല്ലോ. അല്ലാത്തപക്ഷം ഇവരുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്. വിശദവിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**Awareness Class**

ഫെബ്രുവരി 22-ാം തീയതി കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദ്വാരക SH സ്റ്റഡി സെന്ററിൽ വച്ച് നടത്തപ്പെട്ട Awareness ക്ലാസുകളിൽ SH സഭാസമൂഹത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 33 ജീവനക്കാർ പങ്കെടുത്തു. അസംഘടിത തൊഴിലാളി സമൂഹത്തിനായി നിലകൊള്ളുന്ന കേരള ലേബർ മൂവ്മെന്റിനെക്കുറിച്ചും വിവിധങ്ങളായ ക്ഷേമ പദ്ധതികളെക്കുറിച്ചും ക്ലാസുകൾ നൽകി.

**സ്കോളർഷിപ്പ് വിതരണം**

കേരള ലേബർ മൂവ്മെന്റിന്റെ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായമായി നൽകിവരുന്ന ഈ വർഷത്തെ സ്കോളർഷിപ്പ് ഏപ്രിൽ മാസം 5-ാം തീയതി വിതരണം ചെയ്യുന്നതാണ്. സ്കോളർഷിപ്പിന് അർഹതപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**കരിയർ ഗൈഡൻസ് ക്ലാസ്സ്**

കേരള ലേബർ മൂവ്മെന്റ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഏപ്രിൽ 5-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ഒരു കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വ്യക്തിബോധത്തെക്കുറിച്ചും ഉപരി പഠന കോഴ്സുകളെക്കുറിച്ചും ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 100 രൂപ, കൂടുതൽ വിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**Tidings of Feb-March 2014**

- The Executive Committee Meeting of the NAAC (National Assessment and Accreditation Council) on 21 February 2014 Re-accredited Our College Nationally in the Top-most A Grade, valid for the next five years. With this, Mary Matha is raised to the Top Category of Colleges in the country. The Peer Team during their visit to the institution from 28-30 October 2013 had appreciated the more than 30 Post Accreditation Initiatives since 2006 in the College. The IQAC Team led by Dr P.K. Prasadan and Dr Josep K.J. has done a wonderful job in preparing the institution for the Mega Event by harnessing the contributions from all the Stakeholders of the College. The Peer Team held interfaces with the Principal, Manager, Individual Departments, Forums & Facilities, the Board of Governors in the presence of the Patron, the Parent-Alumni-Student Representatives and paid an on-the-spot visit to the *Mar George Njaralakkattu Endowment Employment Training Centre for Tribal Women on the hospitality of the Adoration Sisters at Appappara,* and finally with the IQAC (Internal Quality Assurance Cell) Team. They have also made significant observations on the challenges ahead and the daring initiatives the institution need to take care of in its stride towards the next cycle of Re-accreditation and the Silver Jubilee by 2020. The *College is presently working for the UGC's College with Potential for Excellence* (CPE) Status.
- Ms Mary Nirmala Borgia attended the National Symposium on *Emerging Trends in Eco-friendly Insect Pest Management* at the Tamil Nadu Agricultural University Centre for Plant Protection Studies, Coimbatore, 22-24 January.
- Dr Joseph K. Job participated in the Symposium on *Grammatical*

*Studies in Malayalam in Connection with C.L. Antony Birth Centenary Celebrations* organized by the Sahithya Akademi with the Dept of Malayalam, Sree Sankaracharya Sanskrit University, Kalady on 20 February. His article on the *Significance of Sanctioning Autonomous Colleges in the State* came published in the February Issue of Pachakkuthira.

- Sri Byju P. Babu, Guest Faculty in Political Science presented a Paper on The Land Acquisition & Marginalized Classes in Kerala: Exploring 'Muthanga' and 'Chengara' Struggles in the National Seminar on Human Rights: Perspectives on Marginalized Sectors in St Mary's College, Bathery,

**24-26 February.**

- The Students' Union organized a Film Workshop on Campus during 28 February - 1 March.
- Dr Sudhadevi A. R. has been sanctioned Minor Research Project for Rs.1,95,000/- on Role of Eyestalk Hormones on the Growth and Reproduction in the Freshwater Crab, Travanvoiana Schirnerae.
- Two of the PG Students from the Sir Syed College, Thaliparamba has been doing Project Work in the Supervision of Dr Rajeev Thomas of the Dept of Chemistry.

**Arts Festival:** Winners in the University Arts Fest, 2014:

- Harimurali Devadass: I Prize with A Grade in Flute.
- Neenu Santhosh: Folk Dance Single: II Prize with A Grade & Mohiniyattam: III Prize with A Grade.
- Nayanthara Rajeev: English Recitation: III Prize with A Grade.
- Nayanathara & Nimitha James: English Debate: II Prize with A Grade.
- Daff Muttu: A Grade; Thiruvathira: A Grade; Mime: A Grade; and Theruvunatakam: A Grade.
- The Dept of Higher Education, Govt of Kerala has selected Mary Matha as one of the Centres for holding the Training Program for ASAP (Additional Skill Acquisition Program) during the Summer.
- Dr E.M. Aneesh, alumnus and former faculty of Zoology in this College and at present Asst Prof. of Zoology in St Joseph's College, Irinjalakkuda has been awarded the Best Researcher Award for the Year, 2014 instituted by the Pavanatma Education Society.
- Based on the Post Accreditation Initiatives since 2006, The Principal came Runner-up in the Edulight Award for the Best Principal in Kerala 2014 instituted by the Kerala Council of Retired College Principals' Forum.

- Dr Shaju P.P. attended the Board of Studies' Meet for Curriculum Development in Journalism in the Kerala University in mid-March.
- Prof. T.N. Ravi, Principal, Govt College, Mananthavady inaugurated the Outdoor Stadium funded by both the UGC and the Management, and flagged off the Annual Athletics Event on Friday, 18 March. Dr Maria Martin Joseph coordinated.
- Dr P.K. Prasadan coordinated the National Workshop on the Applications of Statistical Methods in Bio-science Research organized by the Research Dept of Zoology during 20-22 March. The Registration from Research Scholars and Faculty is restricted to 25 Participants across the Country. The Workshop is led by Dr Ravi Ramalingam, Fellow in Bio-statistics, Dr Priyadarshan Dharmarajan, Sr Fellow & Project Coordinator, & Dr Anirudh Marathi, Research Scholar, Ashoka Trust for Research in Ecology & Environment, Bangalore, and Dr Ashok Kumar, Sr Research Officer, Centre for Wildlife Studies, Kerala Agriculture & Veterinary University, Wayanad,
- Thanks to the Managerial Skills of Rev. Fr Chandy Punakkattu assisted by Dr Maria Martin Joseph, the Coordinator of the UGC Projects, Sri Jose Cheriyan, the Office Superintendent, and the Construction Committee, and of course with the partial funding from the Management, all the UGC Projects sanctioned during the XI Plan (2007-'12) have been completed in time.
- This is the last but one of the Tidings that I send to the Diocesan Bulletin since I'm due to retire on 30 April. I do acknowledge with gratitude the logistics and moral support offered by the Management in running the institution.

**Dr. Raju George**
Principal

**കൃഷിശാസ്ത്രം**

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ പ്രക്ഷേപണം ചെയ്യുന്ന കൃഷി ശാസ്ത്രം പരമ്പരയുടെ ഉദ്ഘാടനം KSCSTE ജോയിന്റ് ഡയറക്ടർ ഡോ. അജിത് പ്രഭു നിർവ്വഹിച്ചു. ലളിതമായ ഭാഷയിലൂടെ ശാസ്ത്രാവബോധം ജനങ്ങളിൽ എത്തിക്കാനും വിവിധ ഗോത്രഭാഷ കളിൽ ആദിവാസി ജനതയ്ക്കിടയിൽ അതിന്റെ വ്യാപനത്തിനും റേഡി യോ മാറ്റൊലി നടത്തിവരുന്ന ശ്രമങ്ങൾ മാതൃകാപരവും പ്രശംസനീ യമാണെന്നും കൃഷിയിൽ ശാസ്ത്ര സാങ്കേതിക വിദ്യകളുടെ അനന്ത സാധ്യതകൾ കർഷകർക്ക് മനസ്സിലാക്കികൊടുക്കുവാനും അതിലൂടെ കാർഷിക സുസ്ഥിരതയും ഭക്ഷ്യസുരക്ഷയും കൈവരിക്കുവാനും കൃഷിശാസ്ത്രം പരമ്പര കർഷകർക്ക് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

**തത്സമയ ഫോൺ ഇൻ പരിപാടി**

കുട്ടികളുടെ ആരോഗ്യം എന്ന വിഷയവുമായി ബന്ധപ്പെട്ട തത്സമയ ഫോൺ ഇൻപരിപാടി മാർച്ച് 16-ാം തീയതി നടന്നു. പ്രസിദ്ധ ശിശുരോഗ വിദഗ്ദ്ധൻ ഡോ. പി. നാരയണൻകുട്ടി ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകി.

**പ്രോഗ്രാം വോളണ്ടിയർ**

റേഡിയോ മാറ്റൊലിയിൽ വോളണ്ടിയറായി പ്രവർത്തിക്കാൻ റിട്ട. ഉദ്യോഗസ്ഥർ, ജോലി ചെയ്യുന്നവർ, വിദ്യാർത്ഥികൾ എന്നിവർക്ക് അവസരം. താത്പര്യമുള്ളവർ റേഡിയോ മാറ്റൊലിയുമായി ബന്ധപ്പെടുക - 04935 242008

**ഫാ. ജോസ് കാവുങ്കൽ**

അസി. ഡയറക്ടർ

# അറിയിപ്പുകൾ



**1. Cosmo Pilgrimage (വിശ്വ തീർത്ഥാടനം) ഒരുക്കുന്ന വിശുദ്ധനാട്, യൂറോപ്പ്, അമേരിക്ക സന്ദർശനം**

മാനന്തവാടി രൂപതാംഗമായ ഫാ.വിൻസെന്റ് പുതുശ്ശേരി 15 വർഷത്തെ അനുഭവ സമ്പത്തുമായി 2014-ൽ ഒരുക്കുന്ന തീർത്ഥയാത്രകളിലേയ്ക്ക് ഏവർക്കും സ്വാഗതം. യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കും. മാതാവിന്റെ മംഗല വാർത്ത സ്ഥലം, തിരുപ്പിറവിയുടെ ദേവാലയം, ഗെദ്സമനി, കാൽവരി, കർത്താവിന്റെ കല്ലറ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും തീർത്ഥാടകസംഘം വിശുദ്ധ ബലിയർപ്പിക്കും. തികച്ചും പ്രാർത്ഥനാന്തരീക്ഷത്തിൽ വിശുദ്ധ വചനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തീർത്ഥാടകസംഘത്തെ നയിക്കുന്നത് ഏറെ മുൻപരിചയമുള്ള ഫാ. വിൻസെന്റ് പുതുശ്ശേരിയായിരിക്കും.

വിശുദ്ധനാടുകൾ: ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, പലസ്തീൻ - 2014 നവംബർ, ഡിസംബർ മാസങ്ങളിൽ 10 ദിവസത്തെ പുണ്യയാത്ര.

യൂറോപ്പ്: വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളായ ലൂർദ്ദ്, ഫാത്തിമ, പാരിസ് സിറ്റി, റോം, വെനീസ്, പാദുവ, അസ്സീസി, മിലാൻ, പിസ്സ ഉൾപ്പടെ പോർച്ചുഗൽ, ഫ്രാൻസ്, സ്വിറ്റ്സർലന്റ്, സ്പെയ്ൻ, ഇറ്റലി, വത്തിക്കാൻ എന്നീ 6 രാജ്യങ്ങൾ. പരിശുദ്ധ പിതാവിനെ സന്ദർശിക്കുവാൻ പ്രത്യേക അവസരം ഒരുക്കുന്നു - 2014 ഒക്ടോബർ.

U.S.A.: അത്യാകർഷകമായ അമേരിക്കൻ നാടുകളിലേക്ക് Los Angeles, Las Vagas, San Diego, Niagra, Washington, New York എന്നീ പ്രധാന സ്ഥലങ്ങൾ 14 ദിവസ സന്ദർശനം - സെപ്തംബർ/ഒക്ടോബർ 2014.

ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പുണ്യഭൂമിയുടെ ചരിത്രപശ്ചാത്തലം വിശദീകരിക്കുന്നു. തീർത്ഥാടനത്തിന്റെ വീഡിയോ ചിത്രീകരണം, തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ഓർമ്മകൾ നിലനിർത്താനും ഉപകരിക്കും. ഇംഗ്ലീഷ്, മലയാളം വിവരണത്തോടൊപ്പം The Land Jesus എന്ന പേരിൽ പ്രകാശനം ചെയ്യുന്ന വിശുദ്ധനാട് തീർത്ഥാടന D.V.D., കോസ്മോ തീർത്ഥാടനത്തിന്റെ മാത്രം പ്രത്യേകതയാണ്. വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന സംഘത്തിന്റെ തീർത്ഥാടനം ഒരു ആത്മീയയാത്രയുടെ അനുഭൂതി പകരും. ഉടനെ ബന്ധപ്പെടുക:

**ഫാ. വിൻസെന്റ് പുതുശ്ശേരി**, സെന്റ് ആന്റണീസ് ചർച്ച്
പഴൂർ, ചീരാൽ പി.ഒ., വയനാട്- 673 595, ഫോൺ: 09388431601, 04936- 262741
E-mail: vincentpudussery@gmail.com
Website: www.cosmopilgrimage.com




# *Programme*

## Pastoral Centre, Dwaraka

### April 2014

| | | |
|---|---|---|
| 04 | - | CMA Team Training |
| 04- 05 | - | Zion CRC |
| 06- 10 | - | Zion Retreat |
| 07 | - | CML Executive |
| 08 | - | CMA Executive |
| 11 - 12 | - | Cat. Diploma Paper Valuation |
| 12 - 15 | - | Marriage Preparation Course |
| 15 | - | Marian Singles |
| 25 - 28 | - | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

***APRIL 2014***

| | |
|---|---|
| *02 Wed - 04 Fri ......* | *Major Seminarians' Gathering* |
| *04 Fri ..................* | *Minor Orders* |
| *05 Sat ...................* | *Death Anniversary of Bishop Emmanuel Pothanmuzhy* |
| | *Dwaraka : Teachers' Sent off* |
| *07 Mon ...............* | *Visitors' Day* |
| *08 Tue .................* | *Engaged* |
| *09 Wed ...............* | *Pariyaram : Mother House* |
| *10 Thu ...............* | *Parliament Election* |
| *11 Fri ..................* | *Out of Station* |
| *13 Sun .................* | *Cathedral : Palm Sunday* |
| *17 Thu ..................* | *Cathedral : Maundy Thursday* |
| *18 Fri .................* | *Cathedral : Good Friday* |
| *20 Sun .................* | *Cathedral : Easter* |
| *21 Mon Morning..* | *Pazhoor: Blessing of Presbytery* |
| *Afternoon..* | *Ottaplavu : Blessing of the newly constructed church* |
| *22 Tue 24 Thu .......* | *Kollam* |
| *25 Fri ................* | *Out of Station* |
| *26 Sat ................* | *Engaged* |
| *27 Sun Morning..* | *Moolankavu: Blessing of Presbytery: First Communion & Confirmation.* |
| *Afternoon..* | *Puzhamudy: Blessing of Presbytery* |

| | | | |
|---|---|---|---|
| *28* | *Mon* | *Morning..* | *Nadavayal: Blessing of Osanam Bhavan* |
| | | *Afternoon..* | *Mary Matha College* |
| *29* | *Tue* | *Morning..* | *Nadavayal: Ordination of Dn. Jomish Thekkumkattil SAC* |
| | | *Afternoon..* | *Deepthi Bhavan : Jubilee* |
| *30* | *Wed* | *Morning..* | *Mullenkolly: Ordination of Dn. Sujesh Payyampally SDV* |
| | | *Afternoon..* | *S.H. Provincial House* |

## *MAY 2014*

| | | | |
|---|---|---|---|
| *01* | *Thu* | *..................* | *Diocesan Day* |
| *02* | *Fri* | *..................* | *Minor Seminary Interview* |
| *03* | *Sat* | *..................* | *Jude's Mount: First Communion & Confirmation* |
| *04* | *Sun* | *..................* | *Kammana: Blessing of Presbytery, First Communion & Confirmation* |
| *05* | *Mon* | *.................* | *Dwaraka: SABS Vestition* |
| *06* | *Tue* | *.................* | *Palchuram: Ordination of Dn. Jins Karakadayil MSFS* |
| *07* | *Wed* | *.................* | *Minor Seminary: Vestition of PG Brothers* |
| | | | *Vincetgiri: Vestition of SCV Novices* |
| *08* | *Thu* | *..................* | *Manvayal : Blessing of Church* |
| *09* | *Fri - 26 June* | | *Abroad* |

• • • • •